# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2021 ഡിസംബർ 16 | ദീപം 54 | നാളം 37 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org




# 1971 ചരിത്രവിജയത്തിന്റെ അമ്പതാണ്ടുകൾ




പ്രഫ. റോണി കെ. ബേബി


ലോകത്തിനുമുന്നിൽ ഇന്ത്യയുടെ ശക്തി തെളിയിച്ച ചരിത്രസംഭവമായിരുന്നു ബംഗ്ലാദേശ് വിമോചനയുദ്ധം. ഡിസംബർ മൂന്നിന് ഇന്ത്യയുടെ പതിനൊന്ന് എയർ ബേസുകളെ പാക്കിസ്ഥാൻ വ്യോമസേന ആക്രമിച്ചതോടെയായിരുന്നു യുദ്ധത്തിന്റെ തുടക്കം. 1971 ഡിസംബർ മൂന്നുമുതൽ 16 ന് ധാക്ക കീഴടങ്ങുന്നതുവരെ ഇന്ത്യ മാരകമായ പ്രഹരമാണ് പാക്കിസ്ഥാനു നൽകിയത്. പതിമ്മൂന്നു ദിവസം നീണ്ടുനിന്ന ചരിത്രത്തിലെ ഏറ്റവും ചെറിയ യുദ്ധങ്ങളിലൊന്നായാണ് 1971 ലെ യുദ്ധം അറിയപ്പെടുന്നത്. ഇന്ത്യയുടെയും അയൽ രാജ്യങ്ങളായ പാക്കിസ്ഥാന്റെയും ബംഗ്ലാദേശിന്റെയും ചരിത്രത്തിൽ നിർണായകമായ യുദ്ധമായിരുന്നു ഇത്. യുദ്ധത്തിൽ പരാജയപ്പെട്ടതോടെ പരസ്യമായി ഇന്ത്യയ്ക്കു മുന്നിൽ ദയനീയമായി കീഴടങ്ങേണ്ടിവന്ന പാക്കിസ്ഥാനു സ്വന്തം രാജ്യത്തിന്റെ പകുതിയും നഷ്ടപ്പെട്ടുവെന്നതാണ് ചരിത്രം. പാക്കിസ്ഥാൻ ജനറൽ ആമിർ അബ്ദുള്ള ഖാന്നി യാസിയുടെ നേതൃത്വത്തിൽ 93,000 പാക്കിസ്ഥാൻ ഭടന്മാർ ഇന്ത്യയുടെ ജനറൽ ജഗ്ജിത് സിങ് അറോറയുടെ മുന്നിൽ കീഴടങ്ങിയതിനെ രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ലോകം കണ്ട ഏറ്റവും വലിയ സൈനികകീഴടങ്ങലായി കണക്കാക്കപ്പെടുന്നു.

ഇന്ത്യ, പടിഞ്ഞാറൻ പാക്കിസ്ഥാൻ, കിഴക്കൻ പാക്കിസ്ഥാൻ എന്നീ മൂന്നു ഭൂപ്രദേശങ്ങളെയും രണ്ടു സ്വതന്ത്ര പരമാധികാരരാജ്യങ്ങളെയും സൃഷ്ടിച്ചതിനുശേഷമാണ് ബ്രിട്ടീഷുകാർ 1947 ൽ ഇന്ത്യാ ഉപഭൂഖണ്ഡത്തിൽനിന്നു യാത്രയായത്. ഇന്ത്യയ്ക്കു കിഴക്കും പടിഞ്ഞാറുമുള്ള രണ്ടു പാക്കിസ്ഥാനുകൾ തമ്മിൽ സാംസ്കാരികമോ ഭൂമിശാസ്ത്രപരമോ ആയ ഒരു ബന്ധവും ഉണ്ടായിരുന്നില്ല. എഴുപത്തിയഞ്ചു ദശലക്ഷം ആളുകൾ കിഴക്കൻ പാക്കിസ്ഥാനിൽ ഉണ്ടായിരുന്നെങ്കിലും അധികാരം മുഴുവൻ കേന്ദ്രീകരിച്ചിരുന്നത് അമ്പത്തിയഞ്ചു ദശലക്ഷം ജനസംഖ്യ വരുന്ന പടിഞ്ഞാറൻ പാക്കിസ്ഥാനിൽ ആയിരുന്നു. പാക്കിസ്ഥാന്റെ മൊത്തം ജനസംഖ്യയുടെ ഭൂരിപക്ഷവും താമസിച്ചിരുന്ന കിഴക്കൻ പാകിസ്ഥാനു നിരന്തരമായ മർദനവും ചൂഷണവുമാണ് പടിഞ്ഞാറൻ പാക്കിസ്ഥാനിലെ ഭരണാധികാരികളിൽനിന്നു സഹിക്കേണ്ടിവന്നത്. പാക്കിസ്ഥാന്റെ ഭരണ-സൈനിക അധികാരങ്ങൾ മുഴുവൻ കൈയാളിയിരുന്നതു പടിഞ്ഞാറൻ പാക്കിസ്ഥാനിലെ പഞ്ചാബ് പ്രവശ്യയിലുള്ള ആളുകളായിരുന്നു. പട്ടാള ജനറൽമാരായിരുന്ന അയൂബ് ഖാൻ, യാഹ്യാഖാൻ തുടങ്ങിയവരുടെ സ്വേച്ഛാധിപത്യഭരണം ബംഗ്ലാജനതയുടെ ജനാധിപത്യാവകാശങ്ങളെല്ലാം പൂർണമായുംതന്നെ തകർത്തെറിഞ്ഞിരുന്നു.

പടിഞ്ഞാറൻ പാകിസ്ഥാനിൽ ഭൂരിപക്ഷം ആളുകൾ സംസാരിച്ചിരുന്നത് പഞ്ചാബിയും കിഴക്ക് ബംഗാളിയും ആയിരുന്നു. കിഴക്കൻ പാക്കിസ്ഥാനിൽ സംസാരിച്ചിരുന്ന ബംഗാളിഭാഷയ്ക്കുപകരം രാഷ്ട്രഭാഷയായി ഉർദു അടിച്ചേല്പിക്കാനുള്ള ശ്രമംകൂടിയായപ്പോൾ ജനങ്ങളുടെ പ്രതിഷേധവും രോഷവും വർദ്ധിച്ചു. ഇത്തരം അടിച്ചമർത്തലുകൾക്കെതിരേ സ്വയംഭരണം എന്ന ആവശ്യം പതിയെ കിഴക്കൻ പാക്കിസ്ഥാൻ പ്രദേശങ്ങളിൽ ശക്തമായിത്തുടങ്ങി. ബംഗാൾ ജനതയുടെ സ്വയംഭരണസ്വാതന്ത്ര്യസ്വപ്നങ്ങൾക്കു നിറം പകർന്നത് ഷെയ്ഖ് മുജീബുർ റഹ്മാന്റെ നേതൃത്വത്തിലുള്ള അവാമിലീഗ് എന്ന പ്രസ്ഥാനമായിരുന്നു. 1970 ഡിസംബറിൽ നടന്ന തിരഞ്ഞെടുപ്പിൽ കിഴക്കൻ പാക്കിസ്ഥാന്റെ പ്രവിശ്യ അസംബ്ലിയിലെ 300 സീറ്റുകളിൽ 298 എണ്ണവും പാക്കിസ്ഥാൻ നാഷണൽ അസംബ്ലിയിലെ 313 ൽ 167 സീറ്റുകളും നേടി അവാമി ലീഗ് വമ്പിച്ച വിജയം കരസ്ഥമാക്കി. പാക്കിസ്ഥാന്റെ ദേശീയ പാർലമെന്റായ നാഷണൽ അസംബ്ലിയിലെ ഭൂരിപക്ഷമുള്ള പാർട്ടി എന്ന നിലയിൽ അവാമിലീഗ് കേന്ദ്രത്തിൽ സർക്കാരുണ്ടാക്കാനുള്ള ആവശ്യമുന്നയിച്ചു.


▶12




# വരുതിയിലാകാതെ വകഭേദങ്ങൾ വീണ്ടും




തോമസ് കുഴിഞ്ഞാലിൽ


സകല രാജ്യങ്ങളിലും പടർന്നുപിടിക്കുകയും 52 ലക്ഷത്തിലേറെപ്പേരെ കൊന്നൊടുക്കുകയും ചെയ്ത സാർസ് കൊറോണ വൈറസ് 2 ന്റെ പുതിയ വകഭേദം ഒമിക്രോൺ ബി. 1.1.529 ഭീതിയുണർത്തും വിധം വ്യാപിക്കുകയാണ്. കഴിഞ്ഞമാസം 24-ാം തീയതി ദക്ഷിണാഫ്രിക്കയിൽ കണ്ടെത്തിയ ഒമിക്രോൺ വൈറസുകൾ ഞൊടിയിടകൊണ്ട് അനേകം രാജ്യങ്ങളിലേക്ക് എത്തിപ്പെട്ടതോടെ ആഭ്യന്തര/അന്താരാഷ്ട്രവിമാനസർവീസുകൾക്കു വീണ്ടും വിലക്കേർപ്പെടുത്താൻ രാജ്യങ്ങൾ നിർബന്ധിതമായിരിക്കുന്നു. കോളറ, പ്ലേഗ്, വസൂരി, മലേറിയ, ഇൻഫ്ളുവൻസ തുടങ്ങിയവയിൽനിന്നു വ്യത്യസ്തമായി ഒരേസമയം ഒന്നിച്ച്, എല്ലാ രാജ്യങ്ങളെയും ബാധിച്ച ഒരു യഥാർത്ഥ പകർച്ചവ്യാധിയായി കൊവിഡ്-19 ചരിത്രത്തിൽ ഇടംനേടി.

പ്രമേഹവും ഹൃദ്രോഗവും കാൻസറും മറ്റു മാരകരോഗങ്ങളും ഉള്ളവരും, രണ്ടു ഡോസ് വാക്സിൻ എടുക്കാത്ത 60 വയസ്സിനുമുകളിലുള്ളവരും രോഗവ്യാപനപ്രദേശങ്ങളിലേക്കുള്ള യാത്രകൾ ഒഴിവാക്കണമെന്ന നിർദേശമാണ് ലോകാരോഗ്യ സംഘടന നല്കിയിരിക്കുന്നത്. മുന്നൊരുക്കങ്ങൾക്കും പ്രതിരോധത്തിനുമുള്ള ഒരു തയ്യാറെടുപ്പിലൂടെ ലോകാരോഗ്യസംഘടനയിലെ 194 രാജ്യങ്ങൾ ചേർന്നുള്ള ഒരു കരാർ രൂപപ്പെടുത്തുമെന്നും ലോകരോഗ്യ സംഘടനയുടെ വാർത്തക്കുറിപ്പിൽ വെളിപ്പെടുത്തി.

ബംഗളൂരുവിലെത്തിയ 66 കാരനായ സൗത്താഫ്രിക്കൻ പൗരനും മുംബൈയിലെ ഡോംബിവ്ലിയിലെത്തിയ ഒരു ചെറുപ്പക്കാരനുമാണ് നമ്മുടെ രാജ്യത്തെ ആദ്യ ഒമിക്രോൺ രോഗികൾ. മർച്ചന്റ് നേവിയിൽ ഉദ്യോഗസ്ഥനായ ഡോംബിവ്‌ലി സ്വദേശി കേപ്ടൗണിൽനിന്ന് ദുബായ്, ഡൽഹിവഴിയാണ് മുംബൈയിൽ വിമാനമിറങ്ങിയത്. ഇതിനിടെ ബംഗളൂരുവിലെത്തിയയാൾ രാജ്യം വിട്ടതായി വാർത്തയുണ്ട്. ബംഗളൂരുവിലെ സർക്കാരാശുപത്രിയിൽ സേവനം ചെയ്യുന്ന അനസ്തീസിസ്റ്റാണ് മറ്റൊരു രോഗി. ഇതുവരെ വിമാനയാത്രകളൊന്നും ചെയ്യാത്ത അനസ്തീസിസ്റ്റിനെ രോഗം ബാധിച്ചത് എങ്ങനെയെന്നു കണ്ടെത്താൻ ആരോഗ്യവിദഗ്ധർ കിണഞ്ഞുപരിശ്രമിക്കുകയാണ്.

കഴിഞ്ഞ മാസം 28-ാം തീയതി സിംബാബ്‌വേയിൽനിന്ന് ഗുജറാത്തിലെ റാംനഗറിലെത്തിയ എഴുപത്തിരണ്ടു കാരനായ ഒമിക്രോൺബാധിതൻ ഭാര്യാപിതാവിനെ സന്ദർശിക്കാനാണു വിമാനം കയറിയത്.

ഒമിക്രോൺ റിസ്ക് രാജ്യങ്ങളിൽനിന്നു തിരിച്ചെത്തിയ 75 ലേറെപ്പേർ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ കൊവിഡ് പോസിറ്റീവാണെന്നു തിരിച്ചറിഞ്ഞതും ഭീതി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇവരിൽ പലരും വിമാനത്താവളങ്ങളിൽ തെറ്റായ വിലാസം നല്കി രക്ഷപ്പെടുന്നതു വലിയപ്രതിസന്ധിയാണു സൃഷ്ടിച്ചിരിക്കുന്നത്. സൗത്താഫ്രിക്കയിൽനിന്ന് ഉത്തർപ്രദേശത്തിലെത്തിയ 13 പേർ തെറ്റായ മേൽവിലാസങ്ങളും ഫോൺ നമ്പറുകളുമാണു നല്കിയിട്ടുള്ളതെന്നു വാർത്തയുണ്ട്. വ്യാജവിലാസം നൽകി കർണാടകയിൽനിന്നു മുങ്ങിയ പത്തുപേരെക്കുറിച്ച് യാതൊരു വിവരവുമില്ല. ഇവരിലൊരാൾ കൊവിഡ് ശ്രേണീകരണ റിപ്പോർട്ടു പുറത്തുവരുംമുമ്പ് രാജ്യം വിട്ടതും ഭയമുണർത്തുന്നുണ്ട്.


▶ 5

# കരുണാർദ്രനായ ബ്രൂണോ അച്ചൻ

## ഫാ. ബ്രൂണോ കണിയാരകത്ത് സി.എം.ഐ. ഡിസംബർ 15 ന് ദൈവദാസപദവിയിലേക്ക്



ഫാ. ആന്റണി ഞള്ളംപുഴ

താപസനായിരുന്ന വിശുദ്ധ ബ്രൂണോ തന്റെ താപസ അറയുടെ മുമ്പിൽ തന്നെ ക്കാണാൻ വരുന്നവരെ ഓർമപ്പെടുത്തിക്കൊണ്ട് ഒരു കാര്യം എഴുതിവച്ചിരുന്നു. അതിപ്രകാരമാണ്: "ശരീരം പുറത്തു വച്ചിട്ട് ആത്മാവിനെ മാത്രം അകത്തു പ്രവേശിപ്പിക്കുക." ശരീരത്തിനുപരി ആത്മാവിനു വില നൽകിയ ഒരു വിശുദ്ധന്റെ വിലപ്പെട്ട വാക്കുകൾ. ലോകത്തിൽ ജഡത്തിനു വിലയിടുന്നവർക്കുള്ള ഒരു വിശുദ്ധന്റെ താക്കീത്.

ഈ വിശുദ്ധന്റെ നാമധാരിയായി സി.എം.ഐ. സഭയിൽ ജീവിച്ചു മരിച്ച ബഹു. ബ്രൂണോ കണിയാരകത്തച്ചനെ ഡിസംബർ 15-ാം തീയതി ദൈവദാസനായി പ്രഖ്യാപിക്കുന്നു. 'ആത്മാവച്ച'നെന്നു വിശ്വാസികൾ വിശേഷിപ്പിച്ചിരുന്ന ഒരു ആത്മീയമനുഷ്യനും താപസസന്ന്യാസിയുമായിരുന്നു അസാധാരണത്വങ്ങൾ ഒന്നും പ്രകടിപ്പിക്കാത്ത ദൈവത്തിന്റെ ഈ എളിയ മനുഷ്യൻ. വാഴ്ത്തപ്പെട്ട 'കുഞ്ഞച്ച'നെപ്പോലെതന്നെ ആത്മാവച്ചനും രാമപുരംകാരനായിരുന്നു. സമകാലികരും സതീർത്ഥ്യരും ചാർച്ചക്കാരും. പാലാ രൂപതയിലെ പുരാതനമായ കണിയാരകത്ത് (വടക്കുംകര) കുടുംബത്തിൽ ആഗസ്തിയുടെയും ഏലിയാമ്മയുടെയും ഒമ്പതു മക്കളിൽ നാലാമനായി പിറന്ന ദേവസ്യായാണ് പിന്നീട് ബ്രൂണോ അച്ചനും തുടർന്ന് ആത്മാവച്ചനുമായി പരിണമിച്ചത്. വി. ചാവറയച്ചനോടൊപ്പം 1855 ഡിസംബർ 8 ന് വ്രതം ചെയ്ത് സന്ന്യാസികളായ സി.എം.ഐ. സഭയിലെ ആദ്യ പതിനൊന്നു പിതാക്കന്മാരിൽ ഒരാളായ മാണി (ഇമ്മാനുവേൽ) കണിയാരകത്ത് ബ്രൂണോ അച്ചന്റെ വല്യപ്പന്റെ ജ്യേഷ്ഠനായിരുന്നു.

കൃശഗാത്രനും മിതഭാഷിയും താപസനുമായിരുന്ന ബ്രൂണോ അച്ചന് കുര്യനാട്ടിലെ അൾത്താരബാലന്മാരുടെ നിഷ്കളങ്കമായ മനസ്സിൽനിന്നു വീണ വിളിപ്പേരാണ് 'ആത്മാവച്ചൻ' എന്നത്. കുഞ്ഞുങ്ങൾക്കു വെളിപ്പെടുത്തപ്പെടുന്ന വിശേഷജ്ഞാനം. ആത്മാവച്ചനെന്ന ആത്മനിറവുള്ള പേരാണ് ഇന്നും വിശ്വാസികളുടെയും നാട്ടുകാരുടെയും നാവിൻതുമ്പിലുള്ളത്. ആ പേരായിരുന്നു അദ്ദേഹത്തിന് ഏറെ ഇണങ്ങുന്നതും സ്വഭാവത്തിനു വഴങ്ങുന്നതും. ജീവിതകാലത്തും മരണശേഷവും ദൈവസാന്നിധ്യത്തിന്റെ അടയാളമായി നിലകൊണ്ട ബ്രൂണോ അച്ചനെ അടക്കം ചെയ്ത കുര്യനാട് സെന്റ് ആൻസ് ആശ്രമസെമിത്തേരിയിൽ കുട്ടികളടക്കം നൂറു കണക്കിനു ഭക്തജനങ്ങൾ പ്രാർത്ഥനയ്ക്കായി കടന്നുവരുന്നു.

കുര്യനാട് സെന്റ് ആൻസ് ആശ്രമഡയറിക്കുറിപ്പിൽ (നാളാഗമം) അന്നത്തെ ആശ്രമപ്രിയോരായിരുന്ന ബഹു. ക്രിസ്റ്റഫർ ജെ. തയ്യിൽ സി.എം.ഐ. ബ്രൂണോ അച്ചന്റെ മൃതസംസ്കാരകർമങ്ങൾക്കുശേഷം രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്: "ബ്രൂണോ അച്ചൻ സഭയിലെ ഏറ്റവും പ്രായംകൂടിയ ആളായിരുന്നു. ജനക്കൂട്ടത്തെ ആകർഷിക്കുന്ന പ്രസംഗപാടവമോ ആളുകളെ കൈയിലെടുക്കുന്ന സംഘടനാശേഷിയോ ഒന്നും അദ്ദേഹത്തിനില്ലായിരുന്നെങ്കിലും ജാതിമതഭേദമെന്യേ അനേകർ അദ്ദേഹത്തെ ആദരിച്ചിരുന്നു. കൃശഗാത്രനും മിതഭാഷിയും അതേസമയം ജനങ്ങളുടെ ആത്മകാര്യങ്ങളിൽ അതീവതത്പരനുമായിരുന്ന അദ്ദേഹത്തെ അവർ 'ആത്മാവച്ചൻ' എന്നു വിളിച്ചിരുന്നു. ജനങ്ങളുടെ മുമ്പിൽ അദ്ദേഹം വിശുദ്ധനും അദ്ഭുതസിദ്ധിയുള്ളവനുമായി അറിയപ്പെട്ടു. (കുര്യനാട് ആശ്രമനാളാഗമം 1990-92, പേജ് 68-69).

**പാപസങ്കീർത്തനവേദിയിലെ പ്രേഷിതൻ**

ബ്രൂണോ അച്ചൻ ജീവിച്ച ആശ്രമസമൂഹങ്ങളിലെല്ലാം അജപാലന ആത്മീയശുശ്രൂഷകളിൽ അദ്ദേഹം അതീവശ്രദ്ധ ചെലുത്തി ജീവിച്ചു. വാക്ചാതുരികൊണ്ടല്ല, ജീവിതംകൊണ്ടായിരുന്നു ബ്രൂണോ അച്ചൻ സുവിശേഷം വാചാലമാക്കിയതെന്ന് അദ്ദേഹത്തെ അടുത്തറിഞ്ഞവർ സാക്ഷ്യപ്പെടുത്തുന്നു. തന്റെ സന്ന്യാസസമർപ്പണജീവിതത്തിന്റെ നല്ല പങ്കും, അനുരഞ്ജനശുശ്രൂഷയ്ക്കായി പൂർണമായി സമർപ്പിച്ചു. പാപസങ്കീർത്തനവേദിയിലെ പാപികളുടെ കൂട്ടുകാരനായി, പാപവിമോചകനായി ആത്മാവച്ചൻ തന്റെ ആത്മം സമർപ്പിച്ചു. സമീപ ഇടവകകളിലെല്ലാം പാപസങ്കീർത്തനവേദിയിൽ മടുപ്പില്ലാതെ മണിക്കൂറുകൾ ഇരുന്ന് ദൈവത്തിന്റെ കരുണ അനേകർക്കു പകർന്നുകൊടുക്കുന്നതിൽ ആനന്ദം അനുഭവിച്ച ദൈവികകരങ്ങളിലെ കരുണയുടെ എളിയ ഉപകരണമായിരുന്നു ബ്രൂണോ അച്ചൻ. വലിയ പാപികൾക്കുപോലും ചെറിയ പ്രായശ്ചിത്തം നൽകി അവർക്കുവേണ്ടി ദൈവസന്നിധിയിൽ ഏറെനേരമിരുന്നു പ്രാർത്ഥിക്കുകയും അവർക്കുവേണ്ടി സ്വയം പ്രായശ്ചിത്തങ്ങൾ അനുഷ്ഠിക്കുകയും ചെയ്തിരുന്ന കുമ്പസാരക്കൂടിന്റെ തടവുകാരനായ



പുരോഹിതൻ. ദുർബലമായ ശരീരം, നിർമലമായ മനസ്സ്, അടിമുടി ലാളിത്യം (വസ്ത്രത്തിലും പെരുമാറ്റത്തിലും), പാവങ്ങളോടുള്ള സ്നേഹം, സമൂഹത്തിൽ മാറ്റിനിർത്തപ്പെട്ടവരോടു ചേർന്നുനിൽക്കുന്ന മനസ്സ് ഇതൊക്കെയാവാം ബ്രൂണോ അച്ചനെന്ന സന്ന്യാസിയെ വ്യതിരിക്തനാക്കിയത്. സഭാനിയമങ്ങളോടും സഭാധികാരികളോടും എന്നും ആദരവും അനുസരണവും പുലർത്താൻ ബ്രൂണോ അച്ചൻ ശ്രദ്ധിച്ചിരുന്നു.

എന്തോ പറയുവാൻവേണ്ടി ആശ്രമപ്രിയോരുടെ മുമ്പിൽ മൂന്നുവട്ടം തല കുനിക്കുന്ന ബ്രൂണോ അച്ചന്റെ ചിത്രം ബഹു. ജെയിംസ് കണിയാരകത്ത് സി.എസ്.റ്റി. അമനകര ആശ്രമത്തിൽവച്ചു കണ്ടത് ഓർമച്ചെപ്പിൽ ഇന്നും സൂക്ഷിക്കുന്നു. എന്തിനും ഏതിനും ആരോടും 'വലിയ ഉപകാരം' എന്നു ബ്രൂണോ അച്ചൻ പറഞ്ഞിരുന്നതായും അദ്ദഹം ഓർമിക്കുന്നു.

വാഴ്ത്തപ്പെട്ട കുഞ്ഞച്ചനെപ്പോലെതന്നെ സഭയിൽ ശ്രേഷ്ഠസ്ഥാനമൊന്നും ഒരു കാലത്തും വഹിച്ചിട്ടില്ലാത്ത, അവ ആഗ്രഹിച്ചിട്ടുപോലുമില്ലാത്ത അപൂർവതയായിരുന്നു ബ്രൂണോ അച്ചൻ. തന്റെ വ്രതാർപ്പണത്തിന്റെ പ്ലാറ്റിനംജൂബിലിനിറവിൽ ബ്രൂണോ അച്ചൻ പങ്കുവച്ച ചില കാര്യങ്ങൾ ആ ജീവിതത്തിന്റെ നേർച്ചിത്രവും നേർവാക്കും സുതാര്യതയും വെളിപ്പെടുത്തുന്നതാണ്. ബ്രൂണോ അച്ചന്റെ വാക്കുകളിൽ അത് ഇപ്രകാരമാണ്:

'ചെറുപ്പത്തിലേ ഒരു സന്ന്യാസിയാകണമെന്ന മോഹമുണ്ടായിരുന്നു. രാമപുരത്ത് പ്രൈമറി സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് ഞാൻ മാന്നാനത്തു വന്നു. ഫസ്റ്റ് ഫോമിലും സെക്കൻഡ് ഫോമിലും മാന്നാനം ബോർഡിങ്ങിൽ നിന്നാണു പഠിച്ചത്. സി.എം.ഐ. സഭയുടെ ആരംഭംമുതലേ എന്റെ കുടുംബം സഭയുമായി ബന്ധപ്പെട്ടതാണ്. ചാവറയച്ചനോടൊത്തു വ്രതമനുഷ്ഠിച്ച 11 പിതാക്കന്മാരിൽ ഒരാൾ കണിയാരകത്ത് മാണിയച്ചനായിരുന്നു. എന്റെ വല്യപ്പന്റെ ജ്യേഷ്ഠൻ. എന്റെ ഒരു പേരപ്പൻ (അപ്പന്റെ ജ്യേഷ്ഠൻ) ഇടവകപ്പട്ടക്കാരനുമായിരുന്നു, കണിയാരകത്തു ചാക്കോച്ചൻ. അദ്ദേഹത്തിന്റെ പ്രേരണയും പ്രോത്സാഹനവുമുണ്ടായി. പഠിക്കാൻ ബുദ്ധിമുട്ടുള്ള കൂട്ടത്തിലായിരുന്നു ഞാൻ. എങ്കിലും കഴിവിനൊത്തു ബുദ്ധിമുട്ടി പഠിച്ചിരുന്നു. അതുകൊണ്ട്, പഠിപ്പിച്ചവർക്കൊക്കെ തൃപ്തിയായിരുന്നു. മാന്നാനത്തെ പഠനം കഴിഞ്ഞ് അമ്പഴക്കാട്ടിനു പോയി, നവസന്ന്യാസത്തിന്. നവസന്ന്യാസം കഴിഞ്ഞ് ചെത്തിപ്പുഴയ്ക്കു പോയി. അന്ന് അവിടെയാണു ദൈവശാസ്ത്രപഠനം. 1928 മേയ് 20 ന് അഭിവന്ദ്യ തോമസ് കുര്യാളശേരി തിരുമേനിയാണ് ഞങ്ങൾക്കു പട്ടംതന്നത്. എന്റെ പുത്തൻ കുർബാന മുത്തോലി ആശ്രമദൈവാലയത്തിലായിരുന്നു. പട്ടമേറ്റശേഷം കുറെയേറെ സ്ഥലങ്ങളിൽ മാറി മാറി ജോലി ചെയ്തിട്ടുണ്ട്. കുര്യനാട്, പല തവണയായി 25 വർഷത്തിലധികം അവിടെയായിരുന്നു. അമനകരയിലും കുറെ വർഷങ്ങൾ കഴിച്ചിട്ടുണ്ട്.

പലയിടത്തും പ്രൊക്യുറേറ്റർ ജോലിയായിരുന്നു. പുതുക്രൈസ്തവരുടെ കാര്യാന്വേഷണവുമുണ്ടായിരുന്നു, പുതുപ്പള്ളി പോലുള്ള സ്ഥലങ്ങളിൽ. പിന്നെ ജോലി എന്നു പറയത്തില്ലെങ്കിലും വൈദികശുശ്രൂഷയ്ക്കായിരുന്നു ധാരാളം സമയം ചെലവഴിച്ചത്. കുമ്പസാരം, കുർബാന, രോഗികൾക്കും പ്രായം ചെന്നവർക്കും വിശുദ്ധകൂദാശകൾ പരികർമം ചെയ്യുക തുടങ്ങിയവ. അന്ന് ഇത് വളരെ ഭാരമുള്ള ജോലിയായിരുന്നു. ഒന്നാമത് എനിക്ക് അതിനൊരു ടേസ്റ്റില്ല... ജോലിയെക്കുറിച്ചുപറഞ്ഞാൽ, എനിക്കു വലിയ കഴിവില്ല, സാധുവാണ് എന്നൊക്കെ പലരും പറയാറുണ്ട്. അതു ശരിയുമാണ്. ഇന്നു പഠിത്തമുള്ളവരും സാമർത്ഥ്യമുള്ളവരും ധാരാളമുണ്ട്. അന്ന് ആൾക്കാർ കുറവായിരുന്നു. ചാഴി വിലക്കുന്നതിലും മറ്റും പ്രത്യേകം സിദ്ധികളുണ്ടെന്നു നാട്ടുകാർ പറയുന്നു. അത് എന്റെ പ്രത്യേക കഴിവോ ഒന്നുമല്ല, വരുന്നവരുടെ വിശ്വാസം. ചാഴി വിലക്കാനും പിശാചുബാധയൊഴിപ്പിക്കാനും പ്രത്യേകം ഫോർമുലയുണ്ട്. അതനുസരിച്ചു നടത്തണം. ഫലിക്കുമെന്നാണ് അനുഭവം.

ജീവിതത്തിലെ ഏറ്റവും സന്തോഷകരമായ അവസരം, സന്ന്യാസവസ്ത്രം സ്വീകരിച്ച ദിവസവും കുർബാനപ്പട്ടമേറ്റു പുത്തൻകുർബാന ചൊല്ലിയ അവസരവുമായിരുന്നു. ഞാൻ 97 ലേക്കു കയറി. വാതത്തിന്റെ ബുദ്ധിമുട്ടുണ്ട്. സന്ധിബന്ധങ്ങളിൽ വേദനയുണ്ട്. കാഴ്ചയ്ക്കും കേൾവിക്കും കുറവുണ്ട്. പൊതുവേ ശക്തിക്കുറവുണ്ട്. എന്നാലും, കുർബാന ചൊല്ലുന്നുണ്ട്. പഴയ മലയാളം കുർബാന കാണാതെ അറിയാം. അതാണു ചൊല്ലുന്നത്. ജൂബിലിസന്ദേശമായി പറയാനുള്ളത് ഇതാണ്: 'കഴിവനുസരിച്ചു നന്മ ചെയ്യണം. എനിക്ക് അങ്ങനെയൊരു നിശ്ചയമുണ്ട്. കുമ്പസാരിക്കാൻ ആളുകൾ നില്ക്കുന്നു. അവരെ അങ്ങനെ നിറുത്തി താമസിപ്പിക്കരുത്. രോഗികളെ കുമ്പസാരിപ്പിച്ച് കുർബാനയും രോഗീലേപനവും കൊടുക്കാൻ പോകണം. നമ്മളത് ഉടനെ നടത്തിക്കൊടുക്കണം. അതിനുണ്ടാകുന്ന ക്ലേശങ്ങൾ സഹിക്കണം.'

1991 ഡിസംബർ 15 ന് പാലാ മരിയൻ മെഡിക്കൽ സെന്ററിൽ വച്ചാണ് ബ്രൂണോ അച്ചൻ നിര്യാതനായത്. അഭിവന്ദ്യ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവ് അന്ത്യശുശ്രൂഷകൾ നടത്തി. ഏതാണ്ട് 2000 ത്തോളം ജനങ്ങളും നൂറിൽപ്പരം കന്യാസ്ത്രീകളും ഏതാണ്ട് 150 അച്ചന്മാരും ചടങ്ങിൽ സംബന്ധിച്ചു. ചരമപ്രസംഗം നടത്തിയ അന്നത്തെ പ്രൊവിൻഷ്യാൾ ബഹു. ജയിംസ് നരിതൂക്കിലച്ചൻ ബ്രൂണോ അച്ചന്റെ ജീവിതവൈശിഷ്ട്യം ഹൃദയസ്പർശിയായവിധം അവതരിപ്പിച്ചു. പുണ്യശ്ലോകനായ രാമപുരം കുഞ്ഞച്ചന്റെ സഹപാഠിയായിരുന്ന ബ്രൂണോ അച്ചൻ കുഞ്ഞച്ചനെപ്പോലെ അവശത അനുഭവിക്കുന്നവരുടെ അത്താണിയായിരുന്നെന്നും ആരും പിണങ്ങാത്ത, ആരെയും പിണക്കാത്ത ഒരു സ്നേഹസമ്പന്നനായിരുന്നെന്നും പ്രത്യേകം എടുത്തുപറയുകയുണ്ടായി. ■

### ജീവിതരേഖ

**സന്ന്യസ്തനാമം:** ഫാ. ബ്രൂണോ
**മാമ്മോദീസാപ്പേര്:** ദേവസ്യാ
**നാമവിശേഷണം:** ആത്മാവച്ചൻ
**ഇടവക:** രാമപുരം
**രൂപത :** പാലാ
**ജനനം:** 20-11-1894
**മാതാപിതാക്കൾ:** ആഗസ്തിയും ഏലിയാമ്മയും
**വിദ്യാഭ്യാസം:** രാമപുരം, മാന്നാനം
**സന്ന്യാസവ്രതവാഗ്ദാനം:** 14-11-1915
**തിരുപ്പട്ടം:** 20-5-1923
**വൈദികപട്ടം നൽകിയത്:** ചങ്ങനാശേരി മെത്രാനായിരുന്ന ധന്യൻ മാർ തോമസ് കുര്യാളശേരിൽ
**ആത്മീയശുശ്രൂഷ ചെയ്ത ആശ്രമങ്ങളും സ്ഥലങ്ങളും:** തേവര, വാഴക്കുളം, തലോർ, എൽത്തുരുത്ത്, പാലാ, പൂഞ്ഞാർ, ബംഗളൂരു, കോട്ടയം (ദീപിക).

# നീൽമണി ഫുക്കനും ദാമോദർ മോസോയ്ക്കും ജ്ഞാനപീഠം



**സിൽജി ജെ. ടോം**

**അ**സമീസ് കവി നീൽമണി ഫുക്കനും ഗോവൻ നോവലിസ്റ്റ് ദാമോദർ മോസോയും ജ്ഞാനപീഠപുരസ്കാരനിറവിൽ. ഫുക്കൻ കഴിഞ്ഞ കൊല്ലത്തെയും (2020) മോസോ ഇക്കൊല്ലത്തെയും (2021) പുരസ്കാരങ്ങളാലാണ് സമ്മാനിതരായിരിക്കുന്നത്.

അസം സാഹിത്യത്തിലെ സിംബോളിക് കവി എന്നു വിളിപ്പേരുള്ള നീൽമണി ഫുക്കന്റെ കവിതയുടെ ക്യാൻവാസ് വിശാലമാണ്. ഇതിഹാസങ്ങളിലും കെട്ടുകഥകളിലുംപോലും ഇതൾ വിടർത്തപ്പെടുന്നു അദ്ദേഹത്തിന്റെ ഭാവന. ഫുക്കനിലെ കവിക്ക് എന്നും വേറിട്ട ശബ്ദമാണ്. രാഷ്ട്രീയംമുതൽ കോസ്മിക് ചിന്തകൾവരെയും സമകാലികംമുതൽ പ്രാകൃത കാലംവരെയും അദ്ദേഹത്തിന്റെ കവിതകൾക്കു വിഷയമാകുന്നു. തീയും വെള്ളവും, ഗ്രഹങ്ങളും നക്ഷത്രങ്ങളും, കാടുകളും മരുഭൂമിയും, മനുഷ്യനും പാറയും, സമയവും സ്പേസും, യുദ്ധവും സമാധാനവും, ജീവനും മരണവുമൊക്കെ ആ തൂലികത്തുമ്പിൽ വാചാലമായി കടന്നെത്തുന്നു. ഒരു സന്ന്യാസിയുടെ ചിന്താനിർഭരമായ നിസ്സംഗതയ്ക്കപ്പുറം നൊമ്പരങ്ങളും നഷ്ടബോധത്തിന്റെ ആഴങ്ങളും മരണത്തിന്റെ അർത്ഥവും ജീവിതത്തിന്റെ നിരർത്ഥകതയുമൊക്കെ നമുക്കീ കവിതകളിൽ വായിച്ചെടുക്കാം.

അസമിന്റെ നാട്ടുവഴികളും ഗോത്രപുരാണങ്ങളുടെയും നാടോടിക്കഥകളുടെയും സമ്പന്നമായ പൈതൃകവും ഗ്രാമീണജീവിതത്തിന്റെ താളങ്ങളുമൊക്കെ തന്നിലെ കവിയെ രൂപപ്പെടുത്തിയതായി അദ്ദേഹം പറയുന്നു. കവിതയെന്നത് മനുഷ്യനെ തന്റെ ആത്മാവിനെ കണ്ടെത്താൻ സഹായിക്കുന്നതാണെന്ന് അദ്ദേഹം വിലയിരുത്തുന്നു. കവിതയെ മനുഷ്യന്റെ ആത്യന്തികഭാഷയായും അദ്ദേഹം കാണുന്നു. ഇരുപതുകളിലെത്തുംമുമ്പേ നീൽമണി ഫുക്കൻ കവിതയെഴുതാൻ തുടങ്ങി. അസമീസ് കവിതകളിലെ ആധുനികതയുടെ തുടക്കക്കാരിൽ ഒരാളായി അദ്ദേഹത്തെ ലോകം ശ്രദ്ധിക്കുന്നു. ലോകത്ത് എഴുതപ്പെടുന്ന മില്യൻ കണക്കിനു കവിതകളുടെ ലോകത്തേക്ക് ഏതാനും കവിതകൾ ഞാനും ചേർത്തുവെക്കുന്നുവെന്നാണ് അദ്ദേഹം പറയുന്നത്.

ആധുനികമനുഷ്യൻ ഇന്ന് ആത്മാവു തേടിയുള്ള യാത്രയിലാണ്, കവിതയിലൂടെ ആ ആത്മാവിനെ കണ്ടെത്താമെന്ന് ഞാൻ വിശ്വസിക്കുന്നുവെന്ന് കവി പറയുന്നു. ഫ്രഞ്ച് പ്രതീകാത്മകതയാണ് ഫുക്കന്റെ കവിതകൾക്കു പ്രചോദനം.

1933 ൽ ഡെർഗാവിൽ ജനിച്ച അദ്ദേഹം അമ്പതുകളുടെ തുടക്കത്തിൽ കവിതയെഴുതാൻ തുടങ്ങി. പതിമൂന്ന് കവിതാസമാഹാരങ്ങൾ പ്രസിദ്ധീകരിച്ചു. 1981 ലെ കവിതയ്ക്കുള്ള സാഹിത്യ അക്കാദമി അവാർഡും 1990 ലെ പത്മശ്രീയും ഉൾപ്പെടെ പത്തു പ്രാദേശിക, ദേശീയ അവാർഡുകൾ നേടി.

1957 ൽ ഗോഹട്ടി സർവകലാശാലയിൽനിന്ന് ചരിത്രത്തിൽ ബിരുദാനന്തരബിരുദം നേടി. 1964 ൽ ആര്യവിദ്യാപീഠ കോളജിൽ അധ്യാപകനായിച്ചേർന്ന് 1992-ൽ വിരമിച്ചു. നിരവധി ജാപ്പനീസ്, യൂറോപ്യൻ കവിതകൾ അസമീസിലേക്കു വിവർത്തനം ചെയ്തിട്ടുണ്ട്. ഫുക്കന്റെ പ്രശസ്ത കവിതാസമാഹാരമായ കൊബിതാ (കവിത) നിരവധി ഭാഷകളിലേക്കു തർജമ ചെയ്തിട്ടുണ്ട്.

**ദാമോദർ മോസോ**

കൊങ്കിണിഭാഷയിൽ നോവലുകളും ചെറുകഥകളും തിരക്കഥകളും ബാലസാഹിത്യവും എഴുതുന്ന, സാമൂഹികപ്രവർത്തകനായ ദാമോദർ മോസോ ഇംഗ്ലീഷ് സാഹിത്യത്തിലും വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. ഗോവയുടെ സംസ്ഥാനപദവിക്കായും കൊങ്കിണിയുടെ ഔദ്യോഗികഭാഷാപദവിക്കായും മോസോ പോരാടി.

ഹിന്ദുത്വയ്ക്കെതിരേ ഗോവയിൽനിന്നുള്ള സജീവ ശബ്ദമാണ് ഈ എഴുത്തുകാരൻ. സാംസ്കാരിപ്രതിഭകളായ ഗൗരി ലങ്കേഷ്, നരേന്ദ്ര ദഭോൽക്കർ, എം.എം. കൽബുർഗി, ഗോവിന്ദ് പാൻസാരെ എന്നിവരുടെ കൊലപാതകത്തിൽ ആരോപണവിധേയരായ 'സനാതൻ സൻസ്ഥ' ഗോവയെ മുഴുവൻ ബാധിച്ച കാൻസറാണെന്ന് ഇദ്ദേഹം പറയുന്നു. 2015 ൽ പ്രൊഫ. കൽബുർഗി കൊല്ലപ്പെട്ടതിനെത്തുടർന്ന് മോസോ പ്രതിഷേധങ്ങൾക്കു നേതൃത്വം നൽകി. ഗൗരി ലങ്കേഷിന്റെ കൊലയാളികൾ മോസോയെയും കൊല്ലാൻ ഗൂഢാലോചന നടത്തിയെന്ന വെളിപ്പെടുത്തലിൽ ഇദ്ദേഹത്തിനു പോലീസ് സംരക്ഷണം നൽകി. എന്നാൽ, ബുള്ളറ്റുകൾക്കു ചിന്തയെ ഇല്ലാതാക്കാൻ സാധിക്കില്ലെന്നായിരുന്നു വധഭീഷണിക്കെതിരേ മോസോയുടെ പ്രതികരണം.

കാർമേലിൻ, തെരേസാസ് മാൻ ആൻഡ് അദർ സ്റ്റോറീസ് ഫ്രം ഗോവ തുടങ്ങിയവയാണ് പ്രധാന കൃതികൾ. "ഏകാന്തതയുടെ നൂറുവർഷങ്ങ'ളുടെ രചയിതാവായ ഗബ്രിയേൽ ഗാർസിയ മാർക്വേസും മറ്റുള്ളവരും തന്റെ സർഗാത്മകതയെ ആഴത്തിൽ സ്വാധീനിച്ചിട്ടുണ്ടെന്നു സമ്മതിക്കുന്നുണ്ടെങ്കിലും, ഒരു എഴുത്തുകാരനെയും അനുകരിക്കരുതെന്ന് മോസോ പറയുന്നു. നല്ലതും നിസ്സംഗവുമായ സാഹിത്യത്തെ വേർതിരിച്ചറിയാനുള്ള കഴിവാണ് ഈ എഴുത്തുകാർ തനിക്കു സമ്മാനിച്ചതെന്ന് മോസോ പറയുന്നു.



*നീൽമണി ഫുക്കൻ*



*ദാമോദർ മോസോ*

'ഞാൻ എഴുതാൻ ആഗ്രഹിച്ചിട്ടല്ല കഥകൾ എഴുതുന്നത്; മറിച്ച്, അവ എഴുതാൻ കഥകൾ എന്നെ തിരഞ്ഞെടുത്തതുകൊണ്ടാണെന്ന് മോസോ പറയുന്നു. മോസോയുടെ കഥാപാത്രങ്ങളിൽ ഭൂരിഭാഗവും ഗോവൻ കത്തോലിക്കരാണെന്നതു ശ്രദ്ധേയമാണ്. താൻ വളർന്നുവന്നത് അത്തരമൊരു സാഹചര്യത്തിലാണെന്നും ചുറ്റുപാടുകൾ എഴുത്തുകാരനെ സ്വാധീനിക്കുമെന്നും മോസോ പറയുന്നു. ഗോവൻ കത്തോലിക്കാ ആചാരങ്ങൾ ഇഴചേർന്നു കിടക്കുന്ന മജോർദയിലാണ് അദ്ദേഹം വളർന്നത്. കത്തോലിക്കർ ഉറ്റസുഹൃത്തുക്കളായതിനാൽ, സമുദായങ്ങളെ വിവേചനമില്ലാതെ കാണാൻ താൻ പഠിച്ചുവെന്ന് അദ്ദേഹം മനസ് തുറക്കുന്നു.

"തെരേസാസ് മാനി'ൽനിന്നു വ്യത്യസ്തമാണ്, 'ഫ്രം ദ മൗത്ത്സ് ഓഫ് ബേബ്സി'ലെ ടോൺ' എന്ന് അദ്ദേഹം വിശദീകരിക്കുന്നു. 'ദ ലാൻഡ് ഓഫ് ഹ്യൂമൻ ബീങ്സി'ൽ ഗോവയുടെ ഭൂമിശാസ്ത്രപരമായ അതിരുകൾക്കപ്പുറത്തേക്കു ഞാൻ പോയി, അവിടെ നിങ്ങൾക്ക് കന്നഡിഗ കുടിയേറ്റക്കാരുടെ ശബ്ദം കേൾക്കാം." തന്റെ കഥകളുടെ വേറിട്ട ടോണുകളെക്കുറിച്ച് അദ്ദേഹം പറയുന്നു.

"എഴുത്തുകാരന്റെ സ്വാതന്ത്ര്യത്തിനുമേൽ ഫാസിസത്തിന്റെ കൈയേറ്റം നടക്കുമ്പോൾ ഭയപ്പെടാതിരിക്കാനാണ് എഴുത്തുകാരൻ ശ്രമിക്കേണ്ടത്. എഴുത്തുകാരൻ ഒരേസമയം യോദ്ധാവുകൂടിയാണ്. സമൂഹത്തെ നേർവഴിക്കു നടത്തുകയെന്ന ചുമതലകൂടി നിർവഹിക്കാൻ ബാധ്യസ്ഥനാണ്" മോസോ പറയുന്നു.

1944 ഓഗസ്റ്റ് 1 ന് മജോർദയിലാണ് അദ്ദേഹം ജനിച്ചത്. മറാത്തി, പോർച്ചുഗീസ് ഭാഷകളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി, മുംബൈ സർവകലാശാലയിൽനിന്നു ബി.കോം ബിരുദമെടുത്ത. മുംബൈ ജീവിതത്തിനിടെയാണ് കൊങ്കിണി ഭാഷയിൽ കഥകളെഴുതിത്തുടങ്ങുന്നത്. മൂന്ന് നോവൽ, അഞ്ച് കഥാസമാഹാരം, മൂന്നു ബാലസാഹിത്യം തുടങ്ങി നിരവധി കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

''വായനശീലം വളർത്തിയെടുക്കുക, നിങ്ങൾ സ്വയം പ്രകടിപ്പിക്കുന്ന ഭാഷയിൽ പ്രാവീണ്യം നേടുക... എഴുതുക...'' മോസോ എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുന്നു.

കൊങ്കിണിഭാഷയെയും സമൂഹത്തെയും സംബന്ധിച്ച് ജ്ഞാനപീഠപുരസ്കാരം ഏറെ അഭിമാനകരമായ മുഹൂർത്തങ്ങളാണ് സമ്മാനിക്കുന്നത്. സാഹിത്യം ഒരിക്കലും പാഴായിപ്പോകില്ലെന്നു പുതുതലമുറയിലെ കൊങ്കിണി എഴുത്തുകാർ മനസ്സിലാക്കണമെന്നും അദ്ദേഹം പറയുന്നു.

മോസോയുടെ ചെറുകഥകൾക്ക് കൊങ്കിണി വായനക്കാരിൽ നല്ല സ്വീകാര്യതയാണുള്ളത്. നിരവധി ദേശീയ മാസികകളിലും ആന്തോളജികളിലും അദ്ദേഹത്തിന്റെ കഥകളും കോളങ്ങളും പ്രസിദ്ധീകരിക്കുന്നു.

മോസോയുടെ കൃതികൾ പല ഇന്ത്യൻ ഭാഷകളിലേക്കും വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. 2010 ൽ ആരംഭിച്ച ഗോവ ആർട്സ് ആൻഡ് ലിറ്ററേച്ചർ ഫെസ്റ്റിവലിന്റെ കോ-ക്യൂറേറ്ററും സഹസ്ഥാപകനുമാണ് മോസോ. ഗോവ ഫിലിം ഫെസ്റ്റിവലിൽ മികച്ച തിരക്കഥയ്ക്കുള്ള പുരസ്കാരം നേടിയ 2004 ൽ പുറത്തിറങ്ങിയ അലീഷ തുടങ്ങിയ സിനിമകളുടെ തിരക്കഥാകൃത്ത് എന്ന നിലയിലും ശ്രദ്ധേയനാണ്.

ജ്ഞാനപീഠം ലഭിക്കുമെന്ന് ഒരിക്കലും കരുതിയിരുന്നില്ലെന്ന് മോസോ പറയുന്നു. കൊങ്കണി എഴുത്തുകാർ മറ്റു ഭാഷകൾ പഠിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും അതിലൂടെ അവർക്ക് സ്വന്തം കൃതികൾ വിവർത്തനം ചെയ്യാമെന്നും അദ്ദേഹം പറയുന്നു. മോസോയുടെ കാർമോലിൻ എന്ന നോവലിന് സാഹിത്യ അക്കാദമി അവാർഡും സുനാമി സൈമൺ എന്ന നോവലിന് കൊങ്കിണി സാഹിത്യ പുരസ്കാരവും ലഭിച്ചിട്ടുണ്ട്.

# ബലികഴിക്കപ്പെടുന്ന യൗവനങ്ങൾ





ശ്രീദേവി പി.

*“യുവജനതയോടു ഞാൻ അപേക്ഷിക്കുകയാണ്; ജാതി-മത-രാഷ്ട്രീയവിവേചനങ്ങൾക്കതീതമായി നിങ്ങൾ സംസാരിക്കുക.”*

*-നെൽസൺ മണ്ടേല*

നാം പുതുവർഷത്തിലേക്ക് അടുത്തുകൊണ്ടിരിക്കുകയാണ്. സമസ്തമേഖലകളിലും നമ്മുടെ രാജ്യം നേട്ടം കൈവരിക്കുന്നുണ്ട്. കൊറോണപോലുള്ള മഹാദുരന്തത്തെ നേരിടാനും നമ്മൾ പഠിച്ചുകഴിഞ്ഞു. സ്കൂളുകളിൽ പോകാതെ പഠിക്കാനും ആരാധനാലയങ്ങളിൽ പോകാതെ പ്രാർത്ഥിക്കാനും നമുക്കു കഴിഞ്ഞു. ആചാരാനുഷ്ഠാനങ്ങളെക്കാൾ പ്രാധാന്യം ആരോഗ്യത്തിനു കൊടുക്കാനും നമ്മൾ ശീലിച്ചു. ഒരു കാര്യം നടപ്പാക്കണമെന്നു സ്വയം തീരുമാനിച്ചാൽ അതു സാധിക്കുമെന്നു പ്രായഭേദമെന്യേ തെളിയിക്കപ്പെട്ട നാളുകൾ. എന്നിട്ടും എന്തുകൊണ്ടാവാം ആർക്കോവേണ്ടി, ആരുടെയൊക്കെയോ ആദർശങ്ങൾക്കുവേണ്ടി, നമ്മുടെ സമൂഹത്തിൽ വേട്ടക്കാരും ഇരകളും സൃഷ്ടിക്കപ്പെടുന്നത്?

**എവിടെനിന്നു തുടങ്ങാം?**

വീട്ടിൽ ഒരാൺകുട്ടി പിറക്കുന്നത് മഹത്തായ കാര്യമായി കരുതുന്നവരാണ് നമ്മുടെ ആളുകൾ. വളർന്നുവരുമ്പോൾ അച്ഛന് ഒരു കൈത്താങ്ങും അമ്മയ്ക്കും കുടുംബത്തിനും ഒരു തണലുമാവും എന്ന പ്രതീക്ഷ. ഒരു വിഭാഗം ആൺ 0കുട്ടികൾ പഠിത്തത്തിൽ മാത്രം ശ്രദ്ധയൂന്നി ‘ബുജി’ വർഗത്തിൽപ്പെടുന്നു. കുറച്ചുപേർ കലാകായികരംഗങ്ങളിലുയർന്ന് മറ്റൊരു വഴിയേ പോകുന്നു. ഇതിലൊന്നും പെടാത്ത കുറച്ചുപേർ ഒരു ലക്ഷ്യബോധവുമില്ലാതെ പഠിക്കുന്നു, വളരുന്നു. അതായത്, സമസ്തവഴികളും തെളിഞ്ഞുവരുന്നത് വിദ്യാലയങ്ങളിൽനിന്നാണ്. ഇതിനിടയിൽ കുട്ടികളുടെ മാനസികാരോഗ്യം എത്രകണ്ട് ഒരു വിഷയമായി എടുക്കുന്നുവെന്നു ചിന്തിക്കേണ്ടതാണ്? കാരണം, യുവതലമുറയ്ക്കിടയിൽ ആക്രമണോത്സുകത മറ്റൊരിക്കലും കാണാത്ത തലത്തിലേക്കെത്തിക്കൊണ്ടിരിക്കുകയാണ്.

**വേട്ടക്കാരനോ അതോ ഇരകളോ?**

കുറച്ചുവർഷങ്ങൾക്കുമുമ്പു പുറത്തിറങ്ങിയ സന്ദേശം എന്ന സിനിമയിലെ ഒരു രംഗം ഓർമ വരുന്നു. വഴിയരുകിൽ മരിച്ചുകിടക്കുന്ന ഒരാളെ തങ്ങളുടെ രക്തസാക്ഷിയാക്കി മാറ്റാൻ പാടുപെടുന്ന കുറെ രാഷ്ട്രീയക്കാർക്ക് എക്കാലത്തും പ്രാധാന്യമുള്ളതാണ് ആ സിനിമയും അതു നല്കുന്ന സന്ദേശവും.

കൗമാരപ്രായമെത്തിയ ഏതൊരു ആൺകുട്ടിക്കും തങ്ങളുടേതായ ഒരു രാഷ്ട്രീയ ചായ്‌വു കാണും, തന്റേതായ തീരുമാനങ്ങളും ആദർശങ്ങളും കാണും. നമ്മുടെ വിദ്യാഭ്യാസസമ്പ്രദായത്തിന്റെയും സംസ്കാരത്തിന്റെയും ഒരു ഗുണമോ ദോഷമോ ആണിത്. കുടുംബത്തിന്റെയോ കൂട്ടുകാരുടെയോ സ്വാധീനത്തിൽ രൂപപ്പെട്ട അർത്ഥശൂന്യമായ ആദർശങ്ങളാണു സിംഹഭാഗവും. ‘നമ്മളിലൊരുത്തനെ തൊട്ടാൽ അവന് എട്ടിന്റെ പണി കൊടുക്കണം’ എന്ന രീതിയിലുള്ള സംസാരങ്ങളിൽ തുടങ്ങി ‘ആ പണി’ കൊടുക്കുവാൻ കൂട്ടുനിൽക്കുന്ന ഏജന്റ് എന്ന രീതിയിലേക്കുള്ള വളർച്ച. ‘എന്റെ മകന് അല്ലറചില്ലറ രാഷ്ട്രീയബന്ധങ്ങളൊക്കെയുണ്ട്’ എന്നു പൊങ്ങച്ചം പറയുന്ന മാതാപിതാക്കന്മാരുണ്ട്. ഇപ്പോൾ ഈ കുട്ടിരാഷ്ട്രീയക്കാർക്കുവേണ്ട ഒരു സ്വഭാവമുണ്ട്-കലിപ്പ്. ഇന്നത്തെ ന്യൂജെൻ പറയുന്നപോലെ ‘കലിപ്പൻ!’ പതിനെട്ടു തികയുംമുമ്പേ ഈ കലിപ്പന്മാരെ നിഴൽപ്പാവകളാക്കാൻ വേട്ടക്കാർ എത്തിത്തുടങ്ങും.

മുണ്ടു മടക്കിക്കുത്തി, ചിരിക്കാത്ത മുഖങ്ങളോടെ എല്ലാവരെയും സൂക്ഷ്മതയോടെയും ശത്രുതാമനോഭാവത്തോടും നോക്കി ഇവർ ജീവിക്കുന്നു. ഒരുമിച്ചുകളിച്ചുവളർന്ന കൂട്ടുകാരൻ മറ്റൊരു ആദർശവുമായി വന്നാൽ അവനെ വിരുദ്ധചേരിയിലേക്കു മാറ്റും. ചെറിയ അടിപിടി, ഒത്തുതീർപ്പുകൾ, സമരങ്ങൾ എന്നിങ്ങനെ പടികൾ ഓരോന്നായി കയറിക്കഴിഞ്ഞാൽ വേട്ടക്കാരുടെയും ഇരകളുടെയും വേഷങ്ങൾ അവർ മാറിമാറി അണിയുന്നു. ഈ ഇരയും വേട്ടക്കാരും തമ്മിൽ വ്യക്തിപരമായി ശത്രുതയൊന്നുമില്ല എന്നതാണു വസ്തുത. രാഷ്ട്രീയകൊലപാതകങ്ങളിൽ പ്രതികളാകുന്നത് കൂടുതലും ചെറുപ്പക്കാർതന്നെയാണ്. മിക്കപ്പോഴും മുപ്പതിനു താഴെയുള്ളവർ. രക്തസാക്ഷിക്ക് അവന്റെ ജീവനും പ്രതികൾക്ക് അവരുടെ ജീവിതവും നഷ്ടപ്പെടുന്നു. കൊല്ലപ്പെട്ടവന്റെ ആശ്രിതർക്കു കിട്ടുന്ന സഹതാപമോ സാന്ത്വനമോ കൊലപാതകികളുടെ ആശ്രിതർക്ക് ഒരിക്കലും കിട്ടില്ല. സുഹൃത്തുക്കളിൽനിന്നും ബന്ധുക്കളിൽനിന്നും ഒറ്റപ്പെട്ട് ഇനിയുള്ള കാലം ജീവിക്കാൻ അവർ വിധിക്കപ്പെടുന്നു. അതുകൊണ്ടുതന്നെ വേട്ടക്കാരുടെ ഗണത്തിൽ ചേർക്കപ്പെടുന്ന ഇവരും ഒരർത്ഥത്തിൽ ഇരകൾതന്നെ.

**നാൻ പെട്ര മകനേ, എൻ കിളിയോ...**

വേട്ടക്കാർക്കും ഇരകൾക്കും ഇടയിൽ വിസ്മൃതരാകുന്ന ചിലരുണ്ട്. അവർ ജീവിക്കുന്ന രക്തസാക്ഷികളാണ്. മകനെ നഷ്ടപ്പെട്ട, സ്നേഹനിധിയായ സഹോദരനെ നഷ്ടപ്പെട്ട, പ്രാണനെക്കാളധികം കരുതിയ പ്രിയതമനെ നഷ്ടപ്പെട്ട കുറെ സ്ത്രീജന്മങ്ങൾ. സംഘടനകൾക്ക് ഒരു അംഗത്തെ നഷ്ടപ്പെടുന്നതിലൂടെ കിട്ടുന്നത് രക്തസാക്ഷിയെയാണ്. കുറെ വർഷങ്ങൾ അവരുടെ സ്മൃതിമണ്ഡപത്തിനു മുമ്പിൽ നേതാക്കൾ പുഷ്പാർച്ചന നടത്തുന്നു. പിന്നെയും കഴിഞ്ഞകാലസംഭവങ്ങൾ ആവർത്തിക്കപ്പെടുന്നു.

ആഘോഷങ്ങൾക്കുവേണ്ടിയോ തിരഞ്ഞെടുപ്പുകളിൽ വോട്ടുകിട്ടാൻവേണ്ടിയുള്ള ഒരു സഹതാപപാത്രമായോ ഇവരെ മുൻനിരയിൽ നിർത്താറുണ്ട്. ഈയിടെ ഒരു രക്തസാക്ഷിയുടെ ഭാര്യ പറയുകയുണ്ടായി: “ആഘോഷങ്ങൾക്കും ആരവങ്ങൾക്കും നടുവിൽ ഞങ്ങൾക്കു സ്ഥാനമുണ്ട്. പക്ഷേ, ഞങ്ങളുടെ കുടുംബങ്ങളിൽ എന്താണ് യഥാർത്ഥത്തിൽ സംഭവിക്കുന്നതെന്ന് പുറംലോകത്തിനറിയില്ല.” അത്രയും നാൾ ചേർത്തുനിർത്തിയവനാണ് പെട്ടെന്നൊരുദിവസം കൊലക്കത്തിക്കിരയാവുന്നത്. ജീവിതയാത്രയിൽ തനിച്ചായിപ്പോകുന്നവർക്ക് പിരിവെടുത്ത് കുറെ പണം നല്കിയാൽ എല്ലാമായി എന്നു ചിലരെങ്കിലും കരുതുന്നുണ്ട്. എന്നാൽ അവർ ജീവിതത്തിൽ അനുഭവിക്കുന്ന ശൂന്യതയെന്തെന്ന് ആരും അറിയുന്നില്ല. അവരുടെ പ്രശ്നങ്ങൾക്കു പരിഹാരമാവാൻ, സങ്കടങ്ങളിൽ ചേർത്തുനിർത്താൻ ആരുമില്ലാതാവുന്നു. നിറങ്ങളില്ലാത്ത ഒരു ജീവിതമാണ് അവർക്കു പിന്നീടുണ്ടാകുന്നത്.

**നിങ്ങൾ തീരുമാനിക്കുക**

രാഷ്ട്രീയം എന്തിനുവേണ്ടി നിലകൊള്ളണമെന്നാണു നിങ്ങൾ കരുതുന്നത്? നിങ്ങളുടെ ആദർശങ്ങൾക്കെതിരാണ് എന്ന ഒറ്റക്കാരണത്താൽ ഒരാളുടെ ജീവനെടുക്കാൻ നിങ്ങൾക്കെങ്ങനെ കഴിയുന്നു? ഇതുവരെയുള്ള രാഷ്ട്രീയകൊലപാതകങ്ങൾ നോക്കുകയാണെങ്കിൽ കൊന്നവരും കൊലചെയ്യപ്പെട്ടവരും യുവാക്കളാണ്. അതായത്, എവിടെയോ വായിക്കപ്പെട്ടപോലെ, ‘പ്രായമായവർ യുദ്ധം ആഹ്വാനം ചെയ്യും, യുവാക്കൾ യുദ്ധം ചെയ്യുകയും മരണപ്പെടുകയും ചെയ്യും.’

**വിവേചനം വേണ്ട വിവേകം മതി**

സർക്കാർ തലത്തിൽ തുടങ്ങാം മാറ്റങ്ങൾ. ആദ്യം മാറ്റേണ്ടത് ഇവിടത്തെ വിദ്യാഭ്യാസസമ്പ്രദായമാണ്. വിദ്യാഭ്യാസം നേടേണ്ടതിന്റെയും അതിലൂടെ സ്വയം ഉണരേണ്ടതിന്റെയും ആവശ്യകത കുട്ടികളെ ബോധ്യപ്പെടുത്തണം. വ്യത്യസ്തങ്ങളായ ആദർശങ്ങളും അഭിപ്രായങ്ങളും ചുറ്റിനുമുണ്ടെന്നും അവയെല്ലാം സമചിത്തതയോടെ കാണണമെന്നും പഠിപ്പിക്കണം. മറ്റൊരാളെ മുറിവേല്പിച്ചുകൊണ്ട് വിജയം നേടുന്നത് എത്രത്തോളം ഹീനമാണെന്നു ബോധ്യപ്പെടുത്തണം. ഒരാളെ സഹായിക്കണമെന്നുണ്ടെങ്കിൽ അതിനു നല്ലൊരു മനസ്സിന്റെ നിറം മാത്രം മതിയെന്നു കുട്ടികൾ അറിയണം. ഒരു രാഷ്ട്രീയ കൊലപാതകവും നാട്ടിൽ സമാധാനമുണ്ടാക്കുന്നില്ല. പേടിയും ആശങ്കയുമുണർത്തി ജനജീവിതം താറുമാറാക്കുകയാണു ചെയ്യുന്നതെന്നു കുട്ടികൾ മനസ്സിലാക്കണം. രാഷ്ട്രീയത്തിനപ്പുറം ജീവിതമൂല്യങ്ങൾക്കു പ്രാധാന്യം കൊടുക്കണം.

രാഷ്ട്രീയത്തിലിറങ്ങാനും വിരമിക്കാനും നിശ്ചിതപ്രായപരിധിയും മാനദണ്ഡങ്ങളുമുണ്ടായാൽത്തന്നെ ഒരു പരിധിവരെ രാഷ്ട്രീയകലഹങ്ങളും കൊലപാതകങ്ങളും ഒഴിവാക്കാനാകും. രാഷ്ട്രീയത്തെ ധനസമ്പാദനത്തിനായി ഒരു വിഭാഗം കണക്കാക്കുമ്പോഴാണ് ഇവിടെ അപച്യുതികളുണ്ടാകുന്നത്. സംഘടിക്കണം, നാടിന്റെ നന്മയ്ക്കായി മാത്രം. അല്ലാതെ, ആരുടെയും നിഴൽപ്പാവകളാകില്ല എന്നു തീരുമാനിക്കണം. വീടിനും നാടിനും രക്തസാക്ഷികളെയല്ല, മനസ്സാക്ഷിയുള്ള യുവതലമുറയെയാണാവശ്യം.

■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്കു സാധിക്കും.

ഫിലി. 4:13

## എഡിറ്റോറിയൽ

# അട്ടപ്പാടിയിലെ ആർത്തനാദത്തിന് അവസാനമില്ലേ?

**വി**കസനത്തിന്റെ വിപ്ലവാരവങ്ങൾ വാനോളം കൊട്ടിഘോഷിക്കാൻ ആരൊക്കെയോ മത്സരിക്കുമ്പോഴും, പാലക്കാട് ജില്ലയിലെ അട്ടപ്പാടി ആദിവാസി ഊരുകളിലുൾപ്പെടെയുള്ള കേരളത്തിന്റെ ഗ്രാമഹൃദയങ്ങളിൽ പട്ടിണിമരണങ്ങൾ തനിയാവർത്തനമാകുന്നു. വികസനത്തിന്റെ നാൾവഴികളോ വിപ്ലവത്തിന്റെ വേദാന്തമോ വാഗ്ദാനങ്ങളുടെ പെരുമ്പറയോ മനസ്സിലാകാത്ത ഒരു കൂട്ടം നിരക്ഷരകുക്ഷികളായ മനുഷ്യമക്കൾ കേരളത്തിലങ്ങോളമിങ്ങോളമുണ്ടെന്നുള്ളത് ഒരു പൊതുനൊമ്പരമാണ്. വിശപ്പിന്റെ നിലവിളി മാത്രമറിയാവുന്ന 'മരണാസന്നമായ' ഒരു ജീവിതത്തിന്റെ ബാക്കിപത്രമായി അവർ അവശേഷിക്കുമ്പോഴും ദരിദ്രർ ഏറ്റവും കുറവുള്ള സംസ്ഥാനമെന്ന നിലയിൽ കേരളത്തിനഭിമാനിക്കാൻ അക്ഷരാർത്ഥത്തിൽ എന്താണുള്ളത്? മികവിനെച്ചൊല്ലി വാദപ്രതിവാദങ്ങളുയർത്തി ഊറ്റംകൊള്ളാൻ ഭരണപ്രതിപക്ഷങ്ങൾക്കെന്തു യോഗ്യതയാണുള്ളത്? അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തതകളകറ്റാൻ ഉത്തരവാദിത്വപ്പെട്ട അധികാരികൾ ശ്രമിക്കാത്തപക്ഷം പട്ടിണിമരണങ്ങളും ദുരന്തങ്ങളും കേരളത്തിന്റെ നേർക്കാഴ്ചകളായി തുടരുകതന്നെ ചെയ്യും.

അട്ടപ്പാടി ആദിവാസമേഖലയിലെ നവജാതശിശുക്കളുടെ മരണം സംബന്ധിച്ച മാധ്യമറിപ്പോർട്ടുകളാണ് കേരളത്തെ ഈയിടെ വല്ലാതെ നാണംകെടുത്തിയത്. 47 നവജാതശിശുക്കളെ നഷ്ടമായ 2013 ലെ ദുരന്തകാലത്തിനുശേഷം കഴിഞ്ഞ എട്ടുവർഷത്തിനിടെ തദ്ദേശസ്ഥാപനങ്ങൾവഴി ഇവിടെയെത്തിയത് 131 കോടി രൂപയായിരുന്നിട്ടും ഇക്കാലയളവിൽ 121 കുട്ടികളെ നഷ്ടമായെന്നത് ഇത്തിരി ഭയാശങ്കകളോടെ മാത്രമേ കേൾക്കാനാവൂ. പോഷകാഹാരക്കുറവും മറ്റ് ആരോഗ്യപ്രശ്നങ്ങളുമാണ് പലരുടെയും മരണകാരണമെന്ന് റിപ്പോർട്ടുകൾ പറയുന്നു. അട്ടപ്പാടിയിലെ ബഹുഭൂരിപക്ഷം സ്ത്രീകളും വിളർച്ച ബാധിച്ചവരാണെന്ന് ആരോഗ്യവകുപ്പുതന്നെ സാക്ഷ്യപ്പെടുത്തുന്നു.


ശിശുമരണത്തിന്റെ തുടർക്കഥകൾ കേട്ട് അട്ടപ്പാടിയിലെത്തിയ പിന്നാക്കക്ഷേമവകുപ്പുമന്ത്രി കെ. രാധാകൃഷ്ണന്റെ വാക്കുകൾക്കു ശൗര്യം കൂടുതലുണ്ടായിരുന്നു; ഒപ്പം, അട്ടപ്പാടി ഊരുകളിൽനിന്നു കുടിയിറക്കേണ്ട ദാരിദ്ര്യമെന്ന ഒഴിയാബാധയെക്കുറിച്ചു ദൃഢനിശ്ചയവും. അദ്ദേഹം പറയുകയുണ്ടായി: "ലോകാവസാനം വരെ ഇവർക്കു വച്ചുണ്ടാക്കി നല്കാനാണോ നിങ്ങൾ ശ്രമിക്കുന്നത്? അതിനുപകരം അവരെ സ്വയംപര്യാപ്തരാക്കുകയാണു വേണ്ടത്. അവർക്ക് ആവശ്യമുള്ളതു നല്കുക. ബാക്കി അവർ വേണ്ടവിധം ഉണ്ടാക്കിക്കഴിച്ചോളും."

ഒരു വർഷത്തിനിടെമാത്രം അട്ടപ്പാടിയുടെ വികസനത്തിന് അനുവദിച്ചത് 16 കോടി രൂപയാണ്. അതേസമയം, ഈ തുകയുടെ വിനിയോഗത്തെക്കുറിച്ചു വ്യക്തതയും കൃത്യതയുമില്ല. 194 ഊരുകളിലായി 32,000 ത്തിലധികം ആളുകൾ കഴിയുന്ന ഇവിടെ ഈ തുകയുടെ പത്തിലൊന്നെങ്കിലും ചെലവഴിച്ചിരുന്നെങ്കിൽ അട്ടപ്പാടി ഇത്രമാത്രം നൊമ്പരപ്പെടുത്തുന്ന വാർത്തകളിലിടം നേടില്ലായിരുന്നു.

ഇതിനിടയിലാണ് സംസ്ഥാനങ്ങളിലെ ദാരിദ്ര്യം വിലയിരുത്തി നീതി ആയോഗ് തയ്യാറാക്കിയ ബഹുതലദാരിദ്ര്യസൂചിക കേരളത്തിന് അഭിമാനം പകർന്നതും അതേസമയം മലയാളികളെ അമ്പരപ്പിച്ചതും. ദരിദ്രരുടെ എണ്ണത്തിൽ ഇതര ഇന്ത്യൻസംസ്ഥാനങ്ങളെക്കാൾ കേരളം ഏറ്റവും കുറവു കാണിക്കുന്നുവെന്നു മാത്രമല്ല, വളരെ വലിയ അന്തരവുമാണത്രേ കണക്കുകളിൽ സൂചിപ്പിക്കുന്നത്. ദരിദ്രർ ഏറ്റവും കൂടുതലുള്ള ബീഹാറിൽ ജനസംഖ്യയുടെ 51.91 ശതമാനമാണ് സൂചികയിലെങ്കിൽ, ഏറ്റവും കുറവുള്ള കേരളത്തിൽ ദരിദ്രരുടെ ശതമാനം 0.71 ആണ്, അതായത് 10,000 ത്തിൽ 71 പേർ. കേരളം കഴിഞ്ഞാൽ പാവപ്പെട്ടവർ കുറവ് ഗോവയിലാണ് – 3.76 ശതമാനം. അയൽസംസ്ഥാനങ്ങളായ തമിഴ്നാട്ടിൽ 4.89 ശതമാനവും കർണാടകത്തിൽ 13.16 ശതമാനവും ദരിദ്രരുണ്ട്. പോഷകാഹാരം, ശിശു-കൗമാരമരണനിരക്ക്, പ്രസവാനന്തര പരിപാലനം, സ്കൂൾവിദ്യാഭ്യാസം, പാചക ഇന്ധനലഭ്യത, ശുചിത്വം, ശുദ്ധജലലഭ്യത, വൈദ്യുതി, വീട്, സമ്പാദ്യം, ബാങ്ക് അക്കൗണ്ട് തുടങ്ങിയവയുടെ അടിസ്ഥാനത്തിലാണ് ദാരിദ്ര്യസൂചിക തയ്യാറാക്കിയത്.

ഇതിനിടെ, നീതി ആയോഗ് പുറത്തുവിട്ട ദാരിദ്ര്യസൂചികപ്രകാരം കേരളത്തിനു ലഭിച്ച മികവിനെച്ചൊല്ലി സർക്കാരും പ്രതിപക്ഷവും അവകാശവാദമുന്നയിച്ചു രംഗത്തെത്തിയത് കല്ലുകടിയായി. ഇടതുസർക്കാരിന്റെ നേട്ടമായി മുഖ്യമന്ത്രി പിണറായി വിജയൻ കൊട്ടിഘോഷിക്കുമ്പോൾ, യുഡിഎഫ് സർക്കാർ പട്ടിണിക്കെതിരേ നടത്തിയ പോരാട്ടത്തിന്റെ വിജയമാണെന്നു മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയും. നീതി ആയോഗ് പുറത്തുവിട്ട റിപ്പോർട്ട്, 2015-16 ലെ നാലാം ദേശീയ ഫാമിലി ഹെൽത്ത് സർവേപ്രകാരമുള്ളതാണെന്നാണു പ്രതിപക്ഷത്തിന്റെ വാദം. അതെന്തെങ്കിലുമാവട്ടെ, ദാരിദ്ര്യപ്പിശാച് കേരളത്തിൽനിന്ന് എന്നന്നേക്കുമായി കുടിയൊഴിഞ്ഞുപോകണമെന്നതുമാത്രമാണ് കേരളത്തിന്റെ ആവശ്യം.

പട്ടിണിയും പരിവട്ടവുംകൊണ്ടു വീർപ്പുമുട്ടുന്ന കേരളത്തിലെ പാവപ്പെട്ട മനുഷ്യരുടെ ദീനരോദത്തിനറുതി വരുത്താതെ, അവർക്കു നീതിയും ശാന്തിയും ക്ഷേമൈശ്വര്യങ്ങളും ഉറപ്പാക്കാതെ ഭരണപ്രതിപക്ഷങ്ങൾ നടത്തുന്ന എല്ലാ വാദകോലാഹലങ്ങളും നിരർത്ഥകമെന്നേ പറയേണ്ടൂ. ഉണ്ണാനും ഉടുക്കാനും ഗതിയില്ലാത്തവരും കടത്തിണ്ണകളിലഭയം തേടുന്നവരും ഇന്നും കേരളത്തിന്റെ സങ്കടക്കാഴ്ചകളാണ്. പട്ടിണിമരണങ്ങളും കൊലപാതകങ്ങളും അതേത്തുടർന്നുള്ള നീതിനിഷേധങ്ങളും പ്രതിഷേധാർഹമായി തുടരുന്നു. ആദിവാസിയുവാവ് മധുവിനെ മറക്കാൻ മനഃസാക്ഷിയുള്ള ഒരു മലയാളിക്കുമാവില്ലല്ലോ. 2018 ഫെബ്രുവരി 22 ന് അട്ടപ്പാടിയിൽ മോഷണക്കുറ്റമാരോപിച്ചു നടത്തിയ ആൾക്കൂട്ട ആക്രമണത്തിൽ കൊല്ലപ്പെട്ട വിശപ്പിന്റെ നിശ്ശബ്ദ ഇര. മധുവധക്കേസിന്റെ വിചാരണ എങ്ങുമെത്തിയില്ലെന്നു മാത്രമല്ല, തുടങ്ങാൻപോലും നാളിതുവരെയായിട്ടും പ്രബുദ്ധകേരളത്തിനായിട്ടില്ല. നീതിനിഷേധത്തിന്റെ തനിയാവർത്തനങ്ങൾ മാത്രം...! ■





# വരുതിയിലാകാതെ വകഭേദങ്ങൾ വീണ്ടും

1-ാം പേജ് തുടർച്ച

കോഴിക്കോട്ടുകാരായ രണ്ടു പേരും തമിഴ്നാട്ടുകാരിയായ യുവതിയും മുംബൈ സ്വദേശികളായ 288 പേരും ജനിതകശ്രേണീകരണഫലം കാത്തിരിക്കുന്നവരാണ്. ഇതിനിടെ, ദക്ഷിണാഫ്രിക്കയിൽനിന്നു നാട്ടിലെത്തിയ ഒരു ഛത്തീസ്ഗഡ് സ്വദേശിക്കെതിരേ ക്വാറന്റൈൻ ലംഘിച്ചതിനു കേസെടുത്തതായും റിപ്പോർട്ടുകളുണ്ട്.

**ഉറവിടം തേടി**

സാർസ് കൊറോണ വൈറസ് 2 ന്റെ ഒമിക്രോൺ വകഭേദം നവംബർ 24 ന് ദക്ഷിണാഫ്രിക്കയിൽ പ്രത്യക്ഷപ്പെടുംമുമ്പ് ഹോളണ്ടിൽ (നെതർലൻഡ്സ്) ഉണ്ടായിരുന്നതായി കണ്ടെത്തി. അതിനും നാളുകൾക്കുമുമ്പ് നൈജീരിയയിൽ ഇവ ഉണ്ടായിരുന്നതായി നൈജീരിയൻ ആരോഗ്യവകുപ്പു വെളിപ്പെടുത്തിയിരുന്നെങ്കിലും സ്ഥിരീകരണം നല്കിയിരുന്നില്ല. ഹോളണ്ടിന്റെ തലസ്ഥാനമായ ആംസ്റ്റർഡാമിലെ ആരോഗ്യഇൻസ്റ്റിറ്റ്യൂട്ടിൽ നവംബർ 19 നും 23 നും പരിശോധിച്ച സാമ്പിളുകളിലും ഒമിക്രോൺ വൈറസുകളുണ്ടായിരുന്നു.

കൂടുതൽ രാജ്യങ്ങളിലേക്കു വൈറസുകൾ പടരുന്നതാണ് ആശങ്ക ജനിപ്പിക്കുന്നത്. യു.എസ്., യു.കെ., ബെൽജിയം, സൗദി അറേബ്യ, മലേഷ്യ, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിലും കേസുകൾ റിപ്പോർട്ടു ചെയ്യപ്പെടുന്നുണ്ട്. സ്വന്തം പൗരന്മാർ ഉൾപ്പെടെ രാജ്യത്തെത്തുന്ന എല്ലാവർക്കും കൊവിഡ് പരിശോധന നിർബന്ധമാക്കാൻ യു.എസ്. ഒരുങ്ങുന്നു. യു.കെ.യിൽ ഇതിനകം 22 രോഗബാധിതരെ കണ്ടെത്തിയതിനാൽ ബൂസ്റ്റർ ഡോസ് നൽകുന്നതിന് വേഗം കൂട്ടി. എട്ട് ആഫ്രിക്കൻരാജ്യങ്ങളിൽനിന്നുള്ളവർക്ക് മലേഷ്യ പ്രവേശനം നിഷേധിച്ചുകഴിഞ്ഞു. ജപ്പാനാകട്ടെ, ഈ മാസം അവസാനംവരെ വിദേശയാത്രക്കാരെ വിലക്കി. നേരത്തേ ടിക്കറ്റ് ബുക്ക് ചെയ്തവർക്കും ജപ്പാൻവഴി കടന്നുപോകുന്ന മറ്റു രാജ്യക്കാർക്കും തത്കാലം വിലക്കില്ല. എന്നാൽ, മടങ്ങിയെത്തുന്ന സ്വദേശികൾക്കു രണ്ടാഴ്ചത്തേക്കു ക്വാറന്റൈൻ നിർബന്ധമാക്കി. ജപ്പാനിൽ ആകെ രോഗികളുടെ എണ്ണം 286 ആയി. സൗത്താഫ്രിക്കയിൽനിന്നെത്തി ഹോങ്കോങ്ങിലെ ഒരു മുന്തിയ ഹോട്ടലിൽ ക്വാറന്റൈനിലായിരുന്ന ഒരാളിൽനിന്ന് ഇടനാഴിക്കപ്പുറം എതിർവശത്തുള്ള മുറിയിലെ താമസക്കാരനും വൈറസുകൾ പടർന്നുകിട്ടിയതോടെ അവിടത്തെ രോഗികളുടെ എണ്ണം രണ്ടായി. രണ്ടാമത്തെയാൾ കാനഡയിൽനിന്നു ഹോങ്കോങ്ങിൽ വിമാനമിറങ്ങിയ വ്യക്തിയാണ്. ക്വാറന്റൈനിലായിരുന്ന വ്യക്തി ശരിയായ രീതിയിലല്ല മാസ്ക് ഉപയോഗിച്ചിരുന്നതെന്നാണ് അന്വേഷണത്തിൽ തെളിഞ്ഞത്. മാസങ്ങളായി കൊവിഡ് മുക്തമായിരുന്ന നഗരത്തിലെ ആരോഗ്യവകുപ്പുദ്യോഗസ്ഥർ അതീവ ജാഗ്രതയിലായിരുന്നെങ്കിലും രോഗപ്പകർച്ച തടയാൻ കഴിയാത്തത് ഒമിക്രോൺ വൈറസുകളുടെ വ്യാപനശേഷി ആദ്യവൈറസുകളെക്കാൾ പതിന്മടങ്ങാണെന്നു വ്യക്തമാക്കുന്നു.

ഹോളണ്ടിൽ രോഗികളായി കണ്ടെത്തിയ 13 പേരും സൗത്താഫ്രിക്കയിൽനിന്നുള്ള വിമാനയാത്രികരായിരുന്നു. ആംസ്റ്റർഡാമിൽ അവരോടൊപ്പം വിമാനമിറങ്ങിയ 600 പേരിൽ 61 പേർ കൊവിഡ് ബാധിതരായിരുന്നു. ജനിതകമാറ്റത്തിലൂടെ രൂപപ്പെട്ട പുതിയ വൈറസുകൾ അവരിലുണ്ടോയെന്നു കൂടുതൽ അന്വേഷണങ്ങളിൽനിന്നേ വ്യക്തമാകൂ. രണ്ടുവീതം രോഗികളുള്ള ഓസ്ട്രേലിയായും ഡെന്മാർക്കും വിദേശയാത്രകൾക്കു കർശനനിയന്ത്രണങ്ങൾ ഏർപ്പെടുത്തിയേക്കും. യു.എസ്., യു.കെ., യൂറോപ്യൻ യൂണിയനിലെ 27 അംഗരാജ്യങ്ങൾ, ശ്രീലങ്ക, ഒമാൻ, തായ്‌ലൻഡ് എന്നിവ ദക്ഷിണാഫ്രിക്ക, ലെസോത്തോ, ബോട്സ്വാന, നമീബിയ, സിംബാംബ്‌വേ എന്നിവയടക്കമുള്ള 9 തെക്കൻ ആഫ്രിക്കൻ രാജ്യക്കാർക്ക് പ്രവേശനം നിഷേധിച്ചുകൊണ്ടുള്ള അറിയിപ്പുകൾ നൽകി. വാക്സിന്റെ ലഭ്യതക്കുറവും ജനങ്ങളുടെ വിമുഖതയുംമൂലം വാക്സിനേഷനിൽ പിന്നാക്കം നിന്ന തെക്കേ ആഫ്രിക്കൻ രാജ്യങ്ങളിലാണ് മുപ്പതിലേറെ ജനിതകവ്യതിയാനം സംഭവിച്ച ഒമിക്രോൺ വൈറസുകൾ രൂപപ്പെട്ടതെന്ന് തെളിഞ്ഞുകഴിഞ്ഞു.

**പ്രതിരോധം അനിവാര്യം**

ഒമിക്രോൺ വൈറസ് ബാധമൂലം ഒരു രാജ്യത്തും ഒരാൾപോലും മരണപ്പെട്ടിട്ടില്ലെങ്കിലും രോഗവ്യാപനത്തോത് ഭയം ജനിപ്പിക്കുന്നുണ്ട്. രണ്ടു ഡോസ് വാക്സിനും എടുത്ത് 6 മാസം തികയാത്തവർക്ക് ബൂസ്റ്റർ ഡോസ് നൽകാൻ യുഎസും യുകെയും തയ്യാറെടുക്കുകയാണ്. മറ്റു മാരകരോഗങ്ങളുള്ള 40 വയസ് പൂർത്തിയായ വ്യക്തികൾക്കും ആരോഗ്യപ്രവർത്തകർക്കും മുന്നണിപ്പോരാളികൾക്കുമാണു തുടക്കത്തിൽ ബൂസ്റ്റർ ഡോസ് നല്കുക. ഫൈസറിന്റെയോ ബയോൺടെക്കിന്റെയോ മൂന്നു ഡോസ് വാക്സിനും എടുത്തവർക്ക് 93 ശതമാനം പ്രതിരോധശേഷി കൈവരിക്കാൻ കഴിഞ്ഞുവെന്ന് ഇസ്രായേലിൽ നടത്തിയ ഒരു പരീക്ഷണത്തിൽ കണ്ടെത്തി. കൊവിഡ് 19 ബാധിതരിലെ മരണനിരക്ക് 81 ശതമാനം കുറയ്ക്കാനും മൂന്നു ഡോസ് വാക്സിൻ ഫലപ്രദമാണെന്നും പഠനങ്ങൾ തെളിയിച്ചു. മാരകമായ പുതിയ വകഭേദത്തെ പ്രതിരോധിക്കാൻ ഇതേ മാതൃകയാണ് നമ്മുടെ രാജ്യവും സ്വീകരിക്കേണ്ടതെന്നാണ് വിദഗ്ധാഭിപ്രായം. സർക്കാരിന്റെയും സ്വകാര്യമേഖലയുടെയും കൈവശമുള്ള ദശലക്ഷക്കണക്കിനു ഡോസ് വാക്സിനുകൾ കാലപ്പഴക്കംമൂലം ഉപയോഗശൂന്യമാകുംമുമ്പേ ബൂസ്റ്റർ ഡോസിനായി ഉപയോഗിച്ചുതുടങ്ങണമെന്ന നിർദ്ദേശമാണ് ആരോഗ്യരംഗത്തെ വിദഗ്ധർക്കുള്ളത്. എന്നാൽ, രാജ്യത്തെ മുഴുവൻ ജനങ്ങൾക്കും രണ്ടു ഡോസ് വാക്സിൻ നൽകാൻ പരാജയപ്പെട്ട സാഹചര്യത്തിൽ മറ്റെന്തു നടപടികൾ സ്വീകരിച്ചാലും ഫലപ്രാപ്തിയിലെത്തുകയില്ലെന്നും അവർ വിലയിരുത്തുന്നു. ■

ജാലകം



സി. ഡോ. ജോവാൻ
ചുങ്കപ്പുര എം. എം. എസ്.

# കുട്ടികൾക്കു വേണ്ടത് രക്ഷിതാക്കളുടെ സ്നേഹവും സാന്നിധ്യവും



ഉറപ്പുള്ള തീരുമാനങ്ങൾ കൈക്കൊള്ളാനും സ്ഥായിയായ നിലപാടുകൾ നിലനിർത്തിക്കൊണ്ടു നീങ്ങാനും കഴിയാതെ പോകുന്ന കുടുംബങ്ങളിൽ മാതാപിതാക്കൾ ഒരു കുട്ടിയെ മാത്രം ആശ്രയിക്കുകയോ പരിഗണിക്കുകയോ ചെയ്യുന്ന പ്രവണതയാണ് പലപ്പോഴും കണ്ടുവരുന്നത്. അഥവാ മൂന്നു മക്കളുണ്ടെങ്കിൽ രണ്ടുപേരെയോ ഒക്കെ കൂട്ടുപിടിച്ച് കുടുംബപ്രശ്നങ്ങൾ ബാലൻസു ചെയ്തു നിർത്താൻ ശ്രമിക്കുന്നു.

ഇത്തരം പ്രതിസന്ധികൾ കൂടുതലും സംഭവിക്കുന്നത് രക്ഷിതാക്കൾ രണ്ടുപേരുമോ ഒരാളോ വിദേശത്തുള്ള ഭവനങ്ങളിലാണ്. ഇത് ഒട്ടുവളരെ പ്രശ്നങ്ങൾ കുടുംബങ്ങളിൽ സൃഷ്ടിച്ചേക്കാം. അച്ഛൻ ഇസ്രായേലിൽ, അമ്മ ദുബായിൽ മകൻ/മകൾ/മക്കൾ നാട്ടിൽ ഉള്ള ഒരു കുടുംബം ഉണ്ടെന്നിരിക്കട്ടെ. ഇത്തരം ഘട്ടങ്ങളിൽ ഈ കുട്ടികൾ തങ്ങളുടെ പ്രായത്തിലും കവിഞ്ഞ സമ്മർദങ്ങളിലൂടെയായിരിക്കും കടന്നുപോകുന്നത്. വല്ലാത്ത ഏകാന്തതയും ഇവരെ അലട്ടാറുണ്ട്. അതുകൊണ്ടുതന്നെ ഇവർ സ്വാർത്ഥരായിത്തീർന്നേക്കാം. ഇത്തരം കുട്ടികൾ സ്വയംഭോഗത്തിലേക്കും ലൈംഗികവൈകൃതങ്ങളിലേക്കും ലഹരിയിലേക്കും തിരിയാനും ദുഷിച്ച കൂട്ടുകെട്ടുകളിൽ നിപതിക്കാനും ഇടയാകുന്നു. ഇതു സംഭവിക്കാതിരിക്കാൻ രക്ഷിതാക്കൾ സദാ ജാഗരൂകരായിരിക്കണം. ഒന്നും സാരമില്ല, കുറെക്കൂടി കഴിയുമ്പോൾ നേരേയാകും, കുട്ടികളായതുകൊണ്ടും തനിയെ ആയതുകൊണ്ടുമൊക്കെ വന്നുഭവിക്കുന്ന കേവലം സ്വാഭാവികമായ കാര്യങ്ങളാണിതെന്ന കാര്യഗൗരവമില്ലായ്മ പലപ്പോഴും പ്രശ്നങ്ങൾ കൂടുതൽ വഷളാക്കുന്നു. കഴിവതും രക്ഷിതാക്കൾ ഒന്നിച്ചുതാമസിക്കുന്നതാണു നല്ലത്. അതിന് ഒരുതരത്തിലും കഴിയാത്ത സാഹചര്യത്തിൽപ്പോലും ഏറെനാൾ വിട്ടുനിൽക്കുന്നത് ഒഴിവാക്കിയേ പറ്റൂ. ഇങ്ങനെ ചെയ്യുന്നത് കുട്ടികളോടു ചെയ്യുന്ന അനീതിയാണ്.

പിതാവിനോടും മാതാവിനോടുമുള്ള ബന്ധങ്ങൾ ഒരുപോലെതന്നെ നിലനിർത്താനുള്ള സാഹചര്യം കുട്ടികൾക്കു ലഭിക്കണം. ഒത്തൊരുമയോടെയുള്ള ഇത്തരം ബന്ധങ്ങളും ആശയവിനിമയവും ഉള്ളിടത്താണ് കുടുംബബന്ധങ്ങൾ നിലനിൽക്കുകയും പ്രശ്നങ്ങളുണ്ടാവാതെ സുഗമമായി മുന്നോട്ടുപോകുകയും ചെയ്യുന്നത്. ഇത്തരം സ്നേഹഭാവങ്ങളുടെ അഭാവത്തിൽ ഉള്ളിൽ രൂപപ്പെട്ടുവരുന്ന അടങ്ങാത്ത ദാഹമാണ് ആവശ്യമില്ലാതെയുള്ള പ്രേമബന്ധങ്ങളിലേക്കും അതിരുവിട്ട ജീവിതശൈലികളിലേക്കും പോർണോഗ്രഫി/ലഹരി ദുരുപയോഗങ്ങളിലേക്കും തിരിയുവാൻ കുട്ടികൾക്കു പ്രേരകമാകുന്നത്.

പിതാവും മാതാവും വഴക്കിടുന്ന കുടുംബങ്ങളിലുള്ള കുട്ടികൾ വലിയ പ്രതിസന്ധിയിൽ അകപ്പെട്ട് നിസ്സാരകാര്യങ്ങളുടെ പേരിൽ ജീവഹത്യയ്ക്കുപോലും ശ്രമിക്കുന്ന നിരവധി കേസുകൾ നമ്മുടെ ചുറ്റും നടക്കുന്നുണ്ട്. രക്ഷിതാക്കളോട് ഒരുതരം വൈകാരികവിച്ഛേദം പ്രകടിപ്പിക്കുന്ന കുട്ടികളും കുറവല്ല. ഏതെങ്കിലും തരത്തിലുള്ള ദുരുപയോഗമോ, അനീതി ചെയ്തുവെന്ന തോന്നലോ, വേർതിരിച്ചു കണ്ടുവെന്ന സംശയമോ, കളിയാക്കിയെന്ന വിചാരമോ ശിക്ഷ നൽകിയതോ അതിലെ വിവേചനംപോലുള്ള പ്രശ്നങ്ങളോ മനസ്സിൽ കിടക്കുന്ന കുട്ടികൾ പിന്നീട് അതിനിടയാക്കിയെന്നു തോന്നുന്ന വ്യക്തിയോടു മാത്രവുമല്ല, തനിക്കു ചുറ്റുമുള്ള എല്ലാവരോടുംതന്നെ ഒരു പരിധിവരെ അകന്നുമാറിക്കഴിഞ്ഞേക്കാം. ഇത്തരം തിരസ്കരണങ്ങൾക്കു വിധേയരാവുന്ന കുട്ടികൾ വളർന്നുവരുമ്പോഴും എല്ലാവരോടും അകന്നുനിൽക്കാനാണ് താത്പര്യപ്പെടുന്നത്. ഇത്തരക്കാർ പഠന/ജോലി ഭാഗമായി നാടുവിട്ടോ ഹോസ്റ്റൽപോലുള്ളിടത്തോ പോയാലും പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ പറ്റാത്തവരായിത്തീരുന്നു. ഇത് ഒരുതരം മാനസികസമ്മർദ/സംഘർഷാവസ്ഥകളിലേക്ക് ഇവരെ ആനയിച്ചേക്കാം. കാരണം, സ്വന്തം കുടുംബത്തിൽനിന്നു വേണ്ടത്ര സ്നേഹം, സുരക്ഷിതത്വം, ജീവിതമാർഗം അതിനുള്ള പ്രായോഗികവശങ്ങൾ ഇതൊന്നും ഇവർക്കു ലഭ്യമായിരുന്നില്ല.

■




ദളം പതിന്നാല്



മോബിൻ മോഹൻ

# അംബേദ്കറുടെ വായന

കഥ കേൾക്കാനായി കുട്ടിപ്പട്ടാളം ഉണ്ണീരിയമ്മയുടെ ചുറ്റും കൂടി. തെല്ലുനേരം ആലോചിച്ചശേഷം ഉണ്ണീരിയമ്മ പറഞ്ഞു,

"ഇന്നത്തെ കഥ അംബേദ്കറിനെപ്പറ്റിയാണ്. അദ്ദേഹം ആരാണ് എന്നറിയാമോ നിങ്ങൾക്ക്?"

"ഇന്ത്യൻ ഭരണഘടനയുടെ ശിൽപി."

കുഞ്ഞുണ്ണിയും അമ്മാളുവും ജോണിക്കുട്ടിയും ഒന്നിച്ചാണ് ഉത്തരം പറഞ്ഞത്.

"എങ്കിൽ കഥ കേട്ടോളൂ." ഉണ്ണീരിയമ്മ തുടർന്നു:

മഹർ എന്ന താഴ്ന്ന ജാതിയിലാണ് അദ്ദേഹം ജനിച്ചത്. തൊട്ടുകൂടായ്മയുടെ ഇരുണ്ട കാലം. അതുകൊണ്ടുതന്നെ കുട്ടിക്കാലത്ത് ഒരുപാട് അവഗണനകളും പരിഹാസങ്ങളും അദ്ദേഹം ഏറ്റുവാങ്ങിയിട്ടുണ്ട്. സ്കൂളിൽ മറ്റു കുട്ടികൾക്കൊപ്പം ഇരിക്കുവാനോ പൊതുടാപ്പിൽ നിന്നു വെള്ളമെടുക്കുവാനോ താഴ്ന്ന ജാതിയിൽപ്പെട്ട കുട്ടികൾക്ക് അവകാശമുണ്ടായിരുന്നില്ല. ഇത്തരം മാറ്റിനിർത്തലുകളെയൊക്കെ അതിജീവിച്ച് അംബേദ്കർ പഠിച്ചു. കൂടുതൽ ക്കൂടുതൽ വായിച്ചു. എപ്പോഴും വായിക്കുന്ന കുട്ടി മറ്റുള്ളവർക്ക് ഒരു കൗതുകമായി.

പിന്നീട് ഉപരിപഠനത്തിനായി വിദേശ സർവകലാശാലകളിൽ പഠിക്കുമ്പോഴും വായന അദ്ദേഹം തുടർന്നു. പുസ്തകപ്പുഴു എന്നു മറ്റുള്ളവർ കളിയാക്കുമ്പോഴും ഇതൊന്നും കൂസാതെ ലൈബ്രറികളിൽ കൂടുതൽ സമയം അദ്ദേഹം ചിലവഴിച്ചു.

ഒരിക്കൽ, ലൈബ്രറിയിൽ വെച്ച് ഒരു സംഭവമുണ്ടായി. മണിക്കൂറുകളായി വായനയിൽ മുഴുകിയിരിക്കുകയാണ് അംബേദ്കർ. രാവിലെ തുടങ്ങിയ വായനയാണ്. ഉച്ചയ്ക്ക് ഭക്ഷണം കഴിക്കേണ്ട സമയമായിട്ടും അംബേദ്കർ പോകുന്നില്ല. ലൈബ്രേറിയന്റെ ക്ഷമ നശിച്ചു. അയാൾ അംബേദ്കറുടെ അടുത്തേക്കു ചെന്നു. വായനയ്ക്കിടയിൽ ഒരു ചെറിയ റൊട്ടിക്കഷണം അദ്ദേഹം കഴിക്കുന്നുമുണ്ട്. ലൈബ്രേറിയന് ദേഷ്യം വന്നു.

"ലൈബ്രറിയിൽ ഭക്ഷണവസ്തുക്കൾ കൊണ്ടുവരരുതെന്ന് അറിയില്ലേ? ഇത് ഞാൻ റിപ്പോർട്ട് ചെയ്യും."

ലൈബ്രേറിയൻ കോപാകുലനായി. അംബേദ്കർ ഒന്നും പറഞ്ഞില്ല. അപ്പോൾ അയാളുടെ ദേഷ്യം വർദ്ധിച്ചു.

"ഭക്ഷണം കഴിക്കാൻ ഇവിടെ കാന്റീനുണ്ടല്ലോ? അവിടെ ചെന്നാൽ ഭക്ഷണം കഴിക്കരുതോ?"

ലൈബ്രേറിയന്റെ ചോദ്യത്തിനു ശാന്തതയോടെ അംബേദ്കർ മറുപടി നൽകി,

"സർ, ഞാൻ ദരിദ്രനായൊരു വിദ്യാർത്ഥിയാണ്. കാന്റീനിൽ പോയി ഭക്ഷണം കഴിക്കുവാനുള്ള വക എന്റെ കയ്യിലില്ല. ഉച്ചഭക്ഷണമായി ഇന്ന് ഈ റൊട്ടിക്കഷണം ഉണ്ട്. മിക്കദിവസവും അതുപോലും ഉണ്ടാവില്ല."

ഇത് കേട്ടപ്പോൾ ലൈബ്രേറിയന്റെ മനസ്സലിഞ്ഞു. അയാൾക്കു സങ്കടം തോന്നി. പിന്നീടുള്ള ഉച്ചനേരങ്ങളിൽ കാന്റീനിൽനിന്ന് അംബേദ്കർക്കുള്ള ഭക്ഷണം ആ ലൈബ്രേറിയന്റെ വകയായിരുന്നു.

മണിക്കൂറുകൾ ലൈബ്രറിയിൽ ചെലവഴിക്കുന്ന അംബേദ്കറോട് ഒരിക്കൽ മറ്റൊരു ലൈബ്രേറിയൻ ചോദിച്ചു,

"മറ്റു വിദ്യാർത്ഥികൾക്കൊപ്പം ഉല്ലസിച്ചു നടക്കുന്നതിനുപകരം എന്തിനാണ് എപ്പോഴും ലൈബ്രറിയിൽ സമയം കളയുന്നത്?"

അംബേദ്കർ മറ്റൊരു ചോദ്യമാണ് ലൈബ്രേറിയനോട് ചോദിച്ചത്,

"അപ്പോൾ എന്റെ ജനതയ്ക്കു വേണ്ടി ഇതൊക്കെ ആരു ചെയ്യും?"

അന്ന് ആ ചോദ്യത്തിന്റെ അർത്ഥം ഒരുപക്ഷേ, ലൈബ്രേറിയനു മനസ്സിലായില്ലെങ്കിലും പിന്നീടുള്ള ചരിത്രം ആ ചോദ്യത്തെ ശരിവയ്ക്കുന്നതായിരുന്നു.



*അംബേദ്കർ - കൗമാരചിത്രം*

ഇന്ത്യയെപ്പോലെ ഭൂപ്രകൃതിയിലും സംസ്കൃതിയിലും വിസ്തൃതവും വിഭിന്നവുമായ ഒരു രാജ്യത്തിനുവേണ്ടി ഭരണഘടന തയ്യാറാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞത് ഈ വായനയുടെ ശക്തികൊണ്ടാണ്. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യത്തിന്റെ ഭരണഘടന തയ്യാറാക്കാൻ അത്രയധികം ധിഷണാശാലിയായ ഒരാൾക്ക് മാത്രമേ കഴിയൂ. മാത്രമല്ല ലോകത്തിലെ ഏറ്റവും വലിയ ഭരണഘടന നമ്മുടെ രാജ്യത്തിന്റെതാണ്.

ചുറ്റും കൂടിയിരിക്കുന്ന കൂട്ടുകാരോടായി ഉണ്ണീരിയമ്മ ഓർമിപ്പിച്ചു:

"ധാരാളം വായിക്കുക. വായിച്ചു വളരുക."


■




**ഡിസംബർ 19**
**മംഗളവാർത്ത**
**നാലാം ഞായർ**

**പുറ 34: 1–9**
**സഖ 2: 7 –13**
**വെളി 21: 1–7**
**വി.മത്താ 1: 18–24**

# തന്റെ ജനത്തോടൊപ്പം പാർക്കുന്ന ദൈവം



**മാർ ജേക്കബ് മുരിക്കൻ**

മംഗളവാർത്തയുടെ താക്കോലായ എമ്മാനുവേൽപ്രവചനത്തിന്റെ സാക്ഷാത്കാരമാണ് മംഗളവാർത്തക്കാലം നാലാം ഞായറാഴ്ചത്തെ തിരുവചനവിഷയം.

പുറപ്പാടുപുസ്തകത്തിലെ ആദ്യവായനയിൽ മോശ ഇസ്രായേൽജനം കാളക്കുട്ടിയെ ആരാധിക്കുന്നതിൽ ക്ഷോഭിച്ച് ഉടമ്പടിയുടെ കല്പലകകൾ എറിഞ്ഞുടച്ചുകളഞ്ഞത് ഉടമ്പടി ലംഘനത്തിന്റെ അടയാളമാണ്. എന്നാൽ, വീണ്ടും കല്പലകകൾ ഉണ്ടാക്കിയെടുക്കുവാൻ മോശയോട് ആവശ്യപ്പെട്ട ദൈവം ഇസ്രായേലിന്റെ പാപം ക്ഷമിക്കുന്നതിന്റെയും ഉടമ്പടിയുടെ നവീകരിക്കുന്നതി ന്റെയും സൂചനയാണു നൽകുന്നത്. തന്റെ ജനം അനുതപിക്കുമ്പോൾ അവരോടു പൂർണമായും ക്ഷമിക്കുന്ന ദൈവം കാരുണ്യവാനും കൃപാലുവുമത്രേ. ഇതു പഴയനിയമവെളിപാടിന്റെ ഉച്ചസ്ഥായിയാണ്. പാപത്തിന്റെ അടിമത്തത്തിൽനിന്നു മനുഷ്യനെ മോചിപ്പിക്കാൻ ദൈവപുത്രൻ മനുഷ്യനായി അവതരിച്ചപ്പോൾ ഈ വെളിപാടു പൂർണമായി. മിശിഹായുടെ സഭയിലുള്ള കൗദാശികസാന്നിധ്യത്തിലൂടെ ഇന്നു ദൈവം നമ്മോടുകൂടെ കൂടാരമടിച്ച് നമ്മെ നിരന്തരം സംരക്ഷിക്കുന്നു.

മോശയുടെ മധ്യസ്ഥപ്രാർത്ഥന ഇവിടെ ശ്രദ്ധേയമാണ്. ഹൃദയം നുറുങ്ങിയുള്ള മോശയുടെയും ഇസ്രായേൽജനത്തിന്റെയും പ്രാർത്ഥന ദൈവം കേട്ടു. അനുതപിക്കുന്ന പാപികളോടുള്ള ദൈവത്തിന്റെ കരുണയാണ് ഉടമ്പടിനവീകരണം സൂചിപ്പിക്കുന്നത്. ഇന്നും സഭയിൽ അനുരഞ്ജനകൂദാശയിലൂടെ ദൈവം മനുഷ്യന്റെ പാപങ്ങൾ ക്ഷമിക്കുകയും വി. കുർബാനയിൽ സദാ സന്നിഹിതനായിരുന്നുകൊണ്ട് തന്റെ ജനത്തോടൊപ്പം വസിക്കുകയും ചെയ്യുന്നു.

സഖറിയാ പ്രവാചകന്റെ പുസ്തകത്തിൽനിന്നുള്ള രണ്ടാമത്തെ വായനയിലും ദൈവം കൂടെ വസിക്കുന്നതിന്റെ ആനന്ദമാണ് പ്രവാചകൻ പങ്കുവയ്ക്കുന്നത്. "സീയോൻപുത്രീ, പാടിയുല്ലസിക്കുവിൻ, ഞാൻ വന്ന് നിങ്ങളുടെ ഇടയിൽ വസിക്കും. അന്ന് അനേകം ജനതകൾ കർത്താവിനോടു ചേരും. അവർ എന്റെ ജനമാകും. ഞാൻ നിങ്ങളുടെയിടയിൽ വസിക്കും.'' ശത്രുക്കൾ തകർത്ത ജറുസലേം പുനരുദ്ധരിക്കപ്പെടുമെന്ന പ്രത്യാശയാണ് പ്രവാചകൻ നൽകുന്നത്. പുതിയ ജറുസലേമായ സഭയിലാണ് ഈ പ്രവചനത്തിന്റെ പൂർണത കണ്ടെത്താനാകുന്നത്. ലോകരക്ഷകനായ ഈശോമിശിഹായിലും അവന്റെ മൗതികശരീരമായ സഭയിലും വിശ്വാസം വഴി ജനപദങ്ങൾ ഒന്നിച്ചുകൂട്ടപ്പെടും. സഭയിലൂടെ കൂദാശകൾവഴി നിരന്തരം വരപ്രസാദം തന്റെ




ജനത്തിനുമേൽ നൽകുന്ന ദൈവം കൂടെ വസിക്കുന്ന ദൈവമാണ്.

മൂന്നാം വായനയിൽ വെളിപാടുപുസ്തകം അവതരിപ്പിക്കുന്നത് നവീകരിക്കപ്പെട്ട ലോകമാണ്. തിന്മയ്ക്കു കീഴ്പ്പെട്ട പഴയ ലോകം കടന്നുപോയി. പുതിയവ വന്നുകഴിഞ്ഞു. വേദനയും കരച്ചിലും മരണവും ഉത്കണ്ഠയുമെല്ലാം കടന്നുപോയ പഴയ ലോകത്തിന്റെ സ്വഭാവമാണ്. അവയ്ക്കെല്ലാം അവസാനമുണ്ടാകുമെന്നത് പഴയനിയമപ്രവാചകന്മാരുടെ വാക്കുകളായിരുന്നു. പുതിയ യുഗം ഈശോമിശിഹായിലൂടെയാണു സംജാതമാകുന്നത്. പുതിയ സൃഷ്ടിക്കുതുല്യമായ നവീകരണം ദൈവത്തിനുമാത്രം സാധ്യമായ കാര്യമാണ്. പുതിയ ആകാശവും പുതിയ ഭൂമിയും എന്നത് ഈശോമിശിഹായിലൂടെ സംഭവിക്കുന്ന പ്രപഞ്ചത്തിന്റെയും മനുഷ്യന്റെയും നവീകരണമാണ്. ഭൂമിയിൽ സംജാതമാകുന്ന ദൈവരാജ്യക്രമത്തിന്റെ അടയാളവുമാണത്. മിശിഹായുടെ തുടർച്ചയായ സഭയുടെ ചിത്രമാണ് പുതിയ ജറുസലേമിന്റെയും മണവാട്ടിയുടെയും പ്രതീകങ്ങളിലൂടെ അവതരിപ്പിക്കുന്നത്. സ്വർഗത്തിൽനിന്ന് ഇറങ്ങിവന്ന ദൈവപുത്രനായ ഈശോമിശിഹായാണ് സഭയെ സ്ഥാപിച്ചതും നിർമലമായി കാത്തുസൂക്ഷിക്കുന്നതും. ഭൂമിയിലെ ദൈവത്തിന്റെ ഭവനമായ സഭയുടെ ചിറകിൻകീഴിൽ പരിശുദ്ധാത്മാവ് വിശ്വാസികളെ കൃപാവരത്തിൽ നിരന്തരം സംരക്ഷിച്ചുകൊണ്ടിരിക്കുന്നു.

വി. മത്തായി അറിയിക്കുന്ന സുവിശേഷത്തിൽ, ഈശോയിൽ പൂർത്തീകരിക്കപ്പെടുന്ന 'എമ്മാനുവേൽ' പ്രവചനത്തെയാണ് വെളിപ്പെടുത്തുന്നത്. ഏശയ്യ 7:14 വചനത്തിന്റെ പൂർത്തീകരണമാണത്. 'എമ്മാനുവേൽ' രഹസ്യം യൗസേപ്പിനാണ് ലഭിക്കുന്നത്. കർത്താവിന്റെ ദൂതൻ ഇക്കാര്യങ്ങൾ യൗസേപ്പിനെ അറിയിക്കുന്നു. കർത്താവിന്റെ ദൂതൻ യൗസേപ്പിനു പ്രത്യക്ഷപ്പെടാനുള്ള സാഹചര്യമുണ്ടായത് യൗസേപ്പ് മറിയത്തെ ഉപേക്ഷിക്കാൻ തീരുമാനിച്ചതുകൊണ്ടാണ്. യൗസേപ്പിനു സുവിശേഷം നൽകുന്ന വിശേഷണം നീതിമാൻ എന്നാണ്. അതിനു നിദാനമായി പറയുന്നത് തനിക്കു ഭാര്യയായി നിശ്ചയിക്കപ്പെട്ടിരുന്നവൾ ഗർഭവതിയായി എന്നറിഞ്ഞപ്പോൾ അവളുടെ സൽപ്പേരിനു കോട്ടം വരുത്താതെ രഹസ്യമായി ഉപേക്ഷിക്കാൻ യൗസേപ്പ് നിശ്ചയിച്ചതുമാണ്. കന്യക ഗർഭം ധരിച്ച് പുത്രനെ പ്രസവിക്കുമെന്നുള്ള എമ്മാനുവേൽ പ്രവചനമാണ് മറിയത്തിൽ സംഭവിച്ചിരിക്കുന്നതെന്ന വെളിപ്പെടുത്തലാണ് ദൂതൻ യൗസേപ്പിനു നൽകുന്നത്. യൗസേപ്പിന്റെ നീതിബോധം ദൈവരാജ്യക്രമങ്ങളിലേക്കാണു വിരൽ ചൂണ്ടുന്നത്. നീതിബോധം നഷ്ടപ്പെടുന്ന സമൂഹം ദൈവത്തിൽനിന്നു വ്യതിചലിക്കുകയും സാഹോദര്യത്തിന്റെ തലങ്ങളിൽ മുറിവുകൾ ഉണ്ടാക്കുകയും ചെയ്യും. നീതിസൂര്യനായ ഈശോമിശിഹായിലേക്കുള്ള വളർച്ചയാണ് ജോസഫ്. സഭ ഈ സ്വഭാവത്തിന്റെ ഭൂമിയിലെ രൂപമാണ്. ■

**സ്വർഗത്തിൽനിന്ന് ഇറങ്ങിവന്ന ദൈവപുത്രനായ ഈശോമിശിഹായാണ് സഭയെ സ്ഥാപിച്ചതും നിർമലമായി കാത്തുസൂക്ഷിക്കുന്നതും. ഭൂമിയിലെ ദൈവത്തിന്റെ ഭവനമായ സഭയുടെ ചിറകിൻകീഴിൽ പരിശുദ്ധാത്മാവ് വിശ്വാസികളെ കൃപാവരത്തിൽ നിരന്തരം സംരക്ഷിച്ചുകൊണ്ടിരിക്കുന്നു.**



**അലക്സാണ്ടർ സോൾസെനിറ്റ്സിൻ**
(1918–2008)

**സ്വതന്ത്രവിവർത്തനം : ഫാ. കുര്യാക്കോസ് നരിതൂക്കിൽ**

## ഗർത്തമല്ല മൃത്യു

മരണം, അതൊരഗാധ ഗർത്തമല്ല,
അതൊരു ഗിരിശൃംഗമത്രേ.
ആ കൊടുമുടിയിലേക്കു കേറുന്നു വീഥി.
കറുത്തിരുണ്ട വിഹായസ്സിൻ
നിഴലിലാണെൻ മൃത്യുശയ്യ.
അവിടേക്കു ദൈവമാം തൂവെള്ളസൂര്യനുടെ
രശ്മികൾ എത്തിനോക്കുന്നു.
പിന്നോട്ടു തിരിഞ്ഞുനോക്കുമ്പോൾ
ഈ ധവളരശ്മികളിൽ കാണുന്നൂ ഞാൻ
റഷ്യയെ, എൻ റഷ്യയെ
അവളുടെ ധ്യുവചക്രവാളങ്ങളോളം
പുരാതന ഗ്രീക്കുജ്ഞാനികൾ ഒറ്റശിലയിൽ
തീർത്ത ശില്പത്തിൻ ദിവ്യദൃഷ്ടികളോടെ
കടാക്ഷിക്കുക മമ റഷ്യയെ
വെറുപ്പോ പകയോ ഏശാതെ കാണുന്നു നിന്നെ
നിൻ താഴ്ചയും ഉന്നതിയും
അനുദിന ജീവിതപോരാട്ടവും
ഇവ്വിധം ക്രൂശിക്കപ്പെട്ടവളായി കാണുകില്ല നിന്നെ ഞാൻ
നിൻചാരത്തേക്കു വിളിക്കില്ല ഞാൻ ഇനിമേൽ ഉത്ഥാനത്തെ.

*(Ref. Solhnitsyn Centre.org/poems)*

### *സോൾസെനിറ്റ്സിന്റെ കവിതയ്ക്ക് ഒരു അടിക്കുറിപ്പ്*

റഷ്യൻ ഭാഷയിൽനിന്ന് അലക്സാണ്ടർ സോൾസെനിറ്റ്സിന്റെ മൂന്നു പുത്രന്മാരിൽ ഒരാളായ ഇഗ്നാസ് ഇംഗ്ലീഷിലേക്കു മൊഴിമാറ്റം ചെയ്ത കവിതയുടെ മലയാളവിവർത്തനമാണിത്.

1953 ഡിസംബർ രണ്ടാം തീയതി ദക്ഷിണ കസാക്കിസ്ഥാൻ നഗരമായ DZAMBUL ലുള്ള ക്യാൻസർ സെന്ററിലെ ഡോക്ടറച്ചൻ 'ഇനി രണ്ടാഴ്ച കൂടിയേ ജീവിക്കാനുള്ളൂ' എന്ന് അലക്സാണ്ടർ ഇസായിവിച്ച് സോൺസെനിറ്റ്സിനെ അറിയിക്കുന്നു. എട്ടു വർഷത്തെ കഠിനതടവു കഴിഞ്ഞിട്ട് വീട്ടുതടങ്കലിൽ കഴിയുമ്പോഴാണിത്. ക്ലിനിക്കിൽനിന്നിറങ്ങി വഴിയോരത്തുകൂടി നടന്നുപോകവേ, അദ്ദേഹം മനസ്സിൽ കുറിച്ചതാണീ ഈരടികൾ.

# അദ്ഭുതകരം ഈ പിരിയൻഗോവണി

**ആണിയോ പശയോ ഇടയ്ക്കു താങ്ങോ ഇല്ലാത്ത ഈ ചുറ്റുഗോവണി വിശുദ്ധ യൗസേപ്പിനാൽ നിർമിതമെന്നു വിശ്വസിക്കപ്പെടുന്നു.**



യാത്ര

സാംസൺ പാലാ

വടക്കേ അമേരിക്കയുടെ തെക്കു ഭാഗത്തുള്ള ന്യൂ മെക്സിക്കോ നഗരത്തിലെ സാന്താ ഫെയിൽ സ്ഥിതിചെയ്യുന്ന ഒരു റോമൻ കത്തോലിക്കാ ദൈവാലയമാണ് വി. യൗസേപ്പിതാവിന്റെ നാമത്തിലുള്ള ലൊറേറ്റോ ചാപ്പൽ. ഇതിനോടു ചേർന്നു സിസ്റ്റേഴ്സ് നടത്തുന്ന അക്കാദമി സ്കൂളും നിലകൊള്ളുന്നു. 1873 ൽ പണി തുടങ്ങിയ ചാപ്പൽ 1878 ൽ പൂർത്തിയാക്കി. പുരാതന ഗോഥിക് ശൈലിയിലുള്ള ഗ്ലാസ് ജാലകങ്ങൾ, ഗോപുരങ്ങൾ, സ്റ്റീൽ ബീമുകൾ തുടങ്ങി പണികൾക്കുള്ള എല്ലാ സാമഗ്രികളും ഫ്രാൻസിൽനിന്നാണു കൊണ്ടുവന്നത്. പ്രാദേശികമായി ഖനനം ചെയ്തെടുത്ത മണൽക്കല്ലുകൊണ്ടാണ് ചാപ്പലിന്റെ നിർമാണം നടത്തിയിരിക്കുന്നത്. ഇതിന്റെ രൂപകല്പന നിർവഹിച്ചത് ആന്റോയിൽ മൗലിയും അദ്ദേഹത്തിന്റെ മകൻ പ്രോജക്റ്റസും ചേർന്നായിരുന്നു.

ദൈവാലയത്തിന്റെ പണികൾ പൂർത്തിയായപ്പോഴാണ് സിസ്റ്റേഴ്സിന് ഒരു കാര്യം മനസ്സിലാകുന്നത്, ഗായകസംഘത്തിനു കയറാനുള്ള പ്രത്യേക സ്റ്റെയർകേസ് ഇല്ല. ഈയവസരത്തിൽ പ്രധാന ആർക്കിടെക്റ്ററായിരുന്ന ആന്റോയിൽ മൗലി മരണമടഞ്ഞു. പുതിയ ഗോവണി നിർമിക്കുന്നതിനെപ്പറ്റി അദ്ദേഹത്തിന്റെ മകനും നിശ്ചയമില്ലായിരുന്നു. ഇത് സിസ്റ്റേഴ്സിനെ വല്ലാതെ വിഷമിപ്പിച്ചു. ദൈവാലയനിർമിതിക്കു താത്കാലികമായി തീർത്ത സ്റ്റെയർകേസിലൂടെയാണ് ഗായകസംഘങ്ങൾക്കു പ്രവേശിക്കേണ്ടിയിരുന്നത്. ഈ ഗോവണി പൊളിച്ചുനീക്കാനുള്ളതായിരുന്നു. 20 അടി ഉയരത്തിൽ കുത്തനെ തീർത്തിരുന്ന ഇതിൽക്കൂടി കയറിയിറങ്ങുന്നത് ദുഷ്കരമായിരുന്നു. സിസ്റ്റേഴ്സ് ഉൾപ്പെടെ പലർക്കും ഇതിൽനിന്നു വീണു പരുക്കു പറ്റിയിട്ടുണ്ട്.

പുതിയ ഗോവണി നിർമിക്കുന്നതിനായി പല വിദഗ്ധരെയും സമീപിച്ചു. പലരും വന്നു നോക്കിയതല്ലാതെ കാര്യത്തിന് ഒരു തീരുമാനവുമുണ്ടായില്ല. ചെറിയ ചാപ്പലായിരുന്നതിനാൽ സ്റ്റെയർകേസ് പണിയേണ്ട ഭാഗത്ത് വേണ്ടത്ര സ്ഥലസൗകര്യം കുറയുമെന്നും കാഴ്ചയ്ക്ക് അഭംഗിയാണെന്നുമൊക്കെ പറഞ്ഞ് എല്ലാവരും പിന്മാറി.

ഒടുവിൽ ലൊറേറ്റോ ചാപ്പലിലെ കന്യാസ്ത്രീകൾ ഒരു പ്രത്യേക നിയോഗമെടുത്ത് ഒൻപതു ദിവസം ആശാരിമാരുടെ രക്ഷാധികാരിയായ വി. യൗസേപ്പിതാവിനോടുള്ള നൊവേന ചൊല്ലി മുട്ടിപ്പായി പ്രാർത്ഥിച്ചു. നൊവേനയുടെ ഒൻപതാം ദിവസം മദ്ധ്യവയസ്കനായ ഒരപരിചിതൻ, ഗോവണി പണിയാൻ ആളെ ആവശ്യമുണ്ടെന്നറിഞ്ഞു വന്നതാണെന്നറിയിച്ചു. സിസ്റ്റേഴ്സിനു സന്തോഷമായി. ലളിതമായ ഏതാനും ഉപകരണങ്ങൾകൊണ്ട് അദ്ദേഹം ഒറ്റയ്ക്ക് ജോലി ആരംഭിച്ചു. പണികൾക്കുള്ള തടി അദ്ദേഹം കൊണ്ടുവരികയോ സിസ്റ്റേഴ്സ് നൽകുകയോ ചെയ്തില്ല. ഒറ്റ രാത്രികൊണ്ട് ഗോവണി പൂർത്തിയാക്കിയെന്നും, അതല്ല, ആറുമാസംകൊണ്ടാണ് നിർമിച്ചതെന്നും പറയപ്പെടുന്നു.

ഒരു പാമ്പ് മരത്തിൽ ചുറ്റിപ്പിണഞ്ഞു കയറുന്നതുപോലെ ഇരുപതടി നീളത്തിലുള്ള ഒരു ചുറ്റുഗോവണി അദ്ദേഹം പണിതു തീർത്തു. ആശാരിപ്പണിയുടെയും ശില്പകലയുടെയും വളരെ ശ്രദ്ധേയമായ ഒരു ഉദാഹരണമാണ് ഈ സർപ്പിളഗോവണി. യാതൊരുവിധ സെൻട്രൽ സപ്പോർട്ടും കൊടുക്കാതെ ഇത്രയും ഉയരത്തിൽ പണിത ഈ പിരിയൻ ഗോവണി ഒരദ്ഭുത കലാസൃഷ്ടിയായി നിലനിൽക്കുന്നു. യേശുക്രിസ്തുവിന്റെ 33 വയസ്സിനെ അനുസ്മരിച്ചുകൊണ്ട് ഈ ഗോവണിക്ക് 33 പടികളാണുള്ളത്. ഇന്നത്തേതുപോലെ ആധുനിക ഉപകരണങ്ങളോ മറ്റു സൗകര്യങ്ങളോ ഒന്നുമില്ലാത്ത ഒരു കാലത്താണ് സഹായത്തിനുപോലും ആളില്ലാതെ അദ്ദേഹം ഒറ്റയ്ക്ക് ഇതു നിർമിച്ചത്. നല്ലൊരു ശില്പകലാകാരനു മാത്രമേ ഇതുപോലൊരു പിരിയൻഗോവണിയെപ്പറ്റി ചിന്തിക്കാനൊക്കൂ. ആണിയോ പശയോ ഒന്നും ഇതിന്റെ നിർമാണത്തിനുപയോഗിച്ചിട്ടില്ല. വളരെയധികം ശില്പികളും, ആശാരിപ്പണിയിൽ അതിവിദഗ്ധരും, നിരവധി എൻജിനീയർമാരും ഈ ഗോവണി കണ്ട് അമ്പരന്നുനിന്നിട്ടുണ്ട്. ഇതെങ്ങനെ നിർമിച്ചുവെന്ന് ആർക്കും ഇതേവരെ പിടികിട്ടിയിട്ടില്ല. ഈ ചുറ്റുഗോവണിപ്പടികളിൽ പന്ത്രണ്ടു ഗായകസംഘങ്ങൾ ഒന്നിച്ചുനിൽക്കുന്ന ചിത്രമുണ്ട്. നടുഭാഗത്ത് എങ്ങനെ ഭാരം താങ്ങുന്നു എന്നത് ഇന്നും അജ്ഞാതമാണ്.

ഗോവണിയുടെ പണികൾ പൂർത്തിയാക്കിയശേഷം ഒരു ദിവസം ആശാരി പ്രതിഫലമൊന്നും വാങ്ങാതെ കടന്നുകളഞ്ഞു. ഇത് സിസ്റ്റേഴ്സിനെ അദ്ഭുതപ്പെടുത്തി. അദ്ദേഹത്തെ അന്വേഷിച്ചുകണ്ടെത്തി പ്രതിഫലം നൽകുവാൻ അവർ സമീപപ്രദേശങ്ങളിലുള്ള പല തടിവ്യാപാരികളെയും ആശാരിമാരെയും ശില്പവിദഗ്ധരെയും ഒടുവിൽ അയൽസംസ്ഥാനങ്ങളിലും അന്വേഷിച്ചെങ്കിലും ഈ ആശാരിയെപ്പറ്റി ആർക്കും ഒരു വിവരവുമറിഞ്ഞുകൂടാ. പത്രങ്ങളിൽ പ്രത്യേക അറിയിപ്പായി പരസ്യവും പ്രസിദ്ധപ്പെടുത്തി. അദ്ദേഹമാരെന്നോ എന്തുകൊണ്ടാണ് പ്രതിഫലം വാങ്ങാതെ കടന്നുകളഞ്ഞതെന്നോ ആർക്കുമറിയില്ല. സിസ്റ്റേഴ്സ് അതിന്റെ നിർമാതാവിനെയും നിർമാണത്തെയും വിലയിരുത്തിക്കൊണ്ട് സെന്റ് ജോസഫിന് പ്രത്യേക പ്രാധാന്യം നൽകി ആദരിക്കുകയും ചെയ്തു.

ഒടുവിൽ, സിസ്റ്റേഴ്സ് ഒരു നിഗമനത്തിലെത്തി, ഈ അദ്ഭുതഗോവണി പണിതത് ശരിക്കും യൗസേപ്പിതാവുതന്നെ. തങ്ങളുടെ നൊവേനയ്ക്കു ഫലം കണ്ടതിൽ അവർ സന്തോഷിച്ചു. ഈ സംഭവം പുറത്തറിഞ്ഞവരെല്ലാം ഗോവണി കാണാനെത്തിത്തുടങ്ങി. ഇതോടുകൂടി ഇവിടം വലിയൊരു ടൂറിസ്റ്റ് കേന്ദ്രമായി മാറി. ഒരു വർഷം മൂന്നു ലക്ഷത്തോളം സന്ദർശകർ ഇവിടെ വന്നുപോകുന്നു ലൊറേറ്റോ ഗോവണിയുടെ നിർമാണത്തിനായി ഉപയോഗിച്ച മരത്തെപ്പറ്റി ഇപ്പോഴും തർക്കം നടക്കുന്നു. വടക്കേ അമേരിക്കയിലെ പത്തുതരം സ്പ്രൂസ് തടികളിൽ ഒരിനമാണെന്ന് പറയപ്പെടുന്നു. തടിയുടെ സാമ്പിൾ കിട്ടാത്തതിനാൽ ഇക്കാര്യത്തിൽ ഉറച്ച തീരുമാനത്തിലെത്താൻ കഴിഞ്ഞിട്ടില്ല. ഇതിപ്പോൾ സ്വകാര്യവ്യക്തികളുടെ മ്യൂസിയമായും വിവാഹവേദിയായും മാറിയിരിക്കുന്നു.

1998 ൽ ബാർബറ ഹെർഷിയും വില്യം പീറ്റേഴ്സ്ണും അഭിനയിച്ച, 'മിറക്കിൾ സ്റ്റെയർകേസ്' എന്ന പേരിൽ ഒരു ടെലിവിഷൻ ചിത്രം ഇറങ്ങിയിട്ടുണ്ട്. ബോംബെയിൽനിന്ന് വിമാനമാർഗം 22 മണിക്കൂർകൊണ്ട് മെക്സിക്കോയിലെ സാന്താഫെ റീജിയണൽ എയർപോർട്ടിലെത്താം. അവിടെനിന്ന് 18 കിലോമീറ്റർ കാറിൽ സഞ്ചരിച്ചാൽ ലൊറേറ്റോ ചാപ്പലിലെത്തും. 360 ഡിഗ്രിയോളം ചരിഞ്ഞ് വളഞ്ഞുപുളഞ്ഞു പോകുന്ന ഈ സ്പൈറൽ ഗോവണി ശാസ്ത്രത്തെയും സന്ദർശകരെയും അദ്ഭുതപ്പെടുത്തിക്കൊണ്ട് ഒരു വിസ്മയമായി നിലകൊള്ളുന്നു.



■

# യാത്രക്കൂലി



ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ

പൊതുവാഹനങ്ങളിൽ യാത്ര ചെയ്യുന്നവരുടെ നിരക്ക് പല കാരണങ്ങളാൽ സർക്കാർ വർദ്ധിപ്പിക്കാറുണ്ട്. നിരക്കുവർദ്ധനയുടെ യാതനകൾ പലപ്പോഴും യാത്രക്കാരെ ദുരിതത്തിലാക്കുന്നു. വാഹനത്തിൽ യാത്ര ചെയ്യുന്നതിനു പ്രതിഫലമായി കൊടുക്കുന്ന തുകയാണ് യാത്രക്കൂലി. യാത്രക്കൂലിയെ 'യാത്രാക്കൂലി' എന്ന് ഇപ്പോൾ പറയുകയും എഴുതുകയും ചെയ്യുന്നു. 'യാത്രാ' സംസ്കൃതവും 'കൂലി' മലയാളവുമാണെന്ന് അറിയാതെയുള്ള പദസൃഷ്ടിയാണിത്. സംസ്കൃതത്തിലെ 'യാത്രാ' മലയാളത്തിൽ യാത്ര എന്നാകും. യാത്ര എന്ന ഹ്രസ്വാന്തത്തോടാണ് കൂലി ഉത്തരപദമായി ചേരുന്നത്. അപ്പോൾ ശരിയായ സമസ്തപദം യാത്രക്കൂലി എന്നാകുന്നു. യാത്ര + കൂലി = യാത്രക്കൂലി.

"സമാസത്തിൽ 'യാത്രാ' എന്നത് പൂർവ്വപദം. സന്ധിചേരുമ്പോൾ 'ആ' കാരം ലോപിച്ചിട്ട് ഉത്തരപദാദിയിലെ ദൃഢം ഇരട്ടിക്കണം"* എന്നാണല്ലോ നിയമവും. അങ്ങനെ യാത്ര + കൂലി, യാത്രക്കൂലി യാകുന്നു. യാത്ര + കപ്പൽ = യാത്രക്കപ്പൽ; യാത്ര + ചെലവ് = യാത്രച്ചെലവ്; യാത്ര + പടി = യാത്രപ്പടി (ഔദ്യോഗികമായ കാര്യങ്ങൾക്കുവേണ്ടി ചെയ്യുന്ന യാത്രയുടെ ചെലവുകൾക്കായി അനുവദിക്കുന്ന തുക) യാത്രക്കളി (ശാസ്ത്രക്കളി) എന്നിവയും ഇങ്ങനെതന്നെവേണം എന്നു തിരിച്ചറിവുള്ളവർ, ദീർഘവും ഇരട്ടിപ്പും കൂട്ടിച്ചേർത്തു പ്രയോഗിക്കുകയില്ല.**

ഏതെങ്കിലും പണിക്കു കൊടുക്കുന്ന പ്രതിഫലമാണല്ലോ കൂലി. പക്ഷേ, യാത്രക്കൂലിയിലെ കൂലിക്ക് നിശ്ചിതസ്ഥലത്തേക്കു യാത്ര ചെയ്യാൻ നൽകുന്ന തുക എന്നാണർത്ഥം. അങ്ങനെയെങ്കിൽ യാത്രാക്കൂലിയെ പ്രചാരംകൊണ്ട് സ്വീകാര്യമായ പ്രയോഗമായി കരുതാം. 'യാത്രാക്കൂലി' എന്നെഴുതാൻ നിലവിലുള്ള നിയമം അനുവദിക്കുന്നില്ല. നടപ്പുവില കൂട്ടൽ എന്ന വിവക്ഷിതത്തിൽ നിരക്കുവർദ്ധന എന്നാണ് എഴുതേണ്ടത്. 'നിരക്കുവർദ്ധനവ്' എന്ന പ്രയോഗം അസ്വീകാര്യമാണ്. അന്ത്യാഗമനം (Paragogue) എന്ന ശബ്ദശാസ്ത്രതത്ത്വം വർദ്ധന എന്നതിൽ ആവശ്യമില്ല. 'യാത്രാനിരക്ക്' എന്ന സമസ്തപദവും സാധുവല്ല. നിരക്ക് മലയാളപദമായതിനാൽ യാത്രാ എന്ന പൂർവ്വപദാന്ത്യത്തിലെ ദീർഘം സമാസത്തിൽ ഉപേക്ഷിക്കണം. നിരക്ക് എന്നതിലെ പദാദ്യ നകാരം ശിഥിലാക്ഷരമായതിനാൽ ഇട്ടിപ്പും ആവശ്യമില്ല. (പഞ്ചമം മധ്യമം ഹാവും/ ശിഥിലാഭിധമായ് വരും, കാരിക 13) അങ്ങനെയെങ്കിൽ, യാത്ര + നിരക്ക്, യാത്രനിരക്ക് എന്നെഴുതിയാൽ രൂപവും പൊരുളും മലയാളത്തോടു ചേർന്നു നിൽക്കും.

* ദാമോദരൻ നായർ, പി., അപശബ്ദബോധിനി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2013, പുറം – 534

** നാരായണൻ, വി.കെ., വാക്കിന്റെ ഇരുളും പൊരുളും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2020, പുറം – 95

*** രാജരാജവർമ, എ.ആർ., കേരളപാണിനീയം, എൻ.ബി.എസ്., കോട്ടയം, 1998, പുറം – 129

# പരോപകാരാർത്ഥമിദം ശരീരം

**ജോബ് വള്ളാട്ട്**



1892-ാമാണ്ടിൽ അമേരിക്കയിലെ വളരെ പ്രശസ്തമായ സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റിയിൽ പതിനെട്ടുകാരനായ ഒരു വിദ്യാർത്ഥി പഠിക്കുന്നുണ്ടായിരുന്നു. തന്റെ പഠനച്ചെലവിനുള്ള വഴി കാണാതെ വിഷമിച്ചു കഴിയുകയായിരുന്ന അവൻ ഒരു അനാഥനുമായിരുന്നു. പണം കണ്ടെത്താൻ എന്തു വഴിയുണ്ടെന്നും എവിടെപ്പോകണമെന്നും വിഷമിച്ചിരിക്കുകയായിരുന്ന അയാൾ അവസാനം ഒരു ആശയം കണ്ടെത്തി. അതു കൂട്ടുകാരനുമായി പങ്കുവച്ചു. കാമ്പസിൽ ഒരു ഗാനമേളയ്ക്ക് ആതിഥ്യം വഹിച്ചു പണം കണ്ടെത്താമെന്നായിരുന്നു അവന്റെ മനസ്സിലുദിച്ച ആശയം. കൂട്ടുകാരനും ആ മാർഗം സ്വീകാര്യമായി. അതിനായി അക്കാലത്ത് വളരെ പേരെടുത്ത ഒരു പിയാനിസ്റ്റിനെ സമീപിച്ചു. അദ്ദേഹം പോളീഷ്കാരനായ ഇഗ്നാസിയോ ജെ. പദ്രേർവ്സ്കി എന്ന ഗായകനായിരുന്നു. അദ്ദേഹത്തിന്റെ മാനേജരുടെ ശ്രദ്ധയിൽ കുട്ടികൾ കാര്യം അവതരിപ്പിച്ചു. പിയാനോ ഗാനമേളയ്ക്ക് രണ്ടായിരം ഡോളർ ഫീസായി ഉറപ്പായും വേണമെന്ന് അദ്ദേഹം അവരോടു പറഞ്ഞു. വ്യവസ്ഥകൾ സമ്മതിച്ച് കുട്ടികൾ ഉടമ്പടി പാസ്സാക്കി. ഗാനമേള വിജയകരമാക്കിത്തീർക്കാൻ അവർ തീരുമാനിച്ചു. അതിനുള്ള ചെലവുകൾക്കായി ധനസമാഹരണത്തിന് ഇറങ്ങിപ്പുറപ്പെട്ടു. ടിക്കറ്റുകൾ അടിച്ചു വില്പനയും തുടങ്ങി.

കരാർദിനം വന്നെത്തി. നിർഭാഗ്യകരമെന്നു പറയട്ടെ, അവർക്കു രണ്ടായിരം ഡോളർ പിരിച്ചെടുക്കാനായില്ല. വെറും 1600 ഡോളർ മാത്രമേ ലഭിച്ചിരുന്നുള്ളൂ! നിരാശരായി, തകർന്ന മനസ്സുമായി അവർ പദ്രേർവ്സ്കിയെ ചെന്നുകണ്ട് തങ്ങളുടെ ദയനീയസ്ഥിതി വിവരിച്ചു. അവർ പിരിച്ചുകിട്ടിയ 1600 ഡോളറും ബാക്കി 400 ഡോളറിനുള്ള ഒരു അവധിച്ചെക്കും നൽകി. എത്രയുംവേഗം ബാക്കി തുക നൽകാമെന്ന് ഉറപ്പും നൽകി. വേണ്ടപോലെ ചെയ്തുതരണമെന്നും അവർ അപേക്ഷിച്ചു. അവരുടെ നിസ്സഹായാവസ്ഥ അവരുടെ മുഖത്തുനിന്നു വായിച്ചറിഞ്ഞിട്ടോ എന്തോ 'വേണ്ട' എന്ന മറുപടി അദ്ദേഹം നൽകി. ഇത് 'ഒട്ടും സ്വീകാര്യമല്ല' എന്നു പറഞ്ഞ അദ്ദേഹം ആ കുട്ടികൾ നൽകിയ ചെക്കു രണ്ടായി കീറി. വാങ്ങിയ 1600 ഡോളർ തിരികെ നൽകിക്കൊണ്ട് അവരോടു പറഞ്ഞു: "നിങ്ങൾക്കു ചെലവായ തുകയത്രയും എടുത്തിട്ടു ബാക്കിയുള്ളതു നിങ്ങൾ കൈവശം വച്ചുകൊള്ളുക. നിങ്ങളുടെ ഫീസിന്റെ ചെലവിന് ഉപയോഗിക്കുക. ഇനി ബാക്കിയുള്ളതു വല്ലതുമുണ്ടെങ്കിൽ, ശേഷിച്ചിട്ടുണ്ടെങ്കിൽ അതുമാത്രം എനിക്കു തന്നാൽ മതി!" കുട്ടികൾ അത്യന്തം അദ്ഭുതപ്പെട്ടു. സമനില വീണ്ടെടുത്ത അവർ അദ്ദേഹത്തിന് അകമഴിഞ്ഞ കൃതജ്ഞത പറഞ്ഞു പിരിഞ്ഞു. അതു കാരുണ്യത്തിന്റെ ചെറിയൊരുദാഹരണമായിരുന്നുവെങ്കിലും പദ്രേർവ്സ്കിയെ മഹാനായൊരു മനുഷ്യസ്നേഹിയായി ചിത്രീകരിക്കാൻ അതു കാരണമായി.

വാഗ്ദാനം ചെയ്തപോലെ അദ്ദേഹം അവർക്കു ഗാനമേള കെങ്കേമമായി നടത്തിക്കൊടുത്തു. തങ്ങൾക്കാവശ്യമായതിൽ കൂടുതൽ നല്ലൊരു തുക കളക്ഷൻ കിട്ടിയതിൽ കുട്ടികൾ വളരെയേറെ സന്തോഷചിത്തരായി.

തനിക്ക് ഒട്ടും പരിചയവും അറിവും ഇല്ലാത്ത രണ്ടുപേരെ പദ്രേർവ്സ്കി എന്തിനു സഹായിച്ചു? ഇതുപോലുള്ള സ്ഥിതിവിശേഷമോ സാഹചര്യമോ ജീവിതയാത്രയിൽ നാമും അഭിമുഖീകരിക്കാറില്ലേ? നമ്മിൽ ചിലരെങ്കിലും 'ഞാൻ ഇവരെ സഹായിച്ചാൽ നമുക്കെന്തു ഗുണം' എന്നാവും ചിന്തിക്കുക. എന്നാൽ, 'ഞാൻ ഇവരെ സഹായിച്ചില്ലെങ്കിൽ ഇവർക്കെന്തു സംഭവിക്കും' എന്നാണ് മനുഷ്യത്വവും ആത്മാർത്ഥതയും ഉള്ളവർ ചിന്തിക്കുക. അവർ അതു ചെയ്യുന്നതിന്റെ കാരണം അതു തങ്ങൾ ചെയ്യേണ്ടതും ശരിയായ ഒരു കാര്യവുമെന്ന ചിന്തയിലാണ്.

പദ്രേർവ്സ്കി പിന്നീട് നാട്ടിലേക്കു മടങ്ങി. അദ്ദേഹം താമസിയാതെ പോളണ്ടിന്റെ പ്രധാനമന്ത്രിയുമായി! അദ്ദേഹത്തിന്റെ ഭരണതന്ത്രജ്ഞതയും നേതൃപാടവവും പോളിഷ് ജനതയെ ഹഠാദാകർകർഷിച്ചു. നിർഭാഗ്യവശാൽ യൂറോപ്പിൽ യുദ്ധം പൊട്ടിപ്പുറപ്പെട്ടു. പോളണ്ട് ആകെ തകർച്ചയിലുമായി; എങ്ങും പട്ടിണിയും പരിവട്ടവും. അവരെ പോറ്റാനുള്ള വക പോളണ്ടിലില്ലാതായി. സഹായത്തിനുള്ള നിലവിളിയിൽ ജനതയുടെ വേദനയിൽ നീറിയ അദ്ദേഹം പരിഹാരം കാണാനുള്ള വഴിതേടി. ഒടുവിൽ സഹായത്തിനായി അമേരിക്കൻ ഫുഡ് ആൻഡ് റിലീഫ് അഡ്മിനിസ്ട്രേഷനെ സമീപിക്കാൻ തീരുമാനിച്ചു. ഹെർബെർട്ട് ഹൂവർ (Herbert Hoover) എന്നൊരാൾ അവിടെയുണ്ടെന്നും അദ്ദേഹമിപ്പോൾ അമേരിക്കൻ പ്രസിഡണ്ടാണെന്നും അദ്ദേഹം അറിഞ്ഞു. ഒട്ടും അമാന്തം കൂടാതെ അദ്ദേഹം ഹൂവറെ കാര്യങ്ങൾ അറിയിച്ചു സഹായം അഭ്യർത്ഥിച്ചു. ഹെർബെർട്ട് ഹൂവർ സഹായിക്കാമെന്നേറ്റു. ഉടനടി ടൺ കണക്കിനു ഭക്ഷ്യധാന്യങ്ങൾ കയറ്റിയ കപ്പലുകൾ പോളണ്ടിലേക്കു തിരിച്ചു. ഒരു വലിയ ദുരന്തരം പോളണ്ടിനു സംഭവിക്കാമായിരുന്നത് അങ്ങനെയൊഴിവായി. പദ്രേർവ്സ്കിക്ക് ആശ്വാസവുമായി.

നേരിട്ട് അമേരിക്കയിലെത്തി ഹൂവറെക്കണ്ട് നൽകിയ ഉപകാരത്തിനും സഹായത്തിനും നന്ദി പറയുവാൻ പദ്രേർവ്സ്കി തീരുമാനിച്ചു. അതിനായി അമേരിക്കയിലെത്തി ഹൂവറിന്റെ സന്മനസ്സിന് ആത്മാർത്ഥമായ നന്ദി പ്രകാശിപ്പിച്ചുതുടങ്ങിയപ്പോൾ ഹൂവർ ഇടപെട്ടു പറഞ്ഞു: "മിസ്റ്റർ പ്രധാനമന്ത്രീ, നിങ്ങൾ എനിക്കു നന്ദി പറയേണ്ടതില്ല, നിങ്ങൾ ഇക്കാര്യം ഓർമിക്കുന്നില്ലായിരിക്കും. വർഷങ്ങൾക്കു മുമ്പ് നിങ്ങൾ ചെറുപ്പക്കാരനായ രണ്ടു വിദ്യാർത്ഥികൾക്ക് കോളജുപഠനം പൂർത്തീകരിക്കാനുള്ള ഫീസിനു സഹായം ചെയ്തിട്ടുണ്ട്. ഞാൻ അവരിൽ ഒരാളാണ്."

നമ്മുടെ ലോകം അദ്ഭുതകരമാണ്. ചുറ്റും നടക്കുന്നവ നമുക്കും അനുഭവത്തിനിടയാക്കാറുണ്ട്. നമ്മുടെ കഴിവിന്റെ ഒരംശമല്ല, പരമാവധികൊണ്ട് നാം മറ്റുള്ളവരെ സഹായിക്കണം. സാമൂഹികജീവിതമാണല്ലോ നമ്മുടേത്. ഒടുവിൽ നാം നമ്മെത്തന്നെയാണു സഹായിക്കുന്നതെന്ന കാര്യം നാം മറന്നുകൂടാ. അക്കാര്യം മനസ്സിലാക്കിയാൽ ജീവിതം അർത്ഥപൂർണമാകും. മറ്റുള്ളവരിൽ നന്മയുടെ വിത്തുപാകുന്നവരെ ഈശ്വരൻ ഒരിക്കലും മറക്കില്ല. പ്രകൃതിയിൽ തനിക്കുവേണ്ടിത്തന്നെ ഒന്നും ജീവിച്ചുപോവുന്നില്ലതാനും. നദി അതിലുള്ള ജലം കുടിച്ചുതീർക്കുന്നില്ല; വൃക്ഷസസ്യജാലങ്ങൾ അവയുടെ ഫലങ്ങൾ ഭക്ഷിക്കുന്നില്ലല്ലോ. സൂര്യൻ നമുക്കുവേണ്ടിയല്ലേ ചൂടും വെളിച്ചവും നൽകുന്നത്? പൂക്കൾ തങ്ങളുടെ ഭംഗിയും സൗരഭ്യവും പുറത്തേക്കു പരത്തുന്നത് തങ്ങൾക്കായിട്ടല്ലല്ലോ. 'മറ്റുള്ളവർക്കായി ജീവിക്കുക' എന്നതാണു പ്രകൃതിനിയമംതന്നെയും. അങ്ങനെ അതിൽത്തന്നെയുൾക്കൊള്ളുന്നു ജീവിതത്തിന്റെ രഹസ്യവും. 'പരോപകാരാർത്ഥമിദം ശരീരം' എന്ന പഴമൊഴിതന്നെയും ആർഷഭാരതസംസ്കാരത്തിന്റെ നിദർശനമായിരുന്നല്ലോ.

ഇന്നു നമ്മുടെ സമൂഹത്തിൽ കാണുന്ന ചില ദുഷ്പ്രവണതകൾ നമുക്ക് വല്ലായ്മയുണ്ടാക്കുന്നില്ലേ? വ്യക്തികൾ തമ്മിലും സമൂഹത്തിലും ദേശത്തിലും ദേശീയ അന്തർദേശീയരംഗത്തും ഇതുപോലെ ചില അരുതായ്കകൾ നാം കാണാറില്ലേ? സഹകരണം, പരസ്പരസഹായം, സാഹോദര്യം ഇവയുടെ അഭാവംകൊണ്ടാണല്ലോ കലഹവും കലാപവും യുദ്ധങ്ങൾതന്നെയും ഉണ്ടാവുന്നത്. ഉപകാരം കിട്ടിയിട്ട് നന്ദിപറയാത്തവരും നമ്മിൽനിന്നു സഹായം കിട്ടിയിട്ട് വിസ്മരിക്കുന്നവരുമൊക്കെ ഇന്നു സമൂഹത്തിലും രാഷ്ട്രീയത്തിലും പെരുകുന്നതുതന്നെ മനുഷ്യത്വചിന്തയുടെ അഭാവമാണല്ലോ. നന്മ ചെയ്തിട്ടു തിന്മ തിരിച്ചു ചെയ്യുന്ന കടുംകൈകളെയും നാം കാണുന്നു. വ്യക്തികൾ സമൂഹത്തിലും സമൂഹം രാജ്യത്തിലും, രാജ്യങ്ങൾ അന്താരാഷ്ട്രരംഗത്തും ഇങ്ങനെ പ്രവർത്തിക്കുന്നതുകൊണ്ടാണല്ലോ ലോകം ഹിംസാത്മകവും അക്രമാസക്തവുമാകുന്നത്. തൻകാര്യലക്ഷ്യവും പരദ്രോഹവുമുള്ളവർ ലോകത്തുള്ളതാണ് അരക്ഷിതാവസ്ഥയ്ക്കും അസമാധാനത്തിനും കാരണമെന്നത് വിസ്മരിക്കാതിരിക്കാം. 'ലോകാ, സമസ്താ സുഖിനോ ഭവന്തു' എന്നതായിരിക്കട്ടെ നമ്മുടെ ആപ്തവാക്യം. ■

**കേരളത്തിലെ കാട്ടുമൃഗങ്ങൾ**

# മരപ്പട്ടി

**മാത്യൂസ് ആർപ്പൂക്കര**

മരപ്പട്ടിക്ക് ഏതാണ്ട് ഒരു പൂച്ചയുടെ രൂപഭാവങ്ങളാണുള്ളത്. ഇവയെ 'പനവെരുക്' എന്നും വിളിക്കുന്നു.

കാട്ടിൽ മാത്രമല്ല, നാട്ടിൻപുറങ്ങളിലും മരപ്പട്ടിയെ കാണാറുണ്ട്. കാട്ടിൽ പാറക്കൂട്ടത്തിലോ കുറ്റിക്കാട്ടിലോ വള്ളിക്കുടിലിലോ മറ്റോ താമസിക്കുന്നു. നാട്ടിൽ ആളൊഴിഞ്ഞ വീടുകളുടെയോ കെട്ടിടങ്ങളുടെയോ തട്ടിൻപുറമാണ് മുഖ്യതാവളം.

വംശനാശഭീഷണി നേരിടുന്ന കാട്ടുമൃഗമാണിത്. ശരാശരി 15 വർഷമാണ് ആയുസ്സ്. പ്രധാനശത്രു മനുഷ്യൻ തന്നെ. കാട്ടിലാണെങ്കിൽ ചെന്നായ്, പുലി, കരടി, കഴുതപ്പുലി, കടുവ തുടങ്ങിയ കാട്ടുമൃഗങ്ങൾ ഇവയെ ആക്രമിക്കാറുണ്ട്.

മരപ്പട്ടിക്കു പൊതുവെ പഴങ്ങളോടാണ് ഇഷ്ടമെങ്കിലും ചെറുജീവികളെയും തിന്നുന്ന സ്വഭാവമുണ്ട്. കാട്ടുപൂച്ച, നായ്ക്കുട്ടി, കോഴികൾ എന്നിവയെയും പിടിച്ചുതിന്നാറുണ്ട്. ഇവ സാധാരണമായി ശബ്ദമുണ്ടാക്കാറില്ല. മുറിവേറ്റാലും നിശ്ശബ്ദമായി കഴിയും. അപകടത്തിൽനിന്നും ഓടിയകലാനാണ് നോക്കുക. ഇവയുടെ ആക്രമണം മാരകമായിരിക്കും. ഇവയ്ക്കു സ്വന്തമായൊരു സാമ്രാജ്യമുണ്ടാകും. കാട്ടിൽ പുലിയുടെയും കടുവയുടെയും സിംഹത്തിന്റെയും പോലുള്ളൊരു സ്വകീയസാമ്രാജ്യം. മറ്റു മരപ്പട്ടികൾപോലും ഇവിടെ അതിക്രമിച്ചുകയറാൻ ഇവ അനുവദിക്കില്ല. കാട്ടിലായാലും നാട്ടിലായാലും ഇവയ്ക്ക് അധികാരാതിർത്തിയുണ്ട്.



മരപ്പട്ടികൾ രാത്രി സഞ്ചാരികളാണ്. ഇവയ്ക്കു വാലുൾപ്പെടെ മൂന്നടിയോളം (ഒരു മീറ്ററോളം) നീളം വരും. കറുപ്പുകൂടിയ ചാരനിറമാണ്. ഉടലിൽ ചെറുവരകളും കുറികളുമൊക്കെ ഉണ്ടാവും. ശരീരം രോമാവൃതമാണ്. വാലിൽ കൂടുതൽ രോമം കാണും. ബോട്ടിൽബ്രഷ്പോലെ വിരലുകളിൽ കൂർത്ത നഖങ്ങളും വായിൽ കൂർത്തുമൂർത്ത പല്ലുകളും കാണാം. വിരൽനഖങ്ങൾ ഉപയോഗിച്ചാണ് മരത്തിലും പാറയിലുമൊക്കെ അനായാസം കയറിപ്പോകുക. അതുപോലെതന്നെ ഒരു മരത്തിൽനിന്നോ ശിഖരത്തിൽനിന്നോ നിഷ്പ്രയാസം ചാടിക്കടക്കാനും മരപ്പട്ടികൾക്കു കഴിയും. മരത്തിലൂടെ പാഞ്ഞുനടക്കുന്ന മരപ്പട്ടി താഴെ ഇഴയുന്ന കീരിക്കുഞ്ഞുങ്ങളെയും കോഴിക്കുഞ്ഞുങ്ങളെയും റാഞ്ചിയെടുക്കാറുണ്ട്. ■

# സ്ത്രീകളുടെ അന്തസ്സിനു ഭംഗം വരുത്തിയാൽ

## അറിയണം ഈ നിയമവഴികൾ

(കഴിഞ്ഞ ലക്കം തുടർച്ച)

**സ്ത്രീകൾക്കുനേരേയുള്ള അതിക്രമങ്ങൾ തടയുന്നതിനായി നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പ്രതിപാദിക്കുന്ന ലേഖനത്തിന്റെ രണ്ടാം ഭാഗം**



**അഡ്വ. സി. ലിനറ്റ് ചെറിയാൻ** SKD

**6. സ്ത്രീകളെ ശല്യം ചെയ്യൽ** (Eve Teasing / Sexual Harassment) ഒരു സ്ത്രീയുടെ മര്യാദയെ ലംഘിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി ഏതെങ്കിലും വാക്കുകൾ ഉച്ചരിക്കുകയോ ഏതെങ്കിലും ചേഷ്ടകൾ കാണിക്കുകയോ ചെയ്താൽ ഒരു വർഷം തടവുശിക്ഷ ലഭിക്കാം. ഫോൺവഴിയോ എഴുത്തുവഴിയോ ശല്യം ചെയ്യുന്നതും, ഇന്ത്യൻ ശിക്ഷാനിയമം 294 (ബി) പ്രകാരം അശ്ലീലവാക്കുകൾ പറയുകയോ അശ്ലീലഗാനങ്ങൾ പാടുകയോ ചെയ്യുന്നതും മൂന്നു മാസം വരെ തടവുശിക്ഷ ലഭിക്കാവുന്ന കുറ്റകൃത്യമാണ്.

**7. ഗർഭച്ഛിദ്രവും ഗർഭസ്ഥശിശുവിന്റെ മരണം സംഭവിപ്പിക്കുന്നതും** (Causing miscarriage and preventing child from being born alive) ഇന്ത്യൻ ശിക്ഷാനിയമം 313-ാം വകുപ്പുപ്രകാരം സ്ത്രീയുടെ സമ്മതമില്ലാതെ ഗർഭച്ഛിദ്രം നടത്തുന്നത് പത്തു വർഷംവരെ തടവുശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്.

**8. വിവാഹവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ** (Offence relating to marriage) നിയമപരമായി വിവാഹം ചെയ്യാതെ ഒരു സ്ത്രീയോടൊപ്പം താമസിക്കുകയും ഭാര്യയാണെന്നു വിശ്വസിപ്പിച്ചുകൊണ്ട് അവരുമായി ലൈംഗികവേഴ്ച നടത്തുകയും ചെയ്താൽ ഇന്ത്യൻ ശിക്ഷാനിയമം 493-ാം വകുപ്പുപ്രകാരം പത്തു വർഷംവരെ തടവുശിക്ഷ ലഭിക്കാം.

**9. കേരള പോലീസ് നിയമം** (Kerala Police Act 2011) കേരള പോലീസ് ആക്ടിലെ 119-ാം വകുപ്പ്പ്രകാരം ഏതെങ്കിലും പൊതുസ്ഥലങ്ങളിൽ സ്ത്രീകളുടെ അന്തസ്സ് ഹനിക്കുന്ന തരത്തിലുള്ള ലൈംഗിക ചേഷ്ടകളോ പ്രവൃത്തികളോ ചെയ്യുകയോ ഏതെങ്കിലും സ്ഥലത്തുവച്ച് സ്ത്രീകളുടെ ന്യായമായ സ്വകാര്യതയ്ക്കു ഭംഗം വരുത്തുന്ന രീതിയിൽ ഫോട്ടോയോ വീഡിയോയോ എടുക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്താൽ മൂന്നു വർഷം തടവോ 10000 രൂപയിൽ കവിയാത്ത പിഴയോ ഇവ രണ്ടും കൂടിയോ ശിക്ഷയായി ലഭിക്കാവുന്നതാണ്.

**10. സ്ത്രീധന നിരോധനനിയമം** (Dowary Prohibition Act 1961) ഈ നിയമത്തിന്റെ 3-ാം വകുപ്പുപ്രകാരം സ്ത്രീധനം വാങ്ങുന്നതും കൊടുക്കുന്നതും അഞ്ചു വർഷം തടവുശിക്ഷ ലഭിക്കാവുന്ന കുറ്റകൃത്യമാണ്.

**11. സ്ത്രീകളുടെ അന്തസ്സിനു ഭംഗം വരുത്തുന്ന രീതിയിൽ അവതരിപ്പിക്കുന്നത് നിരോധിച്ചുകൊണ്ടുള്ള നിയമം** (Indecent representation of women (Prohibition) Act 1986). ഈ നിയമത്തിന്റെ 3-ാം വകുപ്പുപ്രകാരം ഏതെങ്കിലും സ്ത്രീയുടെ ചിത്രം അന്തസ്സിനു ചേരാത്തവിധം പരസ്യങ്ങളിലോ പോസ്റ്ററുകളിലോ പ്രദർശിപ്പിക്കുന്നതും 4-ാം വകുപ്പുപ്രകാരം അത്തരം ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ, ഫിലിം തുടങ്ങിയവ വിതരണം ചെയ്യുന്നതും പോസ്റ്റുവഴി അയയ്ക്കുന്നതും കുറ്റകരമാണ്.

**12. ബാലവിവാഹം** (Child Marriage (Prohibition) Act 2006) ഇതിന്റെ 9-ാം വകുപ്പുപ്രകാരം പ്രായപൂർത്തിയായ ഒരു പുരുഷൻ (21 വയസ്സിൽ മുകളിൽ) 18 വയസ്സിൽ താഴെ പ്രായമുള്ള പെൺകുട്ടിയെ വിവാഹം കഴിക്കുന്നതും 10-ാം വകുപ്പുപ്രകാരം ശിശുവിവാഹം നടത്തിക്കൊടുക്കുന്നതും രണ്ടു വർഷം തടവുശിക്ഷ ലഭിക്കാവുന്ന കുറ്റകൃത്യമാണ്.

**13. വേശ്യാവൃത്തി നിരോധനനിയമം** (Immoral Traffic (Prevention) Act 1956) ഈ നിയമത്തിന്റെ 3-ാം വകുപ്പു പ്രകാരം വേശ്യാലയം നടത്തുന്നത് മൂന്നു വർഷംവരെ ശിക്ഷ കിട്ടാവുന്ന കുറ്റമാണ്.

**14. ഗാർഹികാതിക്രമങ്ങളിൽനിന്നു സ്ത്രീകളെ സംരക്ഷിക്കുന്നതിനുള്ള നിയമം.** കുടുംബത്തിനുള്ളിൽനിന്ന് ഏതെങ്കിലും തരത്തിലുള്ള അതിക്രമത്തിനു വിധേയമാക്കുകയോ അതിക്രമങ്ങളെത്തുടർന്നു സംഭവിക്കുന്ന വിഷയങ്ങൾക്ക് ഇരയാവുകയോ ചെയ്യുന്ന സ്ത്രീകൾക്ക് ഭരണഘടന വിഭാവനം ചെയ്യുന്ന അവകാശങ്ങൾക്കു കൂടുതൽ ഫലപ്രദമായ പരിരക്ഷ നൽകുന്നതിനായി നിർമിച്ചിട്ടുള്ള നിയമമാണിത്. 4-ാം വകുപ്പുപ്രകാരം ഗാർഹികപീഡനം നടക്കുന്നുണ്ടെന്നോ നടന്നുവെന്നോ വിശ്വസിക്കാൻ മതിയായ കാരണമുണ്ടെങ്കിൽ ഏതൊരാൾക്കും സംരക്ഷണോദ്യോഗസ്ഥനെ വിവരം തെര്യപ്പെടുത്താവുന്നതാണ്. 31 (1) വകുപ്പുപ്രകാരം നിയമപ്രകാരമുള്ള മജിസ്ട്രേറ്റിന്റെ സംരക്ഷണ ഉത്തരവു കുറ്റാരോപിതൻ ലംഘിച്ചാൽ പോലീസിനു കേസ് രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇത് ജാമ്യമില്ലാത്ത കുറ്റമാണ്.

**15. ഗർഭകാലത്ത് ലിംഗനിർണയപരിശോധന നിരോധിച്ചുകൊണ്ടുള്ള നിയമം** (Pre Conception and Prenatal diagnostic Techniques (Prohibition of Sex selection) Act 1994). ഈ നിയമത്തിന്റെ 23-ാം വകുപ്പിന്റെ ഉപവകുപ്പുപ്രകാരം ഗർഭകാലത്ത് ഗർഭസ്ഥശിശുവിന്റെ ലിംഗനിർണ്ണയം നടത്തുന്ന ഡോക്ടറും 3-ാം ഉപവകുപ്പുപ്രകാരം ലിംഗനിർണയത്തിന് ആവശ്യപ്പെടുന്ന വ്യക്തിയും മൂന്നു വർഷം തടവിനു ശിക്ഷാർഹരാണ്.

**16. സൈബർ കുറ്റകൃത്യങ്ങൾ**

വിവരസാങ്കേതികനിയമം (Information Technology Act 2008)

**66 E ഐ.റ്റി. ആക്ട് 2008:** മറ്റൊരാളിന്റെ സ്വകാര്യതയിലേക്കു മൊബൈൽ ഫോൺ, കമ്പ്യൂട്ടർ തുടങ്ങിയവയിലൂടെ കടന്നുകയറിയാൽ മൂന്നുവർഷം



വരെ തടവും ഒരു ലക്ഷം രൂപവരെ പിഴയും ലഭിക്കാവുന്ന കുറ്റകൃത്യമാണ്.

**സെക്ഷൻ 67 ഐ.ടി. ആക്ട് 2008:** സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്നതും ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കുന്നതും പ്രസരണം നടത്തുന്നതും മൂന്നുവർഷംവരെ തടവും അഞ്ചുലക്ഷം രൂപവരെ പിഴയും ശിക്ഷയായി ലഭിക്കാവുന്ന കുറ്റമാണ്.

**66 A ഐ.ടി ആക്ട് 2008:** സ്ത്രീകളുടെ ലൈംഗികകാര്യങ്ങളടങ്ങിയ ഏതെങ്കിലും വിഷയം ഇലക്ട്രോണിക് മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുകയോ പ്രസരണം ചെയ്യുകയോ ചെയ്താൽ അഞ്ചുവർഷം തടവും പത്തു ലക്ഷം രൂപ പിഴയും ആദ്യ തവണയും പിന്നീട് ഏഴു വർഷംവരെ തടവും പത്തു ലക്ഷംവരെ പിഴയും ശിക്ഷയായി ലഭിക്കാം.

**67 B: കുട്ടികളുടെ ലൈംഗികചിത്രങ്ങൾ.** കുട്ടികളെ ലൈംഗികമായി ചിത്രീകരിക്കുന്ന കാര്യങ്ങൾ ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കുകയോ പ്രസരണം നടത്തുകയോ ചെയ്താൽ അഞ്ചു വർഷം തടവും പത്തു ലക്ഷം രൂപവരെ പിഴയും ആദ്യശിക്ഷയിലും ഏഴു വർഷംവരെ തടവും പത്തു ലക്ഷം രൂപവരെ പിഴയും പിന്നീടുള്ള ശിക്ഷകളിലും ലഭിക്കാവുന്നതാണ്.

### ഗാർഹികപീഡന നിരോധനനിയമം

ഈ നിയമപ്രകാരം, പരാതിക്കാരിയെ മാനസികമോ ശാരീരികമോ ആയി മുറിവേല്പിക്കുന്നതോ വേദനിപ്പിക്കുന്നതോ, അവളുടെ ആരോഗ്യം, സുരക്ഷ, ജീവിതസ്വാസ്ഥ്യം, ശാരീരികാവയങ്ങൾ എന്നിവയെ അപകടത്തിലാക്കുന്നതോ, അതിനിടയാക്കുന്നതോ, ശാരീരികമോ ലൈംഗികമോ വാചികമോ വൈകാരികമോ സാമ്പത്തികമോ ആയി പീഡിപ്പിക്കുന്നതുൾപ്പെടെയുള്ളതോ ആയ എതിർകക്ഷിയുടെ പ്രവൃത്തി, ഉപേക്ഷ, കർമം, പെരുമാറ്റം എന്നിവ ഗാർഹിക പീഡനമായി കണക്കാക്കപ്പെടും. സ്ത്രീധനത്തിനോ സ്വത്തിനോ നിയമവിരുദ്ധമായ എന്തെങ്കിലും ആവശ്യം സാധിക്കുന്നതിനോ പരാതിക്കാരിയെയോ അവരുമായി ബന്ധമുള്ള മറ്റാരെയെങ്കിലുമോ എതിർകക്ഷി നിർബന്ധിക്കുകയോ പീഡിപ്പിക്കുകയോ അപകടത്തിലാക്കുകയോ ചെയ്യുന്നതും പരാതിക്കാരിയെ ശാരീരികമോ മാനസികമോ ആയി മുറിവേല്പിക്കുകയോ ഉപദ്രവിക്കുകയോ ചെയ്യുന്നതും ഗാർഹികാതിക്രമമാകുന്നു.

### പരാതിക്കാരിക്കു ലഭിക്കുന്ന നിവൃത്തികൾ

**വകുപ്പ് - 18: സംരക്ഷണ ഉത്തരവ്**

ഇരുകക്ഷികളുടെയും ഭാഗം കേട്ടശേഷം ഗാർഹിക പീഡനം നടന്നുവെന്നോ നടക്കുവാൻ സാധ്യതയുണ്ടെന്നോ പ്രഥമദൃഷ്ട്യാ ബോധ്യപ്പെടുന്നപക്ഷം മജിസ്ട്രേറ്റിനു പരാതിക്കാരിക്ക് അനുകൂലമായും എതിർകക്ഷിക്ക് എതിരായും വിവിധ സംരക്ഷണ ഉത്തരവുകൾ പുറപ്പെടുവിക്കാം. അതിക്രമം തടഞ്ഞുകൊണ്ടുള്ള ഉത്തരവുകളെന്നും ഇതിനെ വിളിക്കാറുണ്ട്.

**വകുപ്പ് 19 : താമസസൗകര്യ ഉത്തരവ്**

പരാതിക്കാരിക്കു നിയമപരമായി അവകാശമുണ്ടെങ്കിലും ഇല്ലെങ്കിലും എതിർകക്ഷിക്കൊപ്പം പങ്കു പാർത്ത വീട്ടിൽനിന്ന് ഒഴിപ്പിക്കുകയോ, താമസിക്കുന്നതിൽ ശല്യം ചെയ്യുകയോ ചെയ്യുന്നതിനെ വിലക്കി ഉത്തരവിടാൻ ഈ വകുപ്പുപകാരം മജിസ്ട്രേറ്റിന് അധികാരമുണ്ട്. ആവശ്യമെങ്കിൽ പങ്കു പാർത്ത വീട്ടിൽനിന്ന് ഒഴിഞ്ഞുനിൽക്കാനും ഇരയാക്കപ്പെടുന്നയാൾ താമസിക്കുന്ന വീട്ടിലേക്കോ പങ്കുപാർത്ത വീട്ടിലേക്കോ അതിലെ ഏതെങ്കിലും ഭാഗത്തേക്കോ പ്രവേശിക്കരുതെന്ന് എതിർകക്ഷികളോട് നിർദേശിക്കാനും ഇപ്രകാരം കഴിയും.

**വകുപ്പ് 20 : സാമ്പത്തികപരിഹാരങ്ങൾ**

പരാതി പരിഗണിക്കുന്ന വേളയിൽ, പരാതിക്കാരിക്കും കുട്ടികൾക്കും പ്രതിമാസച്ചെലവിനു നൽകുന്നതിനും നഷ്ടപരിഹാരം നൽകുന്നതിനും എതിർകക്ഷിയോടു നിർദേശിക്കാൻ ഈ വകുപ്പ് മജിസ്ട്രേറ്റിന് അധികാരം നൽകുന്നു.

**വകുപ്പ് 21 : കസ്റ്റഡി ഉത്തരവുകൾ**

ഈ വകുപ്പുപ്രകാരം കുട്ടികളുടെ താത്കാലികസംരക്ഷണത്തിനുള്ള ചുമതല ഹർജിക്കാരിക്ക് കോടതി മുഖാന്തരം നേടിയെടുക്കാവുന്നതാണ്. മറ്റു നിയമങ്ങളിൽ എന്തുതന്നെ പറഞ്ഞിരുന്നാലും, കേസിന്റെ വിചാരണവേളയിൽ ഹർജിക്കാരിക്കോ ഹർജിക്കാരിക്കുവേണ്ടി മറ്റാളുകൾക്കോ ഇത്തരത്തിൽ അപേക്ഷിക്കാവുന്നതാണ്. ഇത്തരത്തിൽ ഹർജിക്കാരിയെ കുട്ടികളുടെ താത്കാലികസംരക്ഷണം ഏല്പിക്കുന്നപക്ഷം എതിർകക്ഷികൾക്കു കുട്ടികളെ കാണുന്നതിനുള്ള അനുവാദവും മജിസ്ട്രേറ്റിനു നൽകാവുന്നതാണ്.

**വകുപ്പ് 22 : നഷ്ടപരിഹാര ഉത്തരവുകൾ**

സാമ്പത്തികപരിഹാരങ്ങൾക്കു പുറമേ, പരാതിക്കാരി നേരിട്ടിട്ടുള്ള മാനസിക - വൈകാരിക അതിക്രമങ്ങൾക്കുള്ള നഷ്ടപരിഹാരവും നൽകാൻ എതിർകക്ഷിയോടു കോടതിക്കു നിർദേശിക്കാവുന്നതാണ്.

അതിക്രമങ്ങൾക്ക് എതിരേയുള്ള പ്രതിരോധമെന്ന നിലയിൽ ഇനിപറയുന്ന കാര്യങ്ങൾ സ്ത്രീകൾക്കു സ്വീകരിക്കാവുന്നതാണ്.

1. എപ്പോഴും പോലീസ് ടെലിഫോൺ നമ്പർ കൈവശം സൂക്ഷിക്കുക
2. ആവശ്യമുള്ളപ്പോൾ പോലീസിൽ ഫോൺ ചെയ്യുക.
3. അടിയന്തരകാര്യങ്ങളിൽ സഹായിക്കുന്നവരുടെ പേരുവിവരങ്ങൾ കൈയിൽ സൂക്ഷിക്കുക.
4. വിശ്വാസമുള്ള ഒരു അയൽവാസിയുടെ ടെലിഫോൺ നമ്പർ കൈയിൽ സൂക്ഷിക്കണം.
5. ശല്യക്കാർ സമീപിച്ചാൽ എങ്ങനെ പെരുമാറണമെന്ന് കുട്ടികളെ പറഞ്ഞു മനസ്സിലാക്കുക.

■




രാത്രി

സനലിന്റെ വീട്

''മോളേ ദയാ...'' അങ്ങനെ വിളിച്ചുകൊണ്ടാണ് സനൽ മുറ്റത്തേക്കു കയറിയത്. വീടുമുഴുവൻ ഇരുട്ടായിരുന്നു. അയാളുടെ ഉള്ളിൽ ഭയം നിറഞ്ഞു. സമീപത്തെ വീടുകളിലെല്ലാം വെളിച്ചമുണ്ട്. തന്റെ വീട്ടിൽ മാത്രം... എന്തു പറ്റി?

"മോളേ ദയാ..." സനൽ വാതില്ക്കൽ തട്ടി.

''പപ്പാ...'' ദയയുടെ ശബ്ദം സനലിന്റെ കാതിലെത്തി.

സനലിന് ആശ്വാസം തോന്നി. ദയ വാതിൽ തുറന്നു. അവളുടെ കൈയിൽ ഒരു മെഴുകുതിരി കത്തുന്നുണ്ടായിരുന്നു. അവളോടു ചേർന്ന് ബെഞ്ചമിനുമുണ്ടായിരുന്നു. കുട്ടികളുടെ മുഖത്ത് പരന്നുകിടക്കുന്ന ഭീതിയും ആകുലതയും ആ മെഴുകുതിരിവെളിച്ചത്തിൽ സനൽ കണ്ടു.

ദയയുടെ മറുകൈയിൽ ബെഞ്ചമിൻ മുറുക്കിപ്പിടിച്ചിട്ടുണ്ടായിരുന്നു. അവളെ വിട്ടൊരു നിലനില്പ് തനിക്കില്ലെന്ന മട്ടിൽ.

''ലൈറ്റെന്താ ഇടാത്തത്?'' സനൽ ചോദിച്ചു.

''നമുക്കു മാത്രം കറന്റില്ല പപ്പാ," ദയ അറിയിച്ചു.

"നീയെവിടെപ്പോയി കിടക്കുവായിരുന്നെടാ?'' അകത്തുനിന്ന് ജോസഫേട്ടന്റെ ദേഷ്യം കലർന്ന ചോദ്യം.

"ഈ പൊടിപ്പിള്ളേരേം വയ്യാതിരിക്കുന്ന എന്നേം ഇവിടെയിട്ടിട്ട്... ഇപ്പോ നേരത്തും കാലത്തും വരാതെയുമായോ..."

ജോസഫിന്റെ തൊണ്ട ഇടറിയിരുന്നു.

"ഒരു ഗ്ലാസ് കാപ്പി അനത്തിത്തരാൻ ഇവിടെയാരാ ഉള്ളെ? എത്ര നേരമാ തുള്ളി ചൂടുവെള്ളം ഇറക്കാൻ കഴിയാതെ ഇങ്ങനെ കിടക്കുന്നെ? ആ പിള്ളേരും ഒന്നും കഴിച്ചിട്ടില്ല. ഞാൻ പറഞ്ഞിട്ട് ആ കൊച്ച് കറന്റിന്റെ അടുപ്പില് വച്ച് കാപ്പിയിടാൻ നോക്കിയതാ. അപ്പോഴാ കറന്റ് പോയെ. ഫ്യൂസടിച്ചുപോയതോ മറ്റോ ആയിരിക്കും. നീയതൊന്നു നോക്കിക്കേ."

സനൽ വന്നുചേർന്നതിന്റെ ആശ്വാസവും കുട്ടികൾ വിശന്നിരിക്കുന്നതോർത്തുള്ള വല്ലായ്മയും തന്റെ നിസ്സഹായതയും എല്ലാം ചേർന്നതായിരുന്നു ജോസഫിന്റെ വാക്കുകൾ.

ഫ്യൂസ് പോയതാണെന്ന്... അതു പരിശോധിച്ചുനോക്കാൻ തനിക്കറിവുണ്ടോ? ഫ്യൂസ് കെട്ടാൻ തനിക്കറിയാമോ? സനൽ വല്ലാത്ത പ്രതിസന്ധിയിലായി. സാധാരണ ഇത്തരം സാഹചര്യങ്ങളിൽ സ്മിതയായിരുന്നു അതും കൈകാര്യം ചെയ്തിരുന്നത്. അതിനു വേണ്ടതായ സാധനസാമഗ്രികൾ അവളുടെ കസ്റ്റഡിയിലുണ്ടായിരുന്നു.

"എവിടെയാണെന്നു വിളിച്ചു ചോദിക്കാൻ ഇവിടെ വേറൊരു ഫോണുണ്ടോ, അതുമില്ല. ഇതുപോലൊരു വീട്... തീ തിന്നതിന് ഒരു കണക്കുമില്ല.'' ജോസഫ് അസ്വസ്ഥനായി പറഞ്ഞു.

അതേ, സനൽ വല്ലായ്മയോടെ തന്റെ നെഞ്ചു തിരുമ്മി. ഇവിടെ മറ്റൊരു ഫോണില്ല. അടുത്ത വീട്ടിൽ ചെന്നു ചോദിക്കാൻമാത്രം ആരോടും സ്വാതന്ത്ര്യവുമില്ല. രോഷ്നി പോയതോടെ അവശേഷിച്ചിരുന്ന ബന്ധങ്ങളുംകൂടി അറ്റുപോയിരിക്കുന്നു.

''മക്കള് പേടിച്ചുപോയോ...'' സനൽ കുട്ടികളോടു ചോദിച്ചു.

"ഞാൻ നമ്മുടെ അലോഷ്യസ് സാറുമായിട്ട് ഓരോന്ന്..." സനൽ പൂർത്തിയാക്കിയില്ല.

''ഇനി പപ്പ ഞങ്ങളെയിട്ടിട്ട് ഒരിടത്തോട്ടും പോകണ്ടാ. ഞങ്ങൾക്കു പേടിയാ...''

ദയ പൊട്ടിക്കരഞ്ഞുകൊണ്ട് സനലിന്റെ ദേഹത്തേക്കു ചാഞ്ഞു.

''പപ്പേംകൂടി ഇല്ലാതായാല് ഞങ്ങൾക്ക് വേറെയാരാ ഉള്ളെ?" ദയ കരഞ്ഞു. ദയ കരയുന്നതു കണ്ടപ്പോൾ ബെഞ്ചമിനും കരഞ്ഞുതുടങ്ങി. അവനും ഓടിവന്ന് സനലിനെ കെട്ടിപ്പിടിച്ചു. ഇരുവരുടെയും ദേഹം തണുത്തിരിക്കുകയായിരുന്നു. കുട്ടികൾ പേടിച്ചുകഴിയുകയായിരുന്നുവെന്ന് സനലിനു മനസ്സിലായി. കറന്റ് ഉണ്ടായിരുന്നെങ്കിൽ ഇത്രയും പേടി തോന്നില്ലായിരുന്നു. പക്ഷേ...

''സോറി മക്കളേ, സോറി...'' സനൽ, ദയയുടെയും ബെഞ്ചമിന്റെയും ശിരസ് തലോടി.

"ഇനിയൊരിക്കലും പപ്പ ലേറ്റാകില്ല. ഉറപ്പ്."

ദയയും ബെഞ്ചമിനും കണ്ണീരു തുടച്ചിട്ട് സനലിനെ ചിരിച്ചുകാണിച്ചു.

''മക്കൾക്കു വിശക്കുന്നില്ലേ.. വാ, പപ്പ ഫുഡ് എടുത്തുതരാം. മോൾക്ക് ഗ്യാസിൽ കാപ്പിയുണ്ടാക്കാൻ മേലായിരുന്നോ?"

മൊബൈൽ ഫോണിന്റെ ലൈറ്റ് ഓണാക്കി അടുക്കളയിലേക്കു പോകുമ്പോൾ സനൽ ചോദിച്ചു.

"ഗ്യാസും കത്തുന്നില്ല. തീർന്നെന്നാ തോന്നുന്നെ." ദയ അറിയിച്ചു.

സനൽ വീണ്ടും തളർന്നു. ഇതിനൊക്കെ താൻ ആരോടു സഹായം ചോദിക്കും? സ്മിതയ്ക്ക് അപകടം ഉണ്ടായ ദിവസമാണ് ഗ്യാസ് സിലിണ്ടർ മാറ്റിവച്ചത്. അവളുടെ മരണശേഷം കുറെ നാളത്തേക്ക് രോഷ്നിയുടെ വീട്ടിൽനിന്നായിരുന്നു ഭക്ഷണം എന്നതുകൊണ്ട് ഗ്യാസിനു ചെലവുണ്ടായിരുന്നില്ല. അന്നാമ്മ അടുക്കളഭരണം ഏറ്റെടുത്തപ്പോൾ വിറകടുപ്പാണ് കൂടുതലും ഉപയോഗിച്ചിരുന്നത്. അതുകൊണ്ട് ഗ്യാസ് സിലിണ്ടറിന്റെ ഉപയോഗം വളരെ കുറവായിരുന്നു. ഒരു കാലത്ത് സ്മിത കറന്റ് അടുപ്പ് ഉപയോഗിക്കുന്നതിനെ വൈദ്യുതി ഉപഭോഗവുമായി ബന്ധപ്പെടുത്തി എതിർത്തിരുന്ന സനൽ അവളുടെ അസാന്നിധ്യത്തിൽ കൂടുതലായും ഉപയോഗിച്ചിരുന്നതും അതുതന്നെയായിരുന്നു. അതുകൊണ്ടാണ് ഗ്യാസ് സിലിണ്ടർ ഇത്രയും നാൾ നീണ്ടത്. ഇനി പുതിയ ഗ്യാസ് സിലിണ്ടർ മാറ്റിവയ്ക്കണം. അതും തനിക്കറിയില്ല. എന്തു ചെയ്യും? ആരോടു സഹായം ചോദിക്കും? റോയിയോടു ചോദിക്കണോ? അടുത്ത നിമിഷം സനൽ ആ തീരുമാനം തിരുത്തി. അതുവേണ്ട. പെട്ടെന്ന് സനലിന്റെ ഓർമ്മയിൽ സുമന്റെ മുഖം തെളിഞ്ഞു. അയാൾക്ക് ആശ്വാസം തോന്നി. സനൽ മൊബൈലിൽ നമ്പർ പരതി. ഭാഗ്യം. സുമന്റെ നമ്പർ അയാൾ സേവ് ചെയ്തിട്ടുണ്ടായിരുന്നു.

സനൽ പ്രതീക്ഷയോടെ സുമനെ വിളിച്ചു. ആദ്യ റിങ്ങിൽ ത്തന്നെ സുമൻ ഫോണെടുത്തു.

"എന്താ സനൽ സാറേ, പതിവില്ലാതെ?"

"ഒരു ഹെൽപ്പ് വേണമായിരുന്നു.'' സനൽ മടിച്ചുമടിച്ചു പറഞ്ഞു.

''എന്നതാ സാറേ, എന്നെക്കൊണ്ട് പറ്റുന്നതാണെങ്കിൽ ചെയ്യാം."

"പറ്റുന്നതാ. വീട്ടിൽ കറന്റില്ല. ഫ്യൂസ് പോയതാണോയെന്നു സംശയം. ഒന്നു വന്നു നോക്കാമോ."



"ഞാനും കാർന്നോരുംകൂടി ഓരോന്നു വീശാൻവേണ്ടി ഗ്ലാസിലൊഴിക്കാൻ തുടങ്ങുവായിരുന്നു. അതു സാരമില്ല. ഞാൻ വന്നേക്കാം."

''താങ്ക്യൂ,'' സനലിന് ആശ്വാസം തോന്നി.

"ഇപ്പോത്തന്നെ ആളുവരും." സനൽ സന്തോഷത്തോടെ മക്കളോടായി പറഞ്ഞു. അഞ്ചുമിനിറ്റിനുള്ളിൽ സുമന്റെ ബൈക്ക് ഗെയ്റ്റിങ്കലെത്തി.

"സനൽ സാറേയ്..." ഉറക്കെ വിളിച്ചുകൊണ്ടാണ് സുമൻ മുറ്റത്തേക്കു കയറിയത്.

"ഹോ എന്നാ ഇരുട്ടാ അല്ലേ?" ഇരുട്ടിൽ മുങ്ങിനില്ക്കുന്ന വീടിനെ നോക്കി സുമൻ അഭിപ്രായപ്പെട്ടു.

''വെട്ടം ഉള്ളപ്പോ ഇരുട്ട് അറിയേലാ. അതാ വെട്ടത്തിന്റെ ശക്തി." സുമന്റെ ശ്വാസത്തിനു മദ്യത്തിന്റെ ഗന്ധമുണ്ടായിരുന്നു.

അതേ, സനൽ ഉള്ളിൽ പറഞ്ഞു. ഈ വീട്ടിലെ വെളിച്ചം എത്രമുമ്പേ അണഞ്ഞുപോയതാണ്. വെളിച്ചം ഉള്ളപ്പോൾ ഒരാളും ഇരുട്ടിന്റെ ആഴത്തെക്കുറിച്ച് അറിയുന്നില്ല. പെട്ടെന്നൊരു നിമിഷം വെളിച്ചം ഇല്ലാതാകുമ്പോൾ... താൻ ഇരുളിലാണ്. ഇനിയെന്നും താൻ ഇരുളിൽത്തന്നെയായിരിക്കും. എത്ര ദീപങ്ങൾക്കിടയിലും...

സുമൻ മെയിൻ സ്വിച്ചിന്റെ അടുത്തേക്കു പോയി. സനൽ മൊബൈലുമായി പിന്നാലെ ചെന്നു. സുമൻ ഫ്യൂസ് ഊരി നോക്കി. പൊട്ടിയടർന്ന ചെമ്പു കമ്പികൾ അയാൾ സനലിനെ കാണിച്ചു. ഏതാനും നിമിഷങ്ങൾക്കുള്ളിൽ ഫ്യൂസ് കെട്ടി അയാൾ പഴയതുപോലെയാക്കി.

"മോളേ, ഇനി ലൈറ്റ് ഇട്ടുനോക്കിക്കേ."

ദയ സ്വിച്ചിട്ടു. വീടെങ്ങും വെളിച്ചം പരന്നു.

''ദേ, ഇത്രയുമേയുള്ളൂ.'' നിസ്സാരതയോടെ സുമൻ പറഞ്ഞു.

"നമ്മള് വിചാരിക്കും ഏതോ ആനകുതിര കേസാണെന്ന്. ഒന്നുമല്ല. വെറും നിസ്സാരം.'' സുമൻ ചിരിച്ചു. ചെയ്യാൻ അറിയാവുന്നവർക്ക് എല്ലാം നിസ്സാരം. പക്ഷേ, അറിഞ്ഞുകൂടാത്തവർക്കോ, എല്ലാം ദുഷ്കരം. സനൽ വിചാരിച്ചു.

''ഒരു ഹെൽപ്പുകൂടി വേണമായിരുന്നു." സനൽ മടിച്ചു മടിച്ചു പറഞ്ഞു.

''സാറ് ധൈര്യമായിട്ടു പറഞ്ഞോ...'' സുമൻ പ്രോത്സാഹിപ്പിച്ചു.

''ഗ്യാസ് സിലിണ്ടർ ഒന്ന് ചെയ്ഞ്ച് ചെയ്തുതരണം."

"എന്റെ സാറേ അതിനൊക്കെ എന്നാത്തിനാ ഇത്ര മടിക്കുന്നെ. ഞാൻ ചെയ്തുതരില്ലേ." സുമൻ ഉത്സാഹത്തോടെ അടുക്കളയിലേക്കു നടന്നു. കബോർഡിൽനിന്ന് അയാൾ നിഷ്പ്രയാസം റീഫിൽ ചെയ്തുവച്ച സിലിണ്ടർ എടുക്കുകയും കാലിയായ സിലിണ്ടർ മാറ്റിപിടിപ്പിക്കുകയും ചെയ്തു. നോബ് മുകളിലേക്കു തിരിച്ചുവച്ചിട്ട് അയാൾതന്നെ സ്റ്റൗ കത്തിച്ചു. നീലജ്വാലകൾ കത്തി.

''ഇനിയെന്നതാ ചെയ്യാനുള്ളെ?'' പരസേവനതത്പരനായി സുമൻ ചോദിച്ചു.

"ഇനിയൊന്നും വേണ്ട." സനലിന്റെ സ്വരത്തിൽ നന്ദി കലർന്നിരുന്നു.

"ജോസഫ് ചേട്ടോ..." സുമൻ ജോസഫിന്റെ മുറിവാതില്ക്കലെത്തി അകത്തേക്കു തലയിട്ട് നീട്ടിവിളിച്ചു.

"സുഖമാണോ ചേട്ടാ?"

''വയ്യാതിരിക്കുന്ന മനുഷ്യനൊക്കെ എന്നാ സുഖമാടാ ഉള്ളെ? നിനക്കൊക്കെയല്ലേ സുഖം?" ജോസഫ് തൃപ്തികരമല്ലാത്ത സ്വരത്തിലാണു മറുപടി നല്കിയത്. സുമനോടും അയാളുടെ അപ്പനോടും ജോസഫിന് മാനസികമായി ഒട്ടും അടുപ്പമില്ല. ഇങ്ങനെയൊരു സാഹചര്യത്തിലാണെങ്കിൽ പോലും സുമനോട് സഹായം ചോദിക്കേണ്ടിയിരുന്നില്ലെന്നായിരുന്നു ജോസഫിന്റെ ചിന്ത. സൂചി കുത്താൻ ഇടം കൊടുത്താൽ തൂമ്പ കടത്തുന്നവരാണ്. അതൊന്നും പറഞ്ഞാൽ സനലിനു മനസ്സിലാവില്ല. മനുഷ്യരുടെ അകവും പുറവും രണ്ടാണെന്ന് അവനൊരിക്കലും മനസ്സിലാക്കുകയുമില്ലെന്നു തോന്നുന്നു.

''അതുശരിയാ.'' സുമൻ തലകുലുക്കി ചിരിച്ചുകൊണ്ട് വരാന്തയിലേക്കു പോയി. സനൽ കുട്ടികൾക്കും ജോസഫിനും ഭക്ഷണം വിളമ്പിക്കഴിഞ്ഞ് വരാന്തയിലേക്കു തിരിഞ്ഞുനോക്കിയപ്പോൾ സുമൻ അവിടെയിരിക്കുന്നതാണു കണ്ടത്.

"സുമൻ, ഞാനിപ്പോ വരാം..."

''ടേക്ക് ടൈം സർ, നോ പ്രോബ്ലം.'' വരാന്തയിൽനിന്ന് സുമൻ വിളിച്ചുപറഞ്ഞു.

"പപ്പ കഴിക്കുന്നില്ലേ..." ദയ ചോദിച്ചു.

"പപ്പ പിന്നെ കഴിച്ചോളാം. അങ്കിള് പോയിക്കഴിഞ്ഞിട്ട്..."

ജോസഫിന് മുറിയിൽ കൊണ്ടുചെന്നു ഭക്ഷണം കൊടുത്ത് പുറത്തേക്കിറങ്ങുമ്പോൾ സനൽ സുമന്റെ സ്വരം കേട്ടു:

"സനൽ സാറേ ഒരു ഗ്ലാസും ഇത്തിരിവെള്ളവും."

സുമൻ പറഞ്ഞതിന്റെ വ്യംഗ്യം മനസ്സിലാവാതെ ഒരു ഗ്ലാസ് വെള്ളവുമായിട്ടാണ് സനൽ വരാന്തയിലെത്തിയത്. സനലിന്റെ നിഷ്കളങ്കതയോർത്ത് ഊറിച്ചിരിച്ചുകൊണ്ട് സുമൻ ഗ്ലാസിലെ വെള്ളം നിലത്തേക്കു കമിഴ്ത്തിയതിനുശേഷം അരയിൽ കരുതിയിരുന്ന കുപ്പി തുറന്ന് ഗ്ലാസിലേക്കു മദ്യം പകർന്നു.

''ഇനി ഇത്തിരി തണുത്ത വെള്ളം..."

സുമൻ ചിരിച്ചു.

"കാർന്നോര് കിടന്നുകാണും. അതാ ഞാൻ ഇവിടെക്കൂടിയേക്കാമെന്നുവച്ചെ.'' ഫ്രിഡ്ജിൽനിന്ന് ഒരു ബോട്ടിൽ തണുത്ത വെള്ളവുമായി എത്തിയ സനലിനോട് സുമൻ പറഞ്ഞു.

''അല്ല സാറേ, ഇതൊന്നു രുചിച്ചുനോക്കുന്നോ? സാറ് ഇപ്പോ ഫെയ്സ് ചെയ്യുന്ന എല്ലാ പ്രശ്നങ്ങൾക്കും ഉറപ്പായിട്ടും പരിഹാരം കിട്ടും."

മദ്യഗ്ലാസ് സനലിനു നേരേ നീട്ടിക്കൊണ്ട് സുമൻ പറഞ്ഞു. സനൽ ആ ഗ്ലാസിലേക്കു തുറിച്ചു നോക്കി നിന്നു.

(തുടരും)

1-ാം പേജ് തുടർച്ച

# 1971 ചരിത്രവിജയത്തിന്റെ അമ്പതാണ്ടുകൾ



തിരഞ്ഞെടുപ്പു കഴിഞ്ഞ് മൂന്നു മാസമായിട്ടും ദേശീയ അസംബ്ലി വിളിച്ചുകൂട്ടിയില്ല. ഇതിനെതിരേ അവാമിലീഗിന്റെ നേതൃത്വത്തിൽ കിഴക്കൻ പാക്കിസ്ഥാനിലാകമാനം വലിയ പ്രതിഷേധറാലികൾ സംഘടിപ്പിക്കപ്പെട്ടു. പ്രക്ഷോഭം രൂക്ഷമായതോടെ കിഴക്കൻ പാക്കിസ്ഥാനിൽ പട്ടാളഭരണം പ്രഖ്യാപിക്കപ്പെട്ടു.

ഇതിനെത്തുടർന്ന് ഷെയ്ഖ് മുജീബുർ റഹ്മാൻ 1971 മാർച്ച് 26 ന് കിഴക്കൻ പാക്കിസ്ഥാന്റെ സ്വാതന്ത്ര്യം പ്രഖ്യാപിക്കുകയും രാജ്യത്തിന്റെ വിമോചനം നേടിയെടുക്കുവാനുള്ള അന്തിമ സമരത്തിന് അവാമിലീഗിന്റെ പ്രവർത്തകരോട് ആഹ്വാനം ചെയ്യുകയും ചെയ്തു. മുജീബ് റഹ്മാനെ തടങ്കലിലാക്കിയ പാകിസ്ഥാൻ സൈന്യം കിഴക്കൻ പാകിസ്ഥാനിലെ ദേശീയപ്രസ്ഥാനത്തെ ഇല്ലായ്മ ചെയ്യുന്നതിനായി ഓപ്പറേഷൻ സെർച്ച് ലൈറ്റ് ആരംഭിക്കുകയും അതിക്രൂരമായ അടിച്ചമർത്തലുകൾ നടത്തുകയും ചെയ്തു. പോരാട്ടം കനത്തതോടെ ഇന്ത്യയിലേക്ക് അഭയാർത്ഥികൾ ഒഴുകിയെത്തി. ഇന്ത്യയ്ക്കു താങ്ങാവുന്നതിനും അപ്പുറമായിരുന്നു ഈ അഭയാർത്ഥിപ്രവാഹം. ദശലക്ഷക്കണക്കിന് അഭയാർത്ഥികൾ ഇന്ത്യയിലേക്ക് ഒഴുകിയെത്താൻ തുടങ്ങിയതോടെ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി വിഷയം പരിഹരിക്കാൻ ലോകരാജ്യങ്ങളുടെ സഹായം അഭ്യർത്ഥിച്ചെങ്കിലും ശീതരാഷ്ട്രീയത്തിന്റെ പോരിൽ ഫലപ്രദമായ ഇടപെടലുകൾ നടത്താൻ ആരും മുന്നോട്ടു വന്നില്ല. അഭയാർത്ഥിപ്രവാഹത്തിനൊപ്പം കിഴക്കൻ ബംഗാളികൾക്കെതിരേ പാക്കിസ്ഥാൻ സൈന്യം നടത്തിയ വംശഹത്യയും യുദ്ധമുഖത്ത് ഇറങ്ങാൻ ഇന്ത്യയെ പ്രേരിപ്പിച്ചു. 1971 ഡിസംബറിൽ ഇന്ത്യയ്ക്കെതിരേ പാക്കിസ്ഥാൻ യഥാർത്ഥ യുദ്ധം ആരംഭിക്കുന്നതിനു മാസങ്ങൾക്കുമുമ്പേ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി യുദ്ധത്തിനു തയ്യാറാകണമെന്ന് കരസേനാമേധാവി ജനറൽ സാം മാനെക്ഷയോട് ആവശ്യപ്പെട്ടിരുന്നു.

കിഴക്കൻ പാക്കിസ്ഥാനിൽ ഇന്ത്യയുടെ പിന്തുണയോടെ പോരാടിയ മുക്തിബാഹിനിയിൽനിന്ന് ഏറ്റ തിരിച്ചടികൾക്കു പ്രതികാരമായി 1971 ഡിസംബർ മൂന്നിന് ഇന്ത്യയുടെ 11 എയർ ബേസുകളെ പാക്കിസ്ഥാൻ ആക്രമിച്ചതോടെ ഓപ്പറേഷൻ ചെങ്കിസ്ഖാൻ എന്നു പേരിട്ടു വിളിച്ച യുദ്ധത്തിനു തുടക്കമായി. പാക്കിസ്ഥാന്റെ കിഴക്കൻ-പടിഞ്ഞാറ് അതിർത്തികളിലൂടെ ഇന്ത്യൻ സേന വളരെ ചടുലമായിത്തന്നെ മുന്നേറി. പടിഞ്ഞാറൻ പാക്കിസ്ഥാനിലെ 15,010 കിലോമീറ്റർ പ്രദേശമാണ് ഇന്ത്യൻ സൈന്യം പിടിച്ചെടുത്തത്. യുദ്ധത്തിൽ ഓരോ ദിവസവും അഞ്ഞൂറിലധികം പാക് സൈനികർ ഇന്ത്യൻ വ്യോമസേനയുടെ ആക്രമണത്തിൽ വധിക്കപ്പെട്ടുവെന്നാണ് ചരിത്രരേഖകൾ പറയുന്നത്. 1971 ഡിസംബർ മൂന്നുമുതൽ 16 ന് ധാക്ക കീഴടങ്ങുന്നതുവരെ ഇന്ത്യൻ പടയാളികൾ ധീരമായി യുദ്ധം ചെയ്തു. ധാക്കയും ഇന്ത്യൻ പട്ടാളത്തിനു മുമ്പിൽ കടപുഴകിയതോടെ പാക്കിസ്ഥാൻ ജനറൽ ആമിർ അബ്ദുള്ള ഖാന്നിയാസിയുടെ നേതൃത്വത്തിൽ 93,000 പാക്കിസ്ഥാൻ ഭടന്മാർ ഇന്ത്യയുടെ ജനറൽ ജഗ്ജിത് സിങ് അറോറയുടെ മുന്നിൽ കീഴടങ്ങി. അതോടെ യുദ്ധം അവസാനിച്ചു.

1972 ജൂലൈ രണ്ടിനു പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയും പാക്കിസ്ഥാൻ പ്രധാനമന്ത്രി സുൽഫിക്കർ അലി ഭൂട്ടോയും തമ്മിൽ ഒപ്പുവച്ച സിംല കരാറോടെ യുദ്ധത്തിന് ഔദ്യോഗിക പരിസമാപ്തിയായി. ഈ കരാറിന്റെ അടിസ്ഥാനത്തിൽ യുദ്ധത്തടവുകാരായി പിടിക്കപ്പെട്ട പാക്കിസ്ഥാൻ സൈനികരെ മോചിപ്പിച്ചു. ബംഗ്ലാദേശിന്റെ സ്വാതന്ത്ര്യം ഔദ്യോഗികമായി അംഗീകരിക്കപ്പെടുകയും, ഇന്ത്യയ്ക്കും പാകിസ്ഥാനുമിടയിലെ നിയന്ത്രണരേഖ (LOC) ഇരുരാജ്യങ്ങളും ഔദ്യോഗികമായി അംഗീകരിക്കുകയും ചെയ്തു. യുദ്ധത്തിലും കരാറിലും പാക്കിസ്ഥാന്റെ ഭാഗത്തുനിന്ന് ഉപാധിരഹിതമായ കീഴടങ്ങലാണ് ഉണ്ടായത്. അത്രയ്ക്കും ആധികാരികമായിരുന്നു ഇന്ത്യയുടെ വിജയം.

ഒരേസമയം ഇന്ത്യയുടെ രാഷ്ട്രീയ, സൈനിക നേതൃത്വങ്ങൾ പ്രകടിപ്പിച്ച ഇച്ഛാശക്തിയുടെയും പോരാട്ടവീര്യത്തിന്റെയും ആകത്തുകയായിരുന്നു ഇന്ത്യയുടെ വിജയം. പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധി പുലർത്തിയ അനിതരസാധാരണമായ ധീരതകൂടി എടുത്തു പറയേണ്ടതുണ്ട്. യുദ്ധമുഖത്ത് ഇന്ദിരാഗാന്ധി നൽകിയ ധീരമായ നേതൃത്വമാണ്. 'ഇന്ത്യയുടെ അതിരുകൾ കാക്കുന്ന ദുർഗയാണ് ഇന്ദിര' എന്ന് അ ന്ന െ ത്ത പ്രതിപക്ഷനേതാവായിരുന്ന അടൽ ബിഹാരി ബാജ്പേയ്ക്കുപോലും പറയേണ്ടിവന്നത്. ലോകശക്തിയായിരുന്ന അമേരിക്കയുടെ പ്രസിഡന്റ് റിച്ചാർഡ് നിക്സനെപ്പോലും നേരിട്ടു വെല്ലുവിളിച്ചുകൊണ്ടാണ് ഇന്ദിരാഗാന്ധി ഇന്ത്യയ്ക്കു ചരിത്രവിജയം നേടിത്തന്നത്. സോവിയറ്റ് റഷ്യയെ വിശ്വാസത്തിലെടുത്തുകൊണ്ട് ഇന്ദിരാഗാന്ധി നടത്തിയ ചടുലമായ നയതന്ത്രനീക്കങ്ങൾ ഇന്ത്യാവിരുദ്ധശക്തികളുടെ കണക്കുകൂട്ടലുകൾ തെറ്റിക്കുന്നതായിരുന്നു. യുദ്ധമുഖത്ത് ഇന്ത്യ നേടിയ ആധികാരികവിജയം ലോകരാഷ്ട്രങ്ങൾക്കിടയിൽ ഇന്ത്യയ്ക്കു കൂടുതൽ അംഗീകാരം കിട്ടുന്നതിനു കാരണമായി. ഈ വിജയത്തോടെയാണ് വികസ്വരരാജ്യങ്ങൾക്കിടയിലും സാമ്രാജ്യത്വവിരുദ്ധകൂട്ടായ്മയായ ചേരിചേരാസംഘടനയിലും ഇന്ത്യയുടെ നേതൃത്വം ആധികാരികമായി ഉറപ്പിക്കപ്പെടുന്നത്.

പാക്കിസ്ഥാന്റെ മതാധിഷ്ഠിതദേശീയതയ്ക്ക് ഏറ്റ വലിയ തിരിച്ചടിയായിരുന്നു ബംഗ്ലാദേശിന്റെ രൂപീകരണം. "മതം എല്ലാ കാലത്തും കിഴക്ക് - പടിഞ്ഞാറ് പാക്കിസ്ഥാനുകളെ ഒന്നിപ്പിച്ചു നിറുത്തും" എന്ന വിഭജന സമയത്തെ ജിന്നയുടെ പ്രഖ്യാപനം ബംഗ്ലാദേശ് രൂപീകരണത്തോടെ ജലരേഖയായി മാറി. പാക്കിസ്ഥാന്റെ ആത്മാഭിമാനത്തിനുമേൽ എന്നും മായ്ക്കാനാവാത്ത മുറിവായി 1971 ലെ യുദ്ധം അവശേഷിക്കും. ചരിത്രവിജയത്തിന്റെ അമ്പതാണ്ടുകൾ പിന്നിടുന്ന ഈ അവസരത്തിൽ പോർക്കളത്തിൽ രാജ്യത്തിനുവേണ്ടി ധീരമായി പോരാടിയവരെയും അവർക്ക് ആവേശമായും പ്രചോദനമായും മുന്നിൽനിന്നു നയിച്ചവരെയും നമുക്ക് ആദരപൂർവം അനുസ്മരിക്കാം.



# വിപ്ലവം കറിവേപ്പിലയിലൂടെ

26
പ്രകൃതിക്കൊരു പുനർവായന



മാത്യു എം. കുര്യാക്കോസ്

**ചി**ന്തയിലും സംസാരത്തിലും, സർവസാധാരണമായി കടന്നുവരുന്ന ഒരു പദമാണ് കറിവേപ്പില. 'കറിവേപ്പില പോലെ' എന്ന പദപ്രയോഗവും സാധാരണം. 'ഞാൻ വെറുമൊരു കറിവേപ്പിലയാണിവിടെ', 'വെറുമൊരു കറിവേപ്പില പോലെ എന്നെ വലിച്ചെറിഞ്ഞു' എന്നിങ്ങനെയുള്ള പലരുടെയും കുണ്ഠിതങ്ങൾക്കിടയിലും കറിവേപ്പിലയുടെ മാറ്റു കുറഞ്ഞുപോകുന്നില്ല. കാരണം, കറിവേപ്പില ഗന്ധത്തിലും രുചിയിലും സ്വഭാവത്തിലും വളരെ ഔഷധമൂല്യമുള്ളതാണ്.

കറിവേപ്പില പലപ്പോഴും ഉപയോഗശേഷം വലിച്ചെറിയുന്നത് വിഷാംശത്തെ സ്വാംശീകരിക്കാനുള്ള അതിന്റെ കഴിവിന്റെ അടിസ്ഥാനത്തിലായിരിക്കണം. എന്തായാലും, നിരവധി ആരോഗ്യപ്രശ്നങ്ങൾക്കുള്ള പ്രതിവിധിയും ആരോഗ്യസംരക്ഷണത്തിനുള്ള ഉപാധിയുമാണ് കറിവേപ്പില. ഇത്തരമൊരു ഔഷധസസ്യം ഉപയോഗിക്കാൻ പാകത്തിനു നമ്മുടെ വീട്ടുമുറ്റത്തുണ്ടാകണം എന്ന ഒരു ചിന്തയും ശാഠ്യവും ഇതു പങ്കുവയ്ക്കുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന ഇല /പച്ചക്കറികളെല്ലാം വൻതോതിൽ രാസകീടനാശിനികൾ കലർന്നവയാണെന്ന സത്യവും നാം ഇതിനകം മനസ്സിലാക്കിക്കഴിഞ്ഞു.

പരിസ്ഥിതിവിചിന്തനത്തിൽ ആഗോളതാപനത്തിന്റെ അനന്തരഫലമായി നമ്മെ നേരിട്ടുബാധിക്കുന്ന ഒരു പ്രശ്നം ഭക്ഷ്യസുരക്ഷതന്നെയാണ്. 30 മുതൽ 40 വരെ ശതമാനം ഭക്ഷ്യോത്പാദനത്തിനുള്ള കുറവ് ഇപ്പോൾത്തന്നെ റിപ്പോർട്ടു ചെയ്തുകഴിഞ്ഞു. എല്ലാവിധ ഭക്ഷണസാധനങ്ങളിലും ഏറെക്കുറെ ഉപയോഗിക്കുന്ന കറിവേപ്പിലയിൽനിന്നുതന്നെ ഒരു വിപ്ലവത്തിനു തുടക്കം കുറിക്കാം.

കുറച്ചു വർഷങ്ങൾക്കുമുമ്പ് പാലാ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിലെ കുറെ കുട്ടികൾ തങ്ങളുടെ സ്കൂൾ പരിസരങ്ങളിലുള്ള കുടുംബങ്ങളിൽ കറിവേപ്പ് സർവേ നടത്തി ഓരോ കുടുംബത്തിനും ഓരോ കറിവേപ്പിൻതൈ സമ്മാനിച്ച സംഭവം ഓർക്കുന്നു. ഇതൊക്കെ നട്ടുവയ്ക്കാനുള്ള മണ്ണുപോലും നമുക്കു നഷ്ടമാകുന്നു എന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞിരുന്നെങ്കിൽ! ഇപ്പോൾത്തന്നെ കേരളസർക്കാർ മുന്നോട്ടുവയ്ക്കുന്ന



കോടികൾ മുടക്കിയുള്ള കെ റെയിൽ പദ്ധതി, കേരളത്തെ വിഭജിച്ചുകൊണ്ട് യാത്രാക്ലേശം കുറയ്ക്കുമ്പോഴും സാധാരണക്കാരുടെ ജീവിതക്ലേശങ്ങൾ കുറയുന്നില്ല എന്നറിയണം. റോഡുകൾക്കും മാളുകൾക്കും പാലങ്ങൾക്കുംവേണ്ടി നമ്മുടെ മണ്ണ് ഇത്രമേൽ വ്യാപകമായി അന്യാധീനപ്പെടുമ്പോൾ മിച്ചമുള്ള മണ്ണ് നമ്മുടെ പാദസ്പർശത്തിനായി കാത്തിരിക്കുന്നു.

വർത്തമാനങ്ങൾ നിറുത്തി നിശ്ശബ്ദമായി ചിലതൊക്കെ ചെയ്തുതുടങ്ങേണ്ട സമയമായി. മസനോബു ഫുക്കുവൊക്കയും, വംഗാരി മാതായിയും, കണ്ടൽ പൊക്കുടനുമൊക്കെ സുഗന്ധം പരത്തി മിന്നിമറയുന്നുണ്ട്. അമ്മച്ചിമാരുടെ അടുക്കളകളിൽനിന്നു നിത്യഹരിതവിപ്ലവത്തിന്റെ തീപ്പന്തങ്ങൾ ജ്വലിച്ചുയരട്ടെ. കുടുംബത്തിലെ ഓരോ അംഗത്തിനും ഓരോ കറിവേപ്പ് എന്ന സൂത്രവാക്യം ഓരോ കുടുംബിനിയും ഉയർത്തട്ടെ. ഈ സൂത്രവാക്യത്തെ നിർദ്ധരിക്കാനുള്ള സമവാക്യങ്ങൾ ഓരോ ഗൃഹത്തിലും രൂപപ്പെടുമ്പോൾ മണ്ണിനൊപ്പം മനസ്സും കുളിരണിയുന്ന അനുഭവത്തിനു സാക്ഷ്യമാകും.

കറിവേപ്പില ഒരു തുടക്കംമാത്രം. മനുഷ്യന്റെ സ്വപ്നങ്ങളിൽനിന്നു മണ്ണു മായാതിരിക്കാനുള്ള വിത്തുകൾ നാം പാകണം. അന്നന്നത്തെ അന്നത്തിനായി അധ്വാനിക്കാനുള്ള വിമോചന ശബ്ദം പാലസ്തീനാ കടന്നു ചുറ്റിനുമെത്തുന്നു. മണ്ണിൽ ചവിട്ടിനിന്ന് നെറ്റിയിലെ വിയർപ്പു തുടയ്ക്കാൻ കഴിയുന്ന ദിനത്തെക്കുറിച്ചുള്ള ഒരു സ്വപ്നം നമുക്കുണ്ടാകുമോ? 'സമ്പത്തുകാലത്ത് തൈ പത്തു വച്ചാൽ ആപത്തുകാലത്ത് കായ് പത്തു തിന്നാം.' മുത്തശ്ശിമാർ ഒരു ചിരിയോടെ ഈണത്തിൽ ചൊല്ലിക്കൊണ്ടു പിൻവാങ്ങുന്നു! ഏറ്റുചൊല്ലാൻ കഴിയുമോ? മാറ്റം പാട്ടിന്റെ ഈ ഈരടികൾ. ■

---

# ചുരുളി



പീറ്റർ കുരിശിങ്കൽ

**പ**ണ്ടു പണ്ട്; എന്നുവച്ചാൽ വളരെപ്പണ്ട്, വൃക്ഷലതാദികൾ പരസ്പരം സംസാരിക്കുകയും അങ്ങിങ്ങ് നടന്നുനീങ്ങുകയുമൊക്കെ ചെയ്യുമായിരുന്ന ഒരു കാലമുണ്ടായിരുന്നു.

അന്ന്;

ഒരു കാട്ടിൽ കുറെയേറെ വൃക്ഷങ്ങളുണ്ടായിരുന്നു. തേക്കും തേമ്പാവും മരുതും മണിമരുതും ചടച്ചിയും തമ്പകവുമൊക്കെ അവിടെ വളർന്ന് വന്മരങ്ങളായി നിന്നിരുന്നു. തമ്മിൽത്തമ്മിൽ വലിയ യോജിപ്പിലായിരുന്നു അവർ. പരസ്പരം തമാശകൾ പറഞ്ഞും ചിരിച്ചും, ശിഖരങ്ങൾ ആട്ടി തമ്മിൽത്തമ്മിൽ തട്ടിമുട്ടി സന്തോഷമായിട്ടങ്ങനെ കഴിഞ്ഞുവരുമ്പോൾ

ഒരുനാൾ,

ഒരു ചുരുളൻ ചുരുളി ആ കാട്ടിലേക്ക് നടന്നുവന്നു. ചുരുളൻ ചുരുളിയുടെ വരവ് കാട്ടിലെ വമ്പന്മാരായ തേക്കിനും തേമ്പാവിനുമൊന്നും ഒട്ടുംതന്നെ രസിച്ചില്ല. തേക്ക്, മറ്റു മരങ്ങളെയെല്ലാം ചേർത്തുപിടിച്ചിട്ടു പറഞ്ഞു:

''ദാ വരുന്നുണ്ട്'' അവൻ എല്ലാവരേയും തോണ്ടി വിളിച്ചിട്ട് പറഞ്ഞു:

"ദാ, ദാ, കണ്ടോ; ചുരുളന്റെ വരവ്. അവനെ നമ്മുടെ കൂട്ടത്തിൽ ചേർക്കേണ്ട."

തേമ്പാവും മരുതും മണിമരുതും ചടച്ചിയും തമ്പകവും എല്ലാവരും തേക്കിനോടു ചേർന്നു.

"അതെയതെ, വളഞ്ഞുപൊളഞ്ഞു മൊരടു പിടിച്ചവൻ. പോരാഞ്ഞിട്ട് പൊത്തും, കൂനും, അശ്രീകരം. നമുക്കവനെ കൂട്ടേണ്ട." എല്ലാവരും തേക്കിനോടു ചേർന്നുപറഞ്ഞു.

ചുരുളൻ ചുരുളി അപ്പോഴേക്കും അടുത്തെത്തി. വൃക്ഷക്കൂട്ടം കുശുകുശുക്കുന്നത് ചുരുളി കേൾക്കുന്നുണ്ടായിരുന്നു.

മരങ്ങളൊന്നും ചുരുളിയെ കണ്ടതായിപ്പോലും ഭാവിച്ചില്ല. ചുരുളിക്ക് വലിയ സങ്കടമായി. തന്റെ ദേഹം ആകെ വളഞ്ഞുപൊളഞ്ഞിരിക്കുന്നു. പോരാഞ്ഞിട്ടൊരു പൊത്തും. പണ്ട് ആരോ ഒരു കൊമ്പു വെട്ടിയതാ. അതിപ്പോൾ വെള്ളമിറങ്ങി പൂതമിച്ചു പൊത്തായി. ചുരുളന് സങ്കടം സഹിക്കാൻ കഴിഞ്ഞില്ല. ഓർത്താൽ അവന് കണ്ണീരു വരും.



കുറേക്കാലമങ്ങനെ കഴിഞ്ഞു. പെട്ടെന്നൊരു ദിവസം, കാട്ടിൽ കുറേയാളുകളെത്തി. അവരുടെ കൈയിൽ കോടാലിയും വാളും വെട്ടുകത്തിയും കയറുമൊക്കെയുണ്ടായിരുന്നു. അവർ വന്നപാടെ പണി തുടങ്ങി. എന്താ പണി? മരങ്ങളൊക്കെ മുറിക്കൽതന്നെ.

നല്ല വണ്ണത്തിൽ, ഉയരത്തിൽ നേരേ വളർന്നു നില്ക്കുന്ന മരങ്ങൾ നോക്കി ഒന്നൊന്നായി അവർ മുറിച്ചടുക്കി. തേക്കും തേമ്പാവും തമ്പകവും ഒന്നൊന്നായി അവർ മുറിച്ചു. കാട്ടിലെ മരങ്ങൾ എല്ലാം ഏതാണ്ട് തീർന്നു. ഒടുവിലാണ് പണിക്കാർ ചുരുളന്റെ അടുത്തെത്തിയത്. വെട്ടുകാരൻ ചുരുളന്റെ ചുറ്റും നടന്ന് ആകെയൊന്നു നോക്കി. എന്നിട്ടയാൾ പറഞ്ഞു:

"ഹും; ഇതൊരു പൊളവൻ മരം. ആകെ പൊത്തും മൊരടും. ഒന്നും കിട്ടില്ല. ഇതു മുറിക്കേണ്ട."

മരംവെട്ടുകാർ ചുരുളനെ വിട്ട് വളവും പുളവുമില്ലാത്ത മരം നോക്കിപ്പോയി.

ചുരുളന് ആശ്വാസമായി. അവൻ മനസ്സാ സന്തോഷിച്ചു.

"എന്റെ വളവും പൊളവും പൊത്തും മൊരടും എത്ര നന്നായി." ■

---

നുറുങ്ങുകഥ | ഉണ്ണി വാരിയത്ത്

## താലി

കലഹം മൂക്കുകയാണ്. കുടക്കടുക്കനും, ചങ്ങലയും, വളയും, മോതിരവും, കൊലുസും തമ്മിലാണ് കലഹം. ഏതിനാണു മഹത്ത്വം എന്നതാണു വിഷയം.

ആഭരണങ്ങൾ പരസ്പരം അപലപിച്ചുകൊണ്ടിരിക്കെ, ചങ്ങലയിൽ കൊരുത്ത താലി മാത്രം മൗനം ഭജിച്ചു. മൗനം വിദ്വാനു ഭൂഷണം. മാത്രമല്ല, മഹത്വത്തിന്റെ ലക്ഷണവുമാണല്ലോ.





പ്രഫ. സിജു ജോസഫ്

# ദേശേതിഹാസം അരനൂറ്റാണ്ടു പിന്നിടുമ്പോൾ

"ദൈവം സൃഷ്ടിച്ചതിനു മേൽ ഒരു മൺതരിപോലും ഉണ്ടാക്കിവയ്ക്കാൻ മനുഷ്യനു കഴിഞ്ഞിട്ടില്ല. ദൈവസൃഷ്ടിയിലെ ഒരു മൺതരിപോലും നശിപ്പിക്കാനും മനുഷ്യനു കഴിഞ്ഞിട്ടില്ല, കഴിയുകയുമില്ല. ഈശ്വരസൃഷ്ടിയിലുള്ളതിനെക്കൊണ്ട് മനുഷ്യൻ ചില കളികളെല്ലാം കളിക്കുന്നു. ആ കളിയെ നാം ജീവിതമെന്നു വിളിക്കുന്നു." ലോകസഞ്ചാരിയായ, വിവിധ ദേശങ്ങളെയും സംസ്കൃതികളെയും ജനതകളെയും അടുത്തറിഞ്ഞ ഒരെഴുത്തുകാരൻ ജീവിതത്തിനു നല്കിയ ഈ നിർവചനം എത്ര സുന്ദരവും കൃത്യതയുമാർന്നതാണ്. മനുഷ്യന്റെ നിസ്സഹായതയിലേക്കല്ല; മറിച്ച്, മനുഷ്യനും പ്രകൃതിയും ഈശ്വരനും ഒന്നുചേരുമ്പോഴുണ്ടാകുന്ന ജീവിതത്തിന്റെ യഥാർത്ഥമായ സ്വച്ഛതയിലേക്കും എന്നും നിലനില്ക്കേണ്ട ആനന്ദത്തിലേക്കുമാണ് 'ഒരു ദേശത്തിന്റെ കഥ'യിലെ കൃഷ്ണൻ മാസ്റ്റർ എന്ന കഥാപാത്രത്തിലൂടെ എസ്.കെ. പൊറ്റെക്കാട്ട് വിരൽ ചൂണ്ടുന്നത്.

അതിരാണിപ്പാടം എന്ന ഗ്രാമത്തെയും ശ്രീധരൻ എന്ന നായകനെയും മുൻനിർത്തി ആത്മാംശപ്രധാനമായ ഒരു നോവലെഴുതുക മാത്രമല്ല എസ്.കെ. പൊറ്റെക്കാട്ട് ചെയ്തത്. ജീവിതത്തെയും മരണത്തെയും സംബന്ധിച്ച കാലാതീതവും ദേശാതീതമാവുമായ ചില യാഥാർത്ഥ്യങ്ങളെ, കാലമേറുംതോറും തിളക്കമേറി വരുന്ന ഉദാത്തമായ ചില ദർശനങ്ങളെ താൻ കണ്ടറിഞ്ഞതോ കേട്ടറിഞ്ഞതോ ആയ മനുഷ്യജീവിതപരിണാമചിത്രങ്ങളോടു ചേർത്തുവച്ചപ്പോൾ ഇതിഹാസം എന്നു വിശേഷിപ്പിക്കാവുന്ന മനോഹരമായൊരു നോവൽ മലയാളത്തിനു സമ്മാനിക്കുകയാണ്. 'അതിരാണിപ്പാട'ത്തെ പഴയ കൗതുകവസ്തുക്കൾ തേടിയലഞ്ഞ പരദേശിയായ ആ മനുഷ്യൻ ചെയ്തത്.

അരനൂറ്റാണ്ടിനുശേഷവും ഈ നോവലെടുത്തുവച്ചു വായിക്കുമ്പോൾ അതിരാണിപ്പാടമെന്ന ഗ്രാമത്തിന്റെ സൗന്ദര്യത്തെക്കാൾ അനുവാചകമനസ്സിൽ ഊർജവും വെളിച്ചവുമായി മാറുന്ന ആഴമേറിയ ചില ചിന്തകളുടെ സാന്നിധ്യമാണ് ഈ നോവലിനു ഇതിഹാസമാനം നല്കുന്നത്.

"ശ്രീധരാ, ജീവിതം വഴിപിഴച്ചു വഷളാവാൻ തെറ്റുകൾ എമ്പാടും വേണമെന്നില്ല. ചിലപ്പോൾ ഒരൊറ്റത്തെറ്റുമതി.'' സ്വയംമറന്നാഘോഷിച്ച യൗവനത്തിന്റെ കുതിപ്പുകൾക്കിടയിൽ എപ്പോഴോ പിടികൂടിയ രോഗത്തിന്റെ കഠിനവേദനകളിൽ കാലമേറെ താണ്ടിയ ഗോപാലേട്ടൻ എന്ന കഥാപാത്രത്തിന്റെ വാക്കുകളാണിത്. എട്ടാംക്ലാസുവരെ മാത്രം വിദ്യാഭ്യാസമുണ്ടായിരുന്ന, മരപ്പണിക്കാരനായിരുന്ന ഒരു മനുഷ്യനിൽ നിന്നെങ്ങനെയാണ് ചിന്തയുടെ ആകാശം തൊടുന്ന ഇത്തരം വാക്കുകൾ പ്രവഹിക്കുന്നത്? രോഗത്തിന്റെ ദീർഘകാലതപസ്യയിൽ മനുഷ്യൻ ആർജിച്ചെടുക്കുന്ന ആത്മജ്ഞാനത്തിന്റെ വെളിച്ചമല്ലാതെ മറ്റെന്താണു നമുക്കിവിടെ കാണാനാവുന്നത്! പ്രപഞ്ചത്തിലെ ജീവജാലങ്ങളെല്ലാം ഭ്രമണാത്മകമായ ഒരേ ആത്മശക്തിയിൽപ്പെട്ട അണുക്കളാണെന്നും വാക്കുകൊണ്ടോ ചിന്തകൊണ്ടോ കർമംകൊണ്ടോ മറ്റൊരുവനു നേർക്കു നാമെറിയുന്ന ആയുധം ലക്ഷ്യം കണ്ടാലുമില്ലെങ്കിലും ഒരിക്കൽ നമ്മുടെ നെഞ്ചിൽത്തന്നെ തിരിച്ചെത്തുമെന്നും അജ്ഞാതമായ ആ ശക്തിക്കുമുന്നിൽ നാം നിസ്സഹായരാണെന്നും ഇതേ കഥാപാത്രത്തിലൂടെ നോവലിസ്റ്റ് നമ്മെ ഓർമിപ്പിക്കുന്നുണ്ട്.



എസ്. കെ. പൊറ്റെക്കാട്ട്

അതിരാണിപ്പാടത്തെ അജ്ഞാതരായ ചില വഴിപോക്കരിൽപ്പോലും ജീവിതസത്യങ്ങൾ വാറ്റിയെടുത്ത ചെറുമൊഴികളുടെ വീര്യം പൊറ്റെക്കാട്ട് വേണ്ടുവോളം നിറച്ചിട്ടുണ്ട്. "കടലുപോലെ കിടന്നിരുന്ന ഒരു തറവാടു മുഴുവനും കുടിച്ചു വറ്റിച്ച മദ്യപ്പിശാചാണ് ആ പോകുന്നത്" എന്ന് പ്രതാപിയായിരുന്ന കേളഞ്ചേരി കുഞ്ഞിക്കേളു മേലാനെ നോക്കി പിറുപിറുക്കുന്നത് നോവലിലെ പേരില്ലാത്ത ഏതോ ഒരു കഥാപാത്രമാണ്. ആളും അകമ്പടിക്കാരും ആഘോഷങ്ങളുമായി നാടിളക്കി മറിച്ചിരുന്ന ഒരു മനുഷ്യനെ റിക്ഷാക്കൂലിപോലും കൊടുക്കാൻ നിവൃത്തിയില്ലാതെ മുഷിഞ്ഞ വസ്ത്രവുമായി തെരുവിൽ നിർത്തുന്ന മദ്യത്തിന്റെ 'മാജിക്' കണ്ടിട്ടാവണം മഹാലക്ഷ്മി വിലാസം ഹോട്ടലിലെ മദ്യവിരുന്നിന്റെ പ്രലോഭനങ്ങളിൽനിന്ന് ശ്രീധരൻ എന്നേക്കുമായി അകന്നുമാറാൻ തീരുമാനിച്ചത്.

ശുദ്ധപ്രണയത്തിന്റെയും പകയുടെയോ സ്വാർത്ഥതയുടെയോ വിഷമേശാത്ത വേർപിരിയലുകളുടെയും നിശ്ശബ്ദമുഹൂർത്തങ്ങൾ ശ്രീധരന്റെ ജീവിതത്തിൽ അനുവാചകർക്കു കാണാനാവും. അതിരാണിപ്പാടത്തെ വഴിയരികിലുണ്ടായിരുന്ന ഓലക്കുടിലിൽ കഴിഞ്ഞിരുന്ന, നോട്ടുബുക്കുനിറയെ കവിതകളെഴുതുമായിരുന്ന അമ്മുക്കുട്ടിയും പാതിതളർന്ന ശരീരവും തെല്ലുപോലും മങ്ങലേൽക്കാത്ത ചിരിയുമായി പഴമ്പായയിൽ കിടന്നിരുന്ന നാരായണിയും ഉത്തര സ്വിറ്റ്സർലണ്ടിലെ മഞ്ഞുമലനിരകളിൽവച്ചു ശ്രീധരൻ പരിചയപ്പെട്ട എമ്മ എന്നു പേരുള്ള ജർമൻകാരിയും 'ഒരു ദേശത്തിന്റെ കഥ'യിലെ വ്യത്യസ്തമായ മൂന്നു പ്രണയപാഠങ്ങളാണ്.

ആരുമറിയാതെ അമ്മുക്കുട്ടി നോട്ടുബുക്കിൽ കുറിച്ചിട്ട കവിതകൾ ശ്രീധരൻ ആദ്യമായി കാണുന്നത് അവൾ മരിച്ചതിനു ശേഷമാണ്. ഇഷ്ടത്തെ തുറന്നു പറയാൻ നാണിച്ചും പേടിച്ചും അകന്നും മറന്നെന്നു ഭാവിച്ചും വർഷം പിന്നിട്ടവർ. അവളെയോർത്ത് ശ്രീധരനെഴുതിയ ദുഖാത്മകമായ പ്രേമഗാനങ്ങളത്രയും മരണമേല്പിക്കുന്ന ശൂന്യതയെ മറികടന്നുള്ള മനസ്സിന്റെ സർഗ്ഗസ്പന്ദനങ്ങളായിവേണം കരുതാൻ.

"അപ്പേട്ടാ, നമ്മുടെ വിരുന്നുകാരന് പേരയ്ക്കാ പറിച്ചുകൊടുക്ക്" നിലത്തുവിരിച്ച പഴമ്പായയിൽനിന്നു കേട്ടിരുന്ന സ്നേഹമൂറുന്ന മൊഴികൾ നാരായണിയുടെ കുഴിമാടത്തിനരികെ നില്ക്കുമ്പോഴും ശ്രീധരന്റെ മനസ്സിൽ മുഴങ്ങുന്നു. ചങ്ങാതിയായ അപ്പുവിന്റെ അനുജത്തിയായിരുന്നു നാരായണി ഒരു പൊൻകിനാവായിരുന്നു അവൾ. എന്നും കിനാക്കൾക്ക് മരണമില്ലെന്നും ചിന്തിച്ച് വ്യഥയടക്കാൻ ശ്രമിക്കുന്ന ശ്രീധരനെക്കൊണ്ട് കുഴിമാടത്തിനുമുന്നിൽ നിർത്തിക്കൊണ്ടുതന്നെ പൊറ്റെക്കാട്ട് ആ കനിയൂട്ടുന്നു.

ഭാഷയുടെയും ദേശത്തിന്റെയും സംസ്കാരത്തിന്റെയും അതിരുകളെ കുലീനമായ പ്രണയാക്ഷരങ്ങളാൽ മായിച്ചുകളഞ്ഞവൾ, ഒരിക്കൽ തിരിച്ചുപോകേണ്ടവനാണെന്നറിഞ്ഞിട്ടും ശ്രീധരനൊപ്പം ബേയൻസ് തടാകക്കരയിലൂടെയും മഗ്നോളിയാ മരങ്ങൾക്കിടയിലൂടെയും ഇന്ത്യയെയും ഇന്ത്യൻ സാഹിത്യത്തെയുംപറ്റി വാതോരാതെ വർത്തമാനം പറഞ്ഞിരുന്നവൾ, 'ലോകത്തിലെ സകല ഗ്രന്ഥങ്ങളും നശിച്ചാലും ദൈവമേ, ശാകുന്തളം നശിക്കരുതേ' എന്നു പ്രാർത്ഥിച്ച ജർമൻ കവിയുടെ മനസ്സിനൊപ്പം നിന്നവൾ ഒടുവിൽ ഒടുവിൽ ഒരു കൈകൊണ്ടു ശ്രീധരന്റെ കൈയിലെ പെട്ടികൾ തട്ടിത്തെറിപ്പിച്ച് മറ്റേ കൈകൊണ്ട് അവനെ തടഞ്ഞു പോകരുതേ എന്നു വിലപിച്ചവൾ... എന്നിട്ടും എമ്മ എന്ന പെൺകിടാവിന്റെ സ്നേഹത്തെ എന്തുകൊണ്ടായിരിക്കും ശ്രീധരൻ അവഗണിച്ചത്? അവന്റെ മനസ്സിൽ ആ നിമിഷം വലിയൊരു താരതമ്യം നടക്കുന്നു. ജങ്ഫ്രോഗിരിയും സഹ്യാദ്രിയും കൂർത്ത മേൽപ്പുരയോടുകൂടിയ പള്ളികളും പൊൻതാഴികക്കുടമണിഞ്ഞ അമ്പലങ്ങളും ആപ്പിൾത്തോപ്പുകളും തെങ്ങിൻ തോപ്പുകളും ആർനദിയും ഭാരതപ്പുഴയും... ദേശസ്വത്വത്തിന്റെ അടരുകളെ പറിച്ചെറിയാൻ കഴിയാത്ത ഒരു മനസ്സായതുകൊണ്ടാവാം എമ്മയുടെ പ്രണയത്തെ ശ്രീധരന് നിരാകരിക്കേണ്ടിവന്നത്.

Still Remem-bering you-Emma എന്ന ഒറ്റ വരിയുള്ള കത്ത് നാട്ടിലെത്തുമ്പോഴും അയാളതിനെ അവഗണിക്കുന്നു. മാഹിയിൽ ശ്രീകൃഷ്ണക്ഷേത്രത്തിനടുത്ത്, കരിനീലത്തലമുടിക്കു കറുത്തവിരിഞ്ഞ മിഴികളുമുള്ള ഒരു തനി മലയാളിപെൺകിടാവിനെ വധുവായി സ്വീകരിക്കുന്നതിന്റെ തലേരാത്രി ശ്രീധരൻ ആ കത്ത് ചാമ്പലാക്കുന്നു. ഒത്തുചേരലുകളും ഒഴിഞ്ഞുകൊടുക്കലുകളും അകന്നുമാറലുകളും തെറ്റിപ്പിരിയലുകളുമെല്ലാം ചേർന്ന ബഹളമയമായ ഒരു തെരുവാണ് ജീവിതം എന്നുകൂടി 'ഒരു ദേശത്തിന്റെ കഥ' സാക്ഷ്യപ്പെടുത്തുന്നു.

ആഖ്യാനം ചെയ്യപ്പെട്ട കാലത്തിന്റെ സാമൂഹിക യാഥാർത്ഥ്യങ്ങളോടും പാരിസ്ഥിതിക പരിണാമങ്ങളോടും നീതിപുലർത്തുന്നു എന്നതാണ് ഈ നോവലിന്റെ മറ്റൊരു സവിശേഷത മാപ്പിളക്കലാപവും ദേശീയപ്രക്ഷോഭവുമെല്ലാം അതിന്റെ തീവ്രസംഘർഷങ്ങളോടെതന്നെ നോവലിൽ ചിത്രീകരിക്കുന്നു. സ്വാതന്ത്ര്യസമരത്തെ 'ഗാന്ധിപ്പിരാന്ത്' എന്നു പരിഹസിച്ചവരെയും ഗാന്ധിയെച്ചൊല്ലി മർദനമേറ്റു മരിച്ചവരെയും അതിരാണിപ്പാടത്തു കാണാം.

അതിരാണിപ്പാടത്തെ കാളികൂളി പ്രേതപിശാചുക്കളുടെയും യക്ഷികളുടെയും ആവാസകേന്ദ്രമായിരുന്ന പൂതപ്പറമ്പ് പിന്നീടു വെള്ളപ്പട്ടാളക്കാരുടെ പരിശീലനകേന്ദ്രവും ഗോൾഫ് കളിയുടെ മൈതാനവുമായി മാറുന്നു. മഴക്കാലരാത്രികളിൽ അതിരാണിപ്പാടത്തു മുഴങ്ങിയിരുന്ന തവളകളുടെ പാട്ടുകച്ചേരികൾ എന്നോ നിലച്ചുപോയി. ആ ഭേകഭാഗവതർമാരെല്ലാം ഐസുകുപ്പായമിട്ട് സായിപ്പിന്റെ തീൻമേശയിലെത്തി ഡോളറുകളായി തിരിച്ചെത്തുന്നു. പൈതൃകത്തെയും വിഭവങ്ങളെയും സായിപ്പിന്റെ മുന്നിൽ പരിചയപ്പെടുത്തുന്ന ഈ സാമ്പത്തികശാസ്ത്രത്തിന്റെ വിനാശം തിരിച്ചറിഞ്ഞതുകൊണ്ടാണ് 'കേരളത്തിൽ നിന്ന് അമേരിക്കയിലേക്ക് കയറ്റിയയച്ച തവളക്കാലുകളുടെ എണ്ണം എത്ര" എന്ന വിചിത്രമായ ചോദ്യം എം.പി. കൂടിയായ ശ്രീധരന് പാർലമെന്റിൽ ഉന്നയിക്കേണ്ടിവന്നത്. വെള്ളവും കടൽത്തീരവും പുഴയും പാറയും മണ്ണും മരങ്ങളുമെല്ലാം വിറ്റുതുലയ്ക്കാൻ ഭരണ-ഉദ്യോഗസ്ഥവൃന്ദം മത്സരിക്കുന്ന വർത്തമാനകേരളത്തെ ഇരുത്തിച്ചിന്തിപ്പിക്കുന്ന ഒട്ടേറെ പാരിസ്ഥിതിക പാഠങ്ങൾ 'ഒരു ദേശത്തിന്റെ കഥ'യിലുണ്ട്.




അതിരാണിപ്പാടം എന്ന ദേശത്തിന്റെ മാത്രം കഥയല്ല ഈ നോവൽ. ശ്രീധരനും കൃഷ്ണൻമാസ്റ്ററും വേലു മൂപ്പരും ശകുനിക്കമ്പൗണ്ടരും മീശക്കാരനും കുടക്കാൽബാലനും നാരായണിയും അമ്മുക്കുട്ടിയും എമ്മയുമെല്ലാം വാസ്തവത്തിൽ ആരാണ്? ഈശ്വരൻ ഉണ്ടാക്കിവച്ചതിനുമേൽ ഏതൊക്കെയോ ലീലകൾ; ധർമാധർമങ്ങളുടെയോ സുഖദുഃഖങ്ങളുടെയോ ത്യാഗഭോഗങ്ങളുടെയോ ഭിന്നകേളികളാടുന്ന നരജീവിതപരിണാമത്തിന്റെ അനശ്വരമൂർത്തികൾ. അതുകൊണ്ടുതന്നെയാണ് ജ്ഞാനപീഠലബ്ധിയാൽ ഈ നോവലും എഴുത്തുകാരനും ആദരിക്കപ്പെട്ടത്. ■

സിനിമ

# ഭീമന്റെ വഴികൾ



ഉമ അഭിലാഷ്

മലയാളിയുടെ ഒരു പൊതുസ്വഭാവമാണ് ഏതു കാര്യത്തിനും രണ്ടഭിപ്രായം പറയുകയെന്നത്. ഏതു നല്ല കാര്യത്തിനിറങ്ങിയാലും എതിർപ്പുകളുണ്ടാവും. എങ്ങനെയെങ്കിലും അക്കാര്യം നടത്താതിരിക്കാൻ പാരപണിയുകയെന്നതു തൊഴിലാക്കിയവരും ധാരാളം. പക്ഷേ, ചിലർ തീരുമാനിച്ചാൽ അത് തീരുമാനിച്ചതുതന്നെ. അങ്ങനെയൊരു ഉദ്യമത്തിന്റെ കഥയാണ് ചെമ്പൻ വിനോദിന്റെ രചനയിൽ അഷ്റഫ് ഹംസ സംവിധാനം ചെയ്ത 'ഭീമന്റെ വഴി' എന്ന പുതിയ സിനിമ.



പേരു സൂചിപ്പിക്കുന്നതുപോലെതന്നെ ഒരു വഴിയാണ് ചിത്രത്തിലെ പ്രധാന കഥാപാത്രം. കേരളത്തിലെ പല സ്ഥലങ്ങളിലും നമുക്കു കണ്ടുപരിചയമുള്ള കാഴ്ചകളാണ് ഇടവഴികളും അതു വികസിപ്പിക്കാൻ നടക്കുന്ന കുറച്ചു നാട്ടുകാരും സ്ഥലം വിട്ടുകൊടുക്കാൻ തയ്യാറാവാത്ത അയൽവാസികളും. അതുകൊണ്ടുതന്നെ ഭീമന്റെ വഴിയിൽ കാണുന്ന കാഴ്ചകൾ പ്രേക്ഷകന്റെതന്നെ കാഴ്ചകളും അനുഭവങ്ങളുമാണ്. ഒരു നാട്ടിൻപുറത്തെ റെയിൽവേ ലൈനിനോടു ചേർന്നു താമസിക്കുന്ന കുറച്ചു സാധാരണക്കാരുടെ വീടുകളിലേക്കുള്ള വഴിയുടെ നിർമാണവുമായി ബന്ധപ്പെട്ടാണ് ചിത്രം മുന്നോട്ടുനീങ്ങുന്നത്. റെയിൽവേ ട്രാക്കിനോടു ചേർന്നുകിടക്കുന്ന ഈ വഴിയാണ് സിനിമയിലെ കഥാപാത്രങ്ങളെയും അവരുടെ ജീവിത പരിസരങ്ങളെയും കൂട്ടിയിണക്കുന്നത്.

നായകനായ കുഞ്ചാക്കോ ബോബന്റെ ഇതുവരെ കാണാത്ത ഒരു കഥാപാത്രമാണ് ഈ സിനിമയിലെ ഭീമൻ. മലയാള സിനിമയുടെ സ്ഥിരം കാഴ്ചയായ സൽഗുണസമ്പന്നനായ നായകനെയല്ല ഈ സിനിമയിൽ കാണുന്നത്. അത്യാവശ്യം തരികിട പരിപാടികളെല്ലാം ഭീമന്റെ കൈയിലുണ്ട്. ലക്ഷ്യം സാധിച്ചെടുക്കാൻ അതുവരെ ചെയ്തതിൽനിന്ന് ഒന്നു വഴി മാറ്റിപ്പിടിപ്പിക്കുന്നുമുണ്ട് ഭീമൻ. ഭീമന്റെ അമ്മ ഒന്നു വീഴുന്നതും പരിക്കുപറ്റിയ അമ്മയെ ഹോസ്പിറ്റലിൽ എത്തിക്കാൻ ശ്രമിക്കുമ്പോൾ ഇടുങ്ങിയ വഴിയുണ്ടാക്കുന്ന ബുദ്ധിമുട്ടുകളുമാണ് വണ്ടി മുറ്റത്തുവരുന്ന വഴിയെന്ന ചിന്തയിലേക്ക് ഭീമനെ കൊണ്ടുചെന്നെത്തിക്കുന്നത്.

വീടു വിൽക്കുമ്പോൾ നല്ല പൈസ കിട്ടുമെന്ന ചിന്തയും വിവാഹം കഴിക്കുമ്പോൾ കൂടുതൽ സ്ത്രീധനത്തുക ലഭിക്കണമെന്ന സ്വാർത്ഥതയുമാണ് വഴിക്കുവേണ്ടി മുന്നിട്ടിറങ്ങാൻ അയാളെ പ്രേരിപ്പിക്കുന്നതെന്ന് ഭീമൻ മറച്ചുവയ്ക്കുന്നില്ല. നായകന്റെ ഹീറോയിസം കണ്ടു ഭ്രമിച്ചു പിറകേ നടക്കുന്ന നായികയെയും ഈ സിനിമയിൽ കാണാൻ കഴിയില്ല. ഒരു കുഞ്ഞു കഥയെ അധികം വലിച്ചുനീട്ടാതെ അവതരിപ്പിച്ചിരിക്കുന്നു എന്നതുതന്നെയാണ് പ്രധാന പ്ലസ് പോയിന്റ്. കൂടാതെ, കാഴ്ചക്കാരുടെ കൗതുകത്തെ ഇടമുറിയാതെ നിലനിർത്താനും സിനിമയ്ക്കു കഴിയുന്നുണ്ട്.

അഷ്റഫ് ഹംസ എന്ന സംവിധായകന്റെ ആദ്യസിനിമയായ 'തമാശ' പോലെതന്നെ വ്യക്തിത്വമുള്ള നായക കഥാപാത്രങ്ങൾ ഈ സിനിമയുടെ പ്രത്യേകതയാണ്. നായിക എന്നാൽ വെളുത്തതും മെലിഞ്ഞതും നായകന്റെ പിറകേ പാട്ടും പാടി ഓടുന്നവളുമാകണമെന്ന സ്ഥിരം ക്ലീഷേ മലയാളസിനിമയിൽ മാറിവരുന്നത് പ്രതീക്ഷ നൽകുന്നതാണ്. പ്രതിനായകവേഷത്തിലെത്തുന്ന ജിനോ ജോൺ മലയാള സിനിമയിലെ വില്ലന്മാരുടെ മുൻനിരയിലേക്ക് എത്തിയെന്നുതന്നെ പറയാം. അത്ര വ്യത്യസ്തമാണ് ജിനോയുടെ വില്ലൻകഥാപാത്രം. തന്റെ പതിവു വേഷങ്ങളിൽനിന്നു വ്യത്യസ്തമായി ഒരു ഒറ്റമുണ്ടും ഉടുത്ത് ജിനു ജോസഫ് ഈ സിനിമ അയാളുടേതാക്കി മാറ്റി. ബിനു പപ്പുവിന്റെ മുഴുക്കുടിയൻ കഥാപാത്രവും ശ്രദ്ധേയമാണ്. കുറച്ചു രംഗങ്ങളിൽ മാത്രമേ ഉള്ളൂവെങ്കിലും സുരാജ് വെഞ്ഞാറമൂട് സ്ക്രീനിൽ വരുമ്പോഴെല്ലാം തീയറ്ററിൽ ചിരി നിറയുന്നുണ്ട്. ഓരോ കഥാപാത്രവും ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്നൊരു സിനിമ. അഷറഫ് ഹംസയുടെ ആദ്യ സിനിമയുടെ വിജയം യാദൃച്ഛികമല്ലായെന്ന് ഈ സിനിമയിലൂടെ തെളിയിക്കുന്നു.


ചെമ്പൻ വിനോദ്, വിൻസി, ചിന്നു, ശബരീഷ് വർമ, നസീർ സംക്രാന്തി എന്നിവരെല്ലാം ഭീമന്റെ വഴിയിൽ വ്യക്തമായ ഇടമുള്ളവരാണ്. ഗിരീഷ് ഗംഗാധരന്റെ ഛായാഗ്രഹണവും വിഷ്ണു വിജയിന്റെ സംഗീതവും മികച്ചുനിൽക്കുന്നു.

സ്വാഭാവികകാഴ്ചകളാണ് ഭീമന്റെ വഴിയിലുള്ളത്. പലതരം ജീവിതങ്ങളെ അവിടെക്കാണാം. വ്യത്യസ്തരായ മനുഷ്യരെ ഭീമൻ ഈ വഴിയിൽ ഒന്നിച്ചുകൂട്ടുന്നു. രണ്ടു മണിക്കൂർ മറ്റൊന്നും ചിന്തിക്കാതെ ഒരു ഗ്രാമത്തിന്റെ വഴിയിൽ കണ്ണും നട്ടിരിക്കാൻ പ്രേക്ഷകരെ പ്രേരിപ്പിക്കുന്ന ഒരു നല്ല ഫീൽ ഗുഡ് മൂവി. ഭീമന്റെ വഴി കാഴ്ചക്കാരുടെകൂടി വഴി ആകുന്നതുതന്നെയാണ് ഈ സിനിമയുടെ വിജയവും.

# ബൈബിൾ ടാബ്ലോയുടെ സ്മരണയിൽ ബാബു പാലാ

ജൂബിലിത്തിരുനാൾ എന്ന വാക്കുകേട്ടാൽ മാത്രം മതി, പാലാക്കാരുടെ മനസ്സിൽ ഒരു വർണപ്രപഞ്ചം വിരിയുകയായി. അതിൽ വാദ്യമേളങ്ങളുണ്ട്; കൊടിതോരണങ്ങളുണ്ട്, ദീപാലങ്കാരങ്ങളുണ്ട്. സർവ്വോപരി, തങ്ങളുടെ അമ്മയായ പരിശുദ്ധ ദൈവമാതാവിനെ തോളിലേറ്റി, വർണക്കുടകളുടെയും പൊൻ-വെള്ളിക്കുരിശുകളുടെയുമൊക്കെ അകമ്പടിയോടെയുള്ള പട്ടണപ്രദക്ഷിണമുണ്ട്. പാലാ ജൂബിലിത്തിരുനാളിലെ ഒരു പ്രധാന മത്സരയിനമാണ് ടാബ്ലോ. ബൈബിൾവിഷയങ്ങൾ പ്രമേയമാക്കിയുള്ള നിശ്ചലദൃശ്യം. കഴിഞ്ഞ മുപ്പതു വർഷമായി ഈ ടാബ്ലോ മത്സരത്തിലെ സജീവസാന്നിധ്യമാണ് ബാബു പാലാ എന്ന വെളുത്തേടത്തുപറമ്പിൽ ബാബു.

1983 ൽ ഈശോയുടെ ജ്ഞാനസ്നാനത്തെ ഓർമിപ്പിച്ചുകൊണ്ടായിരുന്നു ബൈബിൾ ടാബ്ലോയുടെ തുടക്കം. മുപ്പതു വർഷവും വിജയം കരസ്ഥമാക്കിയ ബാബുവും ടീമും കഴിഞ്ഞ 25 വർഷം തുടർച്ചയായി ഒന്നാം സ്ഥാനവും ട്രോഫിയും ക്യാഷ് അവാർഡും നിലനിർത്തിപ്പോരുന്നു.



ബാബു വെളുത്തേടത്തുപറമ്പിൽ

ഓരോ വർഷവും പഴയനിയമവും പുതിയനിയമവും മാറിമാറി അവലംബിച്ചുകൊണ്ട് പ്രമേയം വ്യത്യസ്തമാക്കുവാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിക്കുന്നു. ഒരു മത്സരം കഴിയുമ്പോൾത്തന്നെ അടുത്ത വർഷത്തെ തീം മനസ്സിൽ ഉരുത്തിരിഞ്ഞിരിക്കും.

മാതാവിനോടുള്ള ഭക്തിയാൽ 101 ദിവസം നോമ്പെടുത്താണ് ഓരോ മത്സരത്തിനും ഒരുങ്ങുന്നത്. ഒരു തവണ യേശുവിനെ അവതരിപ്പിക്കുന്നതിനായി മുന്നൂറു ദിവസം നോമ്പുനോറ്റ് ദീക്ഷ എടുക്കുകയുണ്ടായി. മൂന്നുതവണ മരണവക്ത്രത്തിൽനിന്നു രക്ഷപ്പെടുത്തിയത് കുരിശുപള്ളിമാതാവാണെന്നു ബാബു ഉറച്ചുവിശ്വസിക്കുന്നു. കഴിഞ്ഞ രണ്ടു വർഷമായി കൊവിഡ് സൃഷ്ടിച്ച പ്രതിസന്ധിയിൽ ടാബ്ലോ മത്സരം നിലച്ചത് ബാബുവിന്റെ ഒരു സ്വകാര്യദുഃഖമാണ്. കൊവിഡ് കാലഘട്ടത്തിൽ യു ട്യൂബിൽ ഒരു മണിക്കൂർ ദൈർഘ്യമുള്ള 'മിഴിനീർപ്പൂവ്' എന്ന ടെലിഫിലിം ബാബു സംവിധാനം ചെയ്യുകയുണ്ടായി.

പാലാ അമലോദ്ഭവത്തിരുനാളിനോടനുബന്ധിച്ച് ബാബു പാലാ പരിശുദ്ധ മാതാവിനെക്കുറിച്ചു നിർമിച്ച 'പാലാ തൻ അമ്മ' എന്ന വീഡിയോ സോങ് പാലാ രൂപതമെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട് പ്രകാശനം ചെയ്തു. മോൺ. ഡോ. ജോസഫ് മലേപ്പറമ്പിൽ, സന്തോഷ് മരിയസദനം, സന്മനസ്സ് ജോർജ് എന്നിവർ ബാബു പാലായ്ക്ക് ആശംസകൾ അർപ്പിച്ചു. നിഖിൽ സെബാസ്റ്റ്യൻ, അജേഷ് എന്നിവർ സന്നിഹിതരായിരുന്നു.




*പാലാ അമലോദ്ഭവത്തിരുനാളിനോടനുബന്ധിച്ച് ബാബു പാലാ പരിശുദ്ധ മാതാവിനെക്കുറിച്ചു നിർമിച്ച 'പാലാതൻ അമ്മ' എന്ന വീഡിയോ സോങ്ങിന്റെ പ്രകാശനം മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിക്കുന്നു.*

പാലാ സെന്റ് ജോർജ് ളാലം പുത്തൻപള്ളി ഇടവകാംഗമാണ് ബാബു. പി.റ്റി. ആന്റണി, പൊന്നമ്മ ആന്റണി എന്നിവരാണ് മാതാപിതാക്കൾ. ഭാര്യ ബിനു. മക്കൾ: അഖിൽ ബാബു, അജയ് ബാബു, അന്നു മരിയ ബാബു.

*ജോസഫ് കുമ്പുക്കൻ*

RNI No : 16998/68
Vol. 54 No. 37 Date of Publication 9 December 2021
Annual Subscription Rate ₹300 (For Abroad ₹ 3000)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment

THE SCHOOL OF HAPPINESS

# The School of Happiness

Counselling and Psychotherapy Institute, Mundakkayam

(Affiliated to The State Resource Centre Kerala, Govt. of India)

1 Year PG Diploma in Counselling Psychology (Qualification - Degree)

6 Months Certificate Course in Counselling Psychology (Qualification +2)

SRC COMMUNITY COLLEGE

- Certificate Course in various Psychotherapies (Online & Offline with residential facility)
- We offer Counselling service to Individuals and families (Online & offline)
- Career Guidance and Counselling to Parents, Students, Teachers and Job Seekers

Classes are handled by qualified subject experts

An Initiative under The St. Joseph Capuchin Province, Kottayam

THE SCHOOL OF HAPPINESS

Post Box No. 18, Mundakkayam, Kottayam Dt. - 686 513
info@tsohkottayam.com, www.tsohkottayam.com
More details contact: 9207825507, 9495915740




ടേസ്റ്റിറ്റ്
മൈക്രോഫിൽറ്റർ ചെയ്ത
ശുദ്ധമായ നാടൻ വെളിച്ചെണ്ണ

KTS PRODUCTS

ISO 9001-2008
Certified Company

കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം
www.tastitcoconutoil.com
E-mail: kunneloilmils@yahoo.com
Customer Care No: 04822262835

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ
അതിവിശാലമായ ഷോറൂം..!



മൂഴയിൽ
ജൂവലറി

മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:
മൂഴയിൽ ബാങ്കേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ.
ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

കൊറ്റത്തിൽ ആയുർവ്വേദ
ഹോസ്പിറ്റൽ



ചപ്പാത്ത്-അയർക്കുന്നം, കോട്ടയം
Phone: 0481-2545588, 9447054461

E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ-റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org